**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി XIV

## ആഭ്യന്തരകാര്യങ്ങൾ

2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

2012 ജൂലൈ 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി XIV

## ആഭ്യന്തരകാര്യങ്ങൾ

2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

1137/2012.

ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XIV
## ആഭ്യന്തരകാര്യങ്ങൾ

(2011-2013)

ഘടന

ചെയർമാൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ
,, പി. സി. ജോർജ്
,, റ്റി. എ. അഹമ്മദ് കബീർ
,, കോടിയേരി ബാലകൃഷ്ണൻ
,, സി. ദിവാകരൻ
,, മാത്യു റ്റി. തോമസ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, രമേശ് ചെന്നിത്തല
,, കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
ശ്രീമതി കെ. ലൈലാ ബീവി, അഡീഷണൽ സെക്രട്ടറി
ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV (2011-2013)-ന്റെ ചെയർമാനായ ഞാൻ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ ഒന്നാമത് റിപ്പോർട്ട് 26-9-2011-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നതും II,III,IV,XII,XIII,XIV,XXIII,XXIV,XXV എന്നീ ധനാഭ്യർത്ഥനകളിന്മേലുള്ളതുമായ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികൾ 22-2-2012, 23-7-2012 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകൾക്ക് സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ പ്രസ്തുത റിപ്പോർട്ടിലെ ഇനിയും മറുപടി ലഭിക്കാനുള്ള ശുപാർശയുടെ വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു.

2012 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഉമ്മൻ ചാണ്ടി,**

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2012 ജൂലൈ, 24.

# റിപ്പോർട്ട്

## ഭാഗം I

2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന നമ്പർ II

ശുപാർശ

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

അതിഥി സൽക്കാര ചെലവിന് 2010-11 സാമ്പത്തികവർഷത്തിൽ വകയിരുത്തിയ അതേ തുകയാണ് നടപ്പു സാമ്പത്തികവർഷത്തിലും വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 6,00,000 രൂപാ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ അതിഥി സൽക്കാര ചെലവിന് 20,00,000 രൂപ വകയിരുത്തിയിരുന്നു. ഉപധനാഭ്യർത്ഥന വഴി 5 ലക്ഷം രൂപ നേടി. ഇതിൽ നിന്നും 24,79,386 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ2/2011/പൊ.ഭ.വ. തീയതി 2-6-2012)

ശുപാർശ

2013-00-108-99—സഞ്ചാര ചെലവുകൾ

കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച 1,20,00,000 രൂപ തികയാത്തതിനാൽ ഉപധനാഭ്യർത്ഥന വഴി 10,00,000 രൂപ കൂടി അനുവദിച്ചിരുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

യാത്രാ ചെലവിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 1,35,00,000 രൂപ വകയിരുത്തിയിരുന്നു. ഇതു തികയാതെ വന്നപ്പോൾ ഉപധനാഭ്യർത്ഥന വഴി 30,00,000 രൂപയും നേടി. ഇതിൽ നിന്നും 1,63,64,692 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ2/2011/പൊ.ഭ.വ. തീയതി 2-6-2012)

ശുപാർശ

2013-00-800-9999—മറ്റ് ചെലവുകൾ—ഓഫീസ് ചെലവുകൾ

മന്ത്രിമാരുടെ ഓഫീസ് ചെലവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 37,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

മന്ത്രിമാരുടെ ഓഫീസ് ചെലവുൾപ്പെടെയുള്ള മറ്റ് ചെലവിനത്തിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് 1,40,00,000 രൂപ വകയിരുത്തിയിരുന്നു. കൂടാതെ ധന പുനർവിനിയോഗം വഴി (45,00,000 രൂപയും അധിക ധനാനുമതി വഴി 20,00,000 രൂപയും) നേടി. ഇതിൽ നിന്നും 2,03,81,097 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ2/2011/പൊ.ഭ.വ. തീയതി 2-6-2012)

ശുപാർശ

2013-00-800-97—എം.പി.മാരുടെ സമ്മേളനം സംബന്ധിച്ചുള്ള ചെലവുകൾ

04—യാത്രചെലവുകൾ

എം.പി.മാരുടെ സമ്മേളനം സംബന്ധിച്ചുള്ള യാത്രാചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആകയാൽ 60,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

എം.പി.മാരുടെ സമ്മേളനം സംബന്ധിച്ച യാത്രാചെലവിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 5,00,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും സെക്രട്ടേറിയറ്റ് പൊതു സർവ്വീസിലെ ISWC യിലെ യാത്രാചെലവിലേക്ക് 40,000 രൂപയും മന്ത്രിസഭയുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റിലേക്ക് 1,90,000 രൂപയും വക മാറ്റി.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ2/2011/പൊ.ഭ.വ. തീയതി 2-6-2012)

ശുപാർശ

2013-00-800-98-24—സാധനസാമഗ്രികൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഇതിലേക്കായി 75,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 15,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. അധിക ധനാനുമതി വഴി 70,00,000 രൂപ നേടി. ഇതിൽ നിന്നും 85,00,000 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ2/2011/പൊ.ഭ.വ. തീയതി 2-6-2012)

ശുപാർശ

2013-00-800-98-34—മറ്റ് ചെലവുകൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60,000 രൂപയ്ക്ക് പുറമേ 50,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 60,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. അധിക ധനാനുമതി വഴി 1,00,000 രൂപ നേടി. ഇതിൽ നിന്നും 1,46,267 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ2/2011/പൊ.ഭ.വ. തീയതി 2-6-2012)

ശുപാർശ

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

01—ശമ്പളം

പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിലെ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ എന്നിവയ്ക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്നത് 56,58,87,000 രൂപയാണ്. ഇതിൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച 47,77,000 രൂപ അപര്യാപ്തമായതിനാൽ വകുപ്പ് ആവശ്യപ്പെട്ട 65,00,000 രൂപയിൽ ബാക്കി തുകയായ 1,72,300 രൂപ കൂടി അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 60,50,00,000 രൂപ ആവശ്യപ്പെട്ടിരുന്നതിൽ 56,58,87,000 രൂപയാണ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. ഈ തുക (1) അടിസ്ഥാന ശമ്പളം 41,09,64,000 രൂപ (2) ക്ഷാമബത്ത 13,29,06,000 രൂപ (3) വീട്ടുവാടകബത്ത 1,14,40,000 രൂപ (4) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് 47,77,000 രൂപ (5) മറ്റ് അലവൻസുകൾ 58,00,000 രൂപ എന്നീ ഇനങ്ങൾക്കായി വേർതിരിച്ച് വകയിരുത്തിയിരിക്കുന്നു. ഇതിൽ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ അനുവദിക്കപ്പെട്ട തുക തീരേ അപര്യാപ്തമായതിനാൽ 17,23,000 രൂപ കൂടി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു.

അനുവദിച്ചിട്ടുള്ള തുക തീരുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തിട്ടുള്ള ബാക്കി തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 81822/സ്പെ. ഇ1/2011/പൊ.ഭ.വ. തീയതി 12-3-2012)

ശുപാർശ

02—വേതനം

പബ്ലളിക് സർവ്വീസ് കമ്മീഷനിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിന് അനുവദിച്ചിരിക്കുന്ന 26,32,000 രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അഞ്ചു ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുകയായ 26,32,000 രൂപ അപര്യാപ്തമാണെന്ന വിഷയ നിർണ്ണയ സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 5,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ , ആസ്ഥാന ഓഫീസിലും ജില്ലാ മേഖലാ ഓഫീസുകളിലും ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുവാനായി 15,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചതനുസരിച്ച് 3-8-2011 ജി.ഒ. (ആർ.ടി) നമ്പർ 6033/11/ഫിൻ ഉത്തരവ് പ്രകാരം അനുവദിക്കുകയും ടി തുക ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 81822/സ്പെ. ഇ1/2011/പൊ.ഭ.വ. തീയതി 12-3-2012)

ശുപാർശ

04—യാത്രാചെലവ്

യാത്രാ ചെലവുകൾക്കായി 2011-12 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം 87,40,000 രൂപയാണ്. ഇതിൽ 70,24,000 രൂപ യാത്രാ ബത്തയിനത്തിലും 17,16,000 രൂപ സ്ഥലംമാറ്റ ബത്തയിനത്തിലുമാണ് അനുവദിച്ചിട്ടുള്ളത്. 2011-2012 വർഷത്തിൽ ഏകദേശം 30 ലക്ഷത്തിനുപുറത്ത് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികയിലേക്കുള്ള പരീക്ഷകൾക്കായി അപേക്ഷിച്ചിട്ടുണ്ട്. പതിനാല് ജില്ലകളിലെയും എൽ.ഡി.ക്ലാർക്ക് ഉൾപ്പെടെയുള്ള തസ്തികകളുടെ പരീക്ഷകളും അടുത്ത സാമ്പത്തിക വർഷത്തിൽ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ യാത്രാചെലവ് ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 1,19,50,000 രൂപയിൽ ബാക്കി വരുന്ന 32,10,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള തുക 87,40,000 രൂപയാണ്. ഇതിൽ 70,24,000 രൂപ യാത്രബത്ത ഇനത്തിലും 17,16,000 രൂപ സ്ഥലമാറ്റ ബത്ത ഇനത്തിലുമാണ് അനുവദിച്ചിട്ടുള്ളത്. 2011-12 വർഷത്തിൽ ഏകദേശം 30 ലക്ഷത്തിന് പുറത്ത് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകൾക്കായി അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ യാത്രാ ചെലവ് ഇനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള ടി തുക അപര്യാപ്തമാണെന്ന് വിഷയനിർണ്ണയസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാന ത്തിൽ 32,10,000 രൂപ കൂടി അധികമായി അനുവദിക്കാൻ ശുപാർശ ചെയ്തിരുന്നു. ഇതിൽ 25-1-2012-ലെ ജി.ഒ(ആർടി.) 743/12/ധന. നമ്പർ ഉത്തരവു പ്രകാരം 04 (i) Tour TA എന്ന ഉപശീർഷകത്തിൽ 20,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 81822/സ്പെ.ഇ$_1$/2011/പൊ.ഭ.വ. തീയതി 12-3-2012)

ശുപാർശ

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

പി.എസ്.സി. ആഫീസിലുള്ള വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള തുക 12,05,000 രൂപയാണ്. പി. എസ്. സി. ഓഫീസിലുള്ള വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യ ത്തിൽ ഈ തുക അപര്യാപ്തമാണെന്ന വിഷയനിർണ്ണയസമിതിയുടെ വിലയിരുത്ത ലിന്റെ അടിസ്ഥാനത്തിൽ 10,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ഈ ശീർഷകത്തിൽ 31-10-2011-ലെ ജി.ഒ. (ആർടി.) നമ്പർ 8015/11/ഫിൻ. ഉത്തരവു പ്രകാരം 10,00,000 രൂപ അധികമായി അനുവദിച്ചു കൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 81822/സ്പെ.ഇ.$_1$/2011/പൊ.ഭ.വ. തീയതി 12-3-2012)

ശുപാർശ

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ (പി.പി.എസ്.എസ്.)

വിവിധ വകുപ്പുകളിലേക്ക് ലോവർ ഡിവിഷൻ ക്ലാർക്ക് ജീവനക്കാരുടെ നിയമനത്തിനോടനുബന്ധിച്ചുള്ള എഴുത്ത് പരീക്ഷ ഈ വർഷത്തിൽ നടക്കുന്ന തിനാൽ ഈ ശീർഷകത്തിൽ 100,00,000 രൂപ കൂടി അധികമായി വകയിരു ത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള തുക 4,00,06,000 രൂപയാണ്. ഈ തുക അപര്യാപ്തമാണെന്നുള്ള വിഷയനിർണ്ണയസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 100,00,000 രൂപ (ഒരു കോടി രൂപ) കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള പ്രതിഫലം/കമ്മീഷൻ വർദ്ധിപ്പിക്കാൻ തീരുമാനിച്ചപ്പോൾ ഈ തുക തികയാതെ വരുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതിനാൽ അധികത്തുകയായി 3 കോടി രൂപ അനുവദിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും 31-10-2011-ലെ ജി.ഒ (ആർടി.) നമ്പർ 8015/11/ഫിൻ. ഉത്തരവു പ്രകാരം 1 കോടി രൂപ അധികമായി അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 81822/സ്പെ.ഇ.$_1$/2011/പൊ.ഭ.വ. തീയതി 12-3-2012)

<u>ശുപാർശ</u>

45—<u>പി.ഒ.എൽ.</u>

കമ്മീഷനിലെ വാഹനങ്ങളുടെ ഇന്ധനച്ചെലവിനായി കഴിഞ്ഞ സാമ്പത്തിക വർഷം 16,80,000 രൂപയാണ് അനുവദിച്ചിരുന്നത്. വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യവും ഇന്ധനവിലയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള തുക 19,32,000 രൂപയാണ്. ഈ തുക അപര്യാപ്തമാണെന്നുള്ള വിഷയനിർണ്ണയസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യവും, ഇന്ധനവിലയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊപ്പോസൽ പ്രകാരമുള്ള 50,00,000 രൂപ (അൻപത് ലക്ഷം രൂപ) അനുവദിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും 31-10-2011-ലെ ജി.ഒ(ആർടി.) നമ്പർ 8015/11/ഫിൻ. ഉത്തരവു പ്രകാരം 10 ലക്ഷം രൂപ അധികമായി അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 81822/സ്പെ.ഇ$_1$/2011/പൊ.ഭ.വ. തീയതി 12-3-2012)

<u>ശുപാർശ</u>

2052-00-090-73-09—<u>പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്—ഗ്രാന്റ്-ഇൻ-എയ്ഡ്</u>

2011-12 വർഷത്തേക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് ഗ്രാന്റായി 66 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ 16.5 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപന ചെലവുകൾക്കായി വേണ്ടി വരും. ശേഷിക്കുന്ന 49.5 ലക്ഷം രൂപയാണ് കലണ്ടർ ഓഫ്

ആക്ടിവിറ്റീസ് പ്രകാരമുള്ള പരിപാടികൾ നടത്തുന്നതിനായി ശേഷിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവും ലക്ഷ്യവും വിപുലമാക്കുന്നതിനുള്ള ബൃഹത് പദ്ധതികൾ നിലവിൽ മുഖ്യമന്ത്രി ചെയർമാനായ ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിച്ചിട്ടുണ്ട്. പാർലമെന്ററി ലിറ്ററസി ക്ലബ്, സ്കൂൾ-കോളേജ് തലങ്ങളിൽ ഹ്യൂമൻറൈറ്റ്സ് എഡ്യുക്കേഷൻ, പാർലമെന്ററി ഇൻഫർമേഷൻ ഔട്ട്ലെറ്റ് തുടങ്ങിയവ അടിയന്തിര പ്രാധാന്യത്തോടെ തുടങ്ങാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സഹായ പദ്ധതികളും യു.എൻ. സഹായ പദ്ധതിയുമായി തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെങ്കിലും പ്രാരംഭ പരിപാടികൾക്കായി തുക വേണ്ടി വരും. കൂടാതെ പാർലമെന്ററി അവബോധം സ്കൂൾ കുട്ടികളിൽ വ്യാപിപ്പിക്കുന്നതിനായി സ്കൂൾ തലത്തിൽ സെമിനാറുകൾ നടത്താനും ഉദ്ദേശ്യമുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക കൂടാതെ 25,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് ജി. ഒ.(ആർടി.)നമ്പർ 3114/2012/ഫിൻ. തീയതി 31-3-2012 പ്രകാരം റീ അപ്രോപ്രിയേഷൻ വഴി പാർലമെന്ററികാര്യ വകുപ്പിന്റെ ശീർഷകമായ 2052-00-090-86-ൽ നിന്നും 25 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ ശീർഷകമായ 2052-00-090-73-36 ലേക്ക് അധികമായി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1636/എ$_2$/2011/പാ.കാ.വ. തീയതി. 17-4-2012)

<u>ശുപാർശ</u>

2052-00-090-97—<u>മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

04—<u>യാത്രാചെലവുകൾ</u>

യാത്രാ ചെലവിനത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 30,23,000 രൂപ വകയിരുത്തിയിരുന്നു. 7,00,000 രൂപ അധിക ധനാനുമതി വഴിയും 3,00,000 രൂപ ധനപുനർവിനിയോഗം വഴിയും നേടി. 38,12,501 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യു.2/2011/പൊ.ഭ.വ. തീയതി 2-6-2012.)

ശുപാർശ

2052-00-090-98—മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

04—യാത്രാചെലവുകൾ

യാത്രാചെലവിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5,84,252 രൂപ ചെവാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

യാത്രാചെലവിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 6,41,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽനിന്നും 5,75,677 രൂപ ചെലവഴിച്ചു. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യു.2/2011/പൊ.ഭ.വ. തീയതി 2-6-2012.)

ശുപാർശ

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

02—വേതനം

കണ്ടിജന്റ് ജീവനക്കാരുടെ വേതനമാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നത്. ഒൻപതാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള വേതനം നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, 35,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

വേതനയിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 48,75,000 രൂപ വക കൊള്ളിച്ചിരുന്നു. 92,00,000 രൂപ ഉപധനാഭ്യർത്ഥന വഴി നേടി. ഇതിൽ നിന്നും 1,37,41,009 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യു.2/2011/പൊ.ഭ.വ. തീയതി 2-6-2012.)

ശുപാർശ

04—യാത്രാചെലവുകൾ

യാത്രാചെലവുകളിലുണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

യാത്രാചെലവിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 1,06,72,000 രൂപ വകയിരുത്തിയിരുന്നു. ടൂർ ടി. എ. ഇനത്തിൽ 1,00,00,000 രൂപ വകയിരുത്തിയിരുന്നു. ഇത് തികയാതെവന്നപ്പോൾ 24,00,000 രൂപ ധനപുനർവിനിയോഗം വഴി നേടി. ഇതിൽനിന്നും 1,23,88,681 രൂപ ചെലവഴിച്ചു. ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 6,72,000 രൂപ വകയിരുത്തിയിരുന്നു. അധികധനാനുമതിയായി 5,00,000 രൂപ നേടി. ഇതിൽ നിന്നും 10,87,897 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യു.2/2011/പൊ.ഭ.വ. തീയതി. 2-6-2012.)

ശുപാർശ

05—ഓഫീസ് ചെലവുകൾ

ഈ ശീർഷകത്തിൽ നിന്നുമാണ് വെള്ളക്കരം, വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ്, ഇൻഡ്യൻ കോഫി ഹൗസിലേക്കുള്ള ബില്ലുകൾ, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ വഹിക്കുന്നത്. ഈ ശീർഷകത്തിൽ ഉൾപ്പെട്ട വെള്ളക്കരം ഇനത്തിൽ 2010-11 വർഷത്തിൽ അനുവദിച്ച 8,64,000 രൂപ തികയാതെ വന്നതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ 3,15,000 രൂപ ലഭിച്ചിരുന്നു. കൂടാതെ വൈദ്യുതി ചാർജ്ജിനത്തിലും 2010-11 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1,15,50,000 രൂപയും തികയാതിരുന്ന സാഹചര്യത്തിൽ ഉപധനാഭ്യർത്ഥന വഴി 14,00,000 രൂപ അധികമായി നേടിയിരുന്നു. ഈ ഇനങ്ങളിൽ ചെലവ് വർദ്ധിച്ചു വരുന്നതിനാൽ ഇതിലേക്കായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, വെള്ളക്കരത്തിന് ഇനിയും ആവശ്യമായി വരാവുന്ന 4,00,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 32,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ ഓഫീസ് ചെലവിനത്തിൽ 4,63,64,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ (1) വെള്ളക്കരം, (2) വൈദ്യുതിച്ചെലവ്, (3) ടെലിഫോൺ ചെലവ്, (4) മറ്റിനങ്ങൾ (ഇൻഡ്യൻ കോഫീഹൗസിലേക്കുള്ള ബില്ലുകൾ, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്, അലക്ക് കൂലി, ഫ്രാങ്കിംഗ് മെഷീന്റെ ആവശ്യത്തിനുള്ള ചെലവ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. (1) വെള്ളക്കരയിനത്തിൽ 2011-12 സാമ്പത്തിക വർഷം 8,64,000 രൂപ അനുവദിച്ചിരുന്നു. ഇത് തികയാതെ വന്നപ്പോൾ 3,00,000 രൂപ അധികധനാനുമതി വഴി നേടി. ഇതിൽ നിന്നും 11,22,360 രൂപ ചെലവഴിച്ചു. (2) വൈദ്യുതിചാർജിനത്തിൽ 2011-12 സാമ്പത്തിക വർഷം 1,30,00,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 24,00,000 രൂപ ധനപുനർവിനിയോഗം വഴി വകമാറ്റി. 2011-12 സാമ്പത്തിക വർഷം ചെലവായ തുക 98,95,907 രൂപയാണ്. (3) ടെലിഫോൺ ചാർജിനത്തിൽ 2011-12 സാമ്പത്തിക വർഷം 1,25,00,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 68,52,062 രൂപ ചെലവഴിച്ചു. (4) മറ്റിനങ്ങൾ എന്നതിൽ 2011-12 സാമ്പത്തിക വർഷം 2,00,00,000

രൂപ വകയിരുത്തിയിരുന്നു. കൂടാതെ അധികധനാനുമതി വഴി 80,00,000 രൂപ നേടി. ഇതിൽ നിന്നും 2,79,26,154 രൂപ ചെലവഴിച്ചു. ഓഫീസ് ചെലവിനത്തിൽ ആകെ 4,57,96,483 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യു.2/2011/പൊ.ഭ.വ. തീയതി 2-6-2012.)

ശുപാർശ

21—മോട്ടോർ വാഹനങ്ങൾ

1—വാഹനം വാങ്ങൽ

2010-11 സാമ്പത്തിക വർഷം അനുവദിച്ച 1,000 രൂപ തികയാതെ വന്ന സാഹചര്യത്തിൽ ഉപധനാഭ്യർത്ഥന മുഖേന 29,59,000 രൂപ നേടുകയും അതിൽ 21,62,715 രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

വാഹനങ്ങൾ വാങ്ങൽ എന്ന ശീർഷകത്തിൽ 1000 രൂപ 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്നു. ഇതിൽ 950 രൂപ ചെലവായി. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യു.2/2011/പൊ.ഭ.വ. തീയതി 2-6-2012)

ശുപാർശ

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

2010-11 സാമ്പത്തിക വർഷം ഈ ഇനത്തിൽ 1,38,163 രൂപ ചെലവായി എന്നതും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ചെലവ് കൂടുന്ന സാഹചര്യം പരിഗണിച്ചും ഇക്കാര്യങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 2,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

മോട്ടോർ വാഹനങ്ങൾ എന്ന കണക്കു ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷം വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി 87,000 രൂപ വക കൊള്ളിച്ചിരുന്നു. ഇതു തികയാതെ വന്നപ്പോൾ 1,20,000 രൂപ അധിക ധനാനുമതി വഴി നേടി. വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2,02,571 രൂപ ചെലവായി.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യു.2/2011/പൊ.ഭ.വ. തീയതി 2-6-2012.)

ശുപാർശ

24—സാധനസാമഗ്രികൾ

സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുളള തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷം 3,00,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 2,98,980 രൂപ ചെലവഴിച്ചു. അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ.2/2011/പൊ.ഭ.വ. തീയതി 2-6-2012.)

ശുപാർശ

34—മറ്റ് ചെലവുകൾ

മറ്റുചെലവുകൾ എന്ന ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷം 5,09,000 രൂപ വകയിരുത്തിയിരുന്നു. ഇത് തികയാതെ വന്നപ്പോൾ 5,00,000 രൂപ ഉപധനാഭ്യർത്ഥന വഴിയും 3,50,000 രൂപ ധനപുനർവിനിയോഗം വഴിയും ലഭ്യമാക്കുക ഉണ്ടായി. ഈ ഇനത്തിൽ ചെലവായ തുക 13,43,919 രൂപയാണ്. ആയതിനാൽ നടപ്പുവർഷം ഈ ശീർഷകത്തിൽ 7,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

മറ്റുചെലവുകൾ എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തികവർഷം 5,09,000 രൂപ വകയിരുത്തിയിരുന്നു. ഇത് തികയാതെ വന്നപ്പോൾ 41,00,000 രൂപ അധിക ധനാനുമതി വഴി നേടി. ഈ ഇനത്തിൽ ചെലവായ തുക 45,85,288 രൂപയാണ്.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ.2/2011/പൊ.ഭ.വ. തീയതി 2-6-2012.)

ശുപാർശ

2052-00-090-95-0—നിയമവകുപ്പ്

02—ക്ഷാമബത്ത

ശമ്പള പരിഷ്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷം നൽകേണ്ടിവരുന്ന ക്ഷാമബത്തയുടെ ചെലവുകൾ അഭിമുഖീകരിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഡി. എ. ഇനത്തിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ക്ഷാമബത്ത ചെലവുകൾ അഭിമുഖീകരിക്കുന്നതിനായി അധികം തുക പ്രതീക്ഷിച്ച രീതിയിൽ ആവശ്യമായി വരാത്തതിനാൽ ബഹു. സമിതി ശുപാർശ പ്രകാരമുള്ള അധിക വിഹിതം ആവശ്യപ്പെടേണ്ടതായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012.)

ശുപാർശ

05—ഓഫീസ് ചെലവുകൾ

4—മറ്റിനങ്ങൾ

നിയമവകുപ്പിലെ അനാമത്ത് ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ, 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുതന്നെ ചെലവുകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞതിനാൽ ബഹു. സമിതി അധികമായി ശുപാർശ ചെയ്ത തുക ആവശ്യപ്പെടേണ്ടതായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012.)

ശുപാർശ

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണിയും

നിയമവകുപ്പിലെ 8 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുതന്നെ പൂർത്തീകരിക്കുവാൻ കഴിഞ്ഞതിനാൽ ശുപാർശ ചെയ്ത തുക ആവശ്യപ്പെടേണ്ടതായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012.)

ശുപാർശ

2052-00-090-95—ബൗദ്ധിക സ്വത്തവകാശനയം

നിയമവകുപ്പിൽ നിക്ഷിപ്തമായ ബൗദ്ധിക സ്വത്തവകാശവും അനുബന്ധ കാര്യങ്ങളുടെയും ഭരണനിർവ്വഹണത്തിനായി മുൻവർഷങ്ങളിൽ തുക ആവശ്യ

പ്പെട്ടിരുന്നെങ്കിലും നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

3-6-2008-ലെ ജി.ഒ.(പി) 4/2008/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബൗദ്ധിക സ്വത്തവകാശനയം നിലവിൽ വന്നു. ഈ നയം നടപ്പിലാക്കുന്നതിനു വേണ്ടി കേരളാ ഗവൺമെന്റിന്റെ റൂൾസ് ഓഫ് ബിസിനസ്സിൽ ഭേദഗതി വരുത്തി ബൗദ്ധിക സ്വത്തവകാശവും അനുബന്ധകാര്യങ്ങളും എന്ന വിഷയം നിയമവകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. ബൗദ്ധിക സ്വത്തവകാശനയത്തിലെ 5-ാം ഖണ്ഡികയിൽ വിഭാവനം ചെയ്തിരിക്കുന്ന കേരള പാരമ്പര്യ വിജ്ഞാന അതോറിറ്റി (Kerala Traditional Knowledge Authority) (KTKA) രൂപീകരിക്കുന്നതിനും ഈ മേഖലയിൽ നിലനിൽക്കുന്ന കേന്ദ്രനിയമങ്ങളുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പാരമ്പര്യ വിജ്ഞാനമേഖലകൾ കണ്ടെത്തി അവയ്ക്ക് നിയമസംരക്ഷണം നൽകുന്നതിനുമുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധനയ്ക്കായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബൗദ്ധിക സ്വത്തവകാശവും അനുബന്ധകാര്യങ്ങളുടെയും ഭരണനിർവ്വഹണത്തിനായി നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മേൽപ്പടി ആവശ്യത്തിലേക്ക് 25 ലക്ഷം രൂപ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012.)

ശുപാർശ

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

02—വേതനം

കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ കോർപ്പറേഷനിൽ നിന്നും ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സെക്യൂരിറ്റി ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ വേതനം ജി.ഒ.(പി) നമ്പർ 204/2011/ഫിൻ. തീയതി 2-5-2011 പ്രകാരം പുതുക്കിയ സാഹചര്യത്തിൽ കമ്മീഷന് അനുവദിച്ച തുകയായ 19,94,000 രൂപ അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ ഇതിലേക്ക് വേണ്ടിവരുന്ന തുകയായ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

28-10-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 7943/11/ഫിൻ. പ്രകാരം തുക അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 52532/സി.ഡി.എൻ5/2012/പൊ.ഭ.വ. തീയതി 11-7-2012.)

ശുപാർശ

21—മോട്ടോർ വാഹനങ്ങൾ

കമ്മീഷനിൽ പുതുതായി ചാർജ് എടുത്ത ഇൻഫർമേഷൻ കമ്മീഷണർക്ക് വാഹനം വാങ്ങുന്നതിനായി 7,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

വാഹനം വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 52532/സി.ഡി.എൻ.5/2012/പൊ.ഭ.വ. തീയതി 11-7-2012.)

ശുപാർശ

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

കമ്മീഷനിലെ സ്വന്തമായുള്ള വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റ പണികൾക്കുമായി 1,56,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ഈ ആവശ്യത്തിലേക്കായി കമ്മീഷൻ ആവശ്യപ്പെട്ട 4 ലക്ഷം രൂപയിൽ ബാക്കിവരുന്ന 2,44,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

28-10-2011 തീയതിയിലെ ജി.ഒ.(ആർറ്റി.) നമ്പർ 7943/11/ഫിൻ. പ്രകാരം 2,00,000 രൂപ കൂടി അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 52532/സി.ഡി.എൻ.5/2012/പൊ.ഭ.വ. തീയതി 11-7-2012.)

ശുപാർശ

3451-00-090-97—നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ

സർക്കാർ കേസുകളുടെ നടത്തിപ്പും മേൽനോട്ടവും കൂടുതൽ ഫലപ്രദ മാക്കുന്നത് ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ ഡിസ്ട്രിക്റ്റ് ഗവൺമെന്റ് പ്ലീഡർമാരു ടെയും ഓഫീസുകളിലും ന്യൂഡൽഹി ലാ ഓഫീസിലും എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലും ഒരു കമ്പ്യൂട്ടറൈസ്ഡ് കോർട്ട് കേസ് ട്രാക്കിംഗും മോണിറ്ററിംഗും നടപ്പിലാക്കുന്നതിനായാണ് നിയമ ഓഫീസുകൾക്ക് കോടതി കേസു കളുടെ മോണിറ്ററിംഗ് സൊല്യൂഷൻ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരി ക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ

കെൽട്രോണിന് 3 ലക്ഷം രൂപ കൂടി ബാക്കി നൽകുവാനുണ്ട്. പ്രസ്തുത കുടിശ്ശിക തുക മടക്കി നൽകുന്നതിനായി ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമേ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷന്റെ ഫലപ്രദമായ നടത്തിപ്പിനും കേടായ കമ്പ്യൂട്ടറുകൾ മാറ്റി പുതിയവ വാങ്ങുന്നതിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി 15 ലക്ഷം രൂപ പദ്ധതി വിഹിതം അനുവദിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 14,40,569 രൂപ ചെലവഴിക്കുന്നതിന് 15-2-2012-ലെ ജി.ഒ.(ആർടി.) നമ്പർ 172/2012/നിയമം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ അവശേഷിക്കുന്ന തുക കുടിശ്ശിക നൽകുന്നതിനായി ഉപയോഗ പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ബാക്കി തുക 2012-13 സാമ്പത്തിക വർഷത്തിലെ സപ്ലിമെന്ററി ഡിമാന്റിൽ ആവശ്യപ്പെടുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012.)

ശുപാർശ

3451-00-090-98—നിയമവകുപ്പിന്റെ നവീകരണം

ആസൂത്രണ കമ്മീഷൻ 2003-04-ൽ അംഗീകരിച്ച നിയമവകുപ്പ് നവീകരണ പദ്ധതി ഘട്ടംഘട്ടമായാണ് നടപ്പിലാക്കിവരുന്നത്. നിയമനിർമ്മാണം, നിയമോപദേശം, പ്രസിദ്ധീകരണം, പരിഭാഷ ഉൾപ്പെടെ വകുപ്പിലെ എല്ലാ പ്രവർത്തനങ്ങളും ഓട്ടോമാറ്റ് ചെയ്യുന്നതിനും ഒരു ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആരംഭിച്ചത്. പദ്ധതി ലക്ഷ്യങ്ങൾ ഏറെക്കുറെ പൂർത്തിയാക്കുകയും അതുവഴി നിയമവകുപ്പ്, സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കൃത വകുപ്പാകുകയും ചെയ്തു. പദ്ധതി നടത്തിപ്പിന്റെ ചെലവിനത്തിൽ കെൽട്രോണിന് കുടിശ്ശികയായി നൽകാനുണ്ടായിരുന്ന 17,50,000 രൂപ 2010-11 സാമ്പത്തികവർഷം supplementary demand-ന്റെ final batch-ൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി അപേക്ഷിച്ചിരുന്നുവെങ്കിലും ലഭ്യമായിട്ടില്ല. ആയതിനാൽ, പ്രസ്തുത കുടിശ്ശിക തുക തിരികെ നൽകുന്നതിനായി 17,50,000 രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

നിയമവകുപ്പ് നവീകരണപദ്ധതിയുടെ ((LIMS) നടത്തിപ്പിനും അപ്ഗ്രഡേഷനുമായി 2011-12 സാമ്പത്തിക വർഷം 3551-00-98 ശീർഷകത്തിൽ 78 ലക്ഷം രൂപ പദ്ധതി വിഹിതം അനുവദിച്ചിട്ടുണ്ട്. 2011-12 സാമ്പത്തികവർഷത്തിൽ ടി പദ്ധതിക്കായി 74.1 ലക്ഷം രൂപ ചെലവഴിക്കുന്നതിന് 15-2-2012-ലെ ജി.ഒ.(ആർടി.) നമ്പർ 171/2012/നിയമം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത

ശീർഷകത്തിൽ അവശേഷിക്കുന്ന തുക കുടിശ്ശിക നൽകുന്നതിനായി ഉപയോഗപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ബാക്കി തുക 2012-13 സാമ്പത്തിക വർഷത്തിലെ സപ്ലിമെന്ററി ഡിമാന്റിൽ ആവശ്യപ്പെടുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012.)

ശുപാർശ

3451-00-090-99—സെക്രട്ടേറിയറ്റ്

04—യാത്രാചെലവുകൾ

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ യാത്രാചെലവിനത്തിൽ 69,56,000 രൂപ വകയിരുത്തിയിരുന്നു. ടൂർ ടി.എ. ഇനത്തിൽ 68,00,000 രൂപ വകയിരുത്തിയിരുന്നു. 20,00,000 രൂപ ധനപുനർവിനിയോഗംവഴി സെക്രട്ടേറിയറ്റ് പൊതുസർവ്വീസിലെ യാത്രാ ചെലവുകൾക്കുപയോഗിച്ചു. ബാക്കിയുള്ള 48,00,000 രൂപയിൽ 47,26,807 രൂപ ചെലവഴിച്ചു. ട്രാൻസ്ഫർ ടി. എ. ഇനത്തിൽ 1,56,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1,27,185 രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 81884/ബി.ഡബ്ല്യൂ.2/2011/പൊ.ഭ.വ. തീയതി 2-6-2012.)

ശുപാർശ

3451-00-101-99—സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

06—വാടക, കരം, നികുതി

14-7-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 5360/2011/ജി.എ.ഡി. പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന് ഔദ്യോഗിക വസതിയായി സ്വകാര്യ കെട്ടിടം അനുവദിക്കുകയുണ്ടായി. പ്രസ്തുത കെട്ടിടത്തിന് വാടക നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ നടപ്പുവർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

ഇതിലേക്കായി 23-11-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 8589/11/ഫിൻ. പ്രകാരം 3451-00-101-99-06 എന്ന ശീർഷകത്തിൽ നാല് ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 14740/ബി.2/2011/ആസൂത്രണം തീയതി 30-1-2012.)

ശുപാർശ

3451-00-101-69—സംസ്ഥാന പരിശീലന നയം—പരിശീലന പരിപാടി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന് 2010-11 സാമ്പത്തിക വർഷം STP ഇനത്തിൽ 383 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ഉപയോഗിച്ച് പ്രോഗ്രാമുകൾ നടന്നുവരുന്നു. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിൽ 1367.14 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ നടപ്പുവർഷംതന്നെ 1367.14 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

2011-12-ലെ ഉപധനാഭ്യർത്ഥന (ഒക്ടോബർ 2011) പ്രകാരം 1411 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 547 ലക്ഷം രൂപ എസ്.റ്റി.പി. പരിശീലന പരിപാടികളും ഇൻഡക്ഷൻ പരിശീലന പരിപാടികളും നടത്തുന്നതിനുവേണ്ടിയാണ് അനുവദിച്ചിരുന്നത്. അതനുസരിച്ച് 31-3-2012 വരെ 934 എസ്.റ്റി.പി. പരിശീലന പരിപാടികളും 31 ഇൻഡക്ഷൻ പരിശീലന പരിപാടികളും നടത്തുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 12869/എആർ13(1)(12) ഉ.ഭ.പ.വ തീയതി 17-7-2012.)

## ധനാഭ്യർത്ഥന നമ്പർ III

ശുപാർശ

2014-00-114-92—പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.)

ടെലിഫോൺ, വൈദ്യുതി, കമ്പിതപാൽ, നഗരശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷ്വറൻസ് തുടങ്ങിയ സേവന രംഗങ്ങളിൽ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന തർക്കങ്ങൾ കോർട്ട് ഫീസില്ലാതെ തീർപ്പാക്കുവാനുള്ള സംവിധാനമാണ് പി. എൽ. എ. തിരുവനന്തപുരത്തും എറണാകുളത്തും മാത്രമാണ് പി.എൽ.എ. ഇപ്പോൾ നിലവിലുള്ളത്. ഈ ജില്ലകളിലെ പി.എൽ.എ.കളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും കോഴിക്കോട് ജില്ലയിൽ പി. എൽ. എ. പുതിയതായി തുടങ്ങുന്നതിനുമായി ഇപ്പോൾ അനുവദിച്ച തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ശമ്പളം ഇനത്തിൽ 24,71,000 രൂപയും യാത്രാ ചെലവുകൾക്കായി 4,61,000 രൂപയും ഓഫീസ് ചെലവുകൾക്കായി 12,16,500 രൂപയും വാടകയിനത്തിൽ 4,85,000 രൂപയും ചേർത്ത് ഈ ആവശ്യങ്ങളിലേക്കായി 46,33,500 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

പൊതു സേവനത്തിൽ ഏർപ്പെട്ടിരിക്കുന്നതായ ടെലിഫോൺ, വെള്ളം, വൈദ്യുതി, കമ്പി തപാൽ, നഗര ശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷുറൻസ് എന്നീ പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് രംഗങ്ങളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ തീർപ്പാക്കാനുള്ള സംവിധാനമാണ് സ്ഥിര

ലോക് അദാലത്ത്. 1-1-2011-ലെ സർക്കാർ ഉത്തരവ് നമ്പർ 1/2011/നിയമം അനുസരിച്ച് കോഴിക്കോട് ജില്ലയിൽ സ്ഥിര ലോക് അദാലത്ത് സ്ഥാപിക്കുന്നതിന് അനുമതിയായിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം പി.എൽ.എ.കളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും കോഴിക്കോട് ജില്ലയിൽ ഒരു പി.എൽ.എ. പുതിയതായി തുടങ്ങുന്നതിനുമായി 2011-12 വർഷത്തിൽ 46.335 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ അനുമതിയായിട്ടുള്ള സ്ഥിരം ലോക് അദാലത്തിനാവശ്യമായ 32.75 ലക്ഷം രൂപ 2014-00-114-92 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള 4-3-2011-ലെ 1586/10/എ/കെൽസ. നമ്പർ കത്ത് സർക്കാർ പരിഗണിക്കുകയും തുടർന്ന് 29-8-2011-ലെ സർക്കാർ കത്ത് നമ്പർ എച്ച്1/09/നിയമം പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിലെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതുകൊണ്ട് 2011-12 വർഷത്തിലേക്ക് അനുവദിച്ചിരുന്ന 32.97 ലക്ഷം രൂപ തീരുന്ന മുറയ്ക്ക് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 46.335 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യവകുപ്പിനെ സമീപിക്കുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ കെൽസയുടെ ഓഫീസിൽ നിന്നും സമർപ്പിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012.)

ശുപാർശ

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി

01—ശമ്പളം

ഈ ശീർഷകത്തിൽ ക്ഷാമബത്ത ഇനത്തിലും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് വകയിലും ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ക്ഷാമബത്ത ഇനത്തിൽ 15.53 ലക്ഷം രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 6. 82 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 22,35,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

04—യാത്രാ ചെലവുകൾ

ഈ ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ യാത്രാബത്ത ഇനത്തിൽ 5.64 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത ഇനത്തിൽ 21,000 രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 5,85,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

ഓഫീസ് ചെലവുകളിൽ ഉണ്ടാകുന്ന കാലാനുസൃതമായ വർദ്ധനവ് കണക്കിലെടുത്ത് വൈദ്യുത ചെലവ് ഇനത്തിൽ 51,000 രൂപയും ടെലിഫോൺ ചെലവിനായി 59,000 രൂപയും അതോറിറ്റിയുടെ ഹെഡ്ക്വാർട്ടേഴ്സിലെ ചെലവുകൾ കൂടാതെ 14 ജില്ലാ അതോറിറ്റികൾക്കും 62 താലൂക്ക് കമ്മിറ്റികൾക്കും ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിനായി മറ്റിനങ്ങൾ എന്നുള്ളതിൽ 11,74,000 രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 12,84,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

കാലാനുസൃതമായ വിലവർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 92,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് കോടതി അടിസ്ഥാനമാക്കിയിട്ടുള്ള നിയമസേവനങ്ങൾ നൽകുന്നതും പ്രതിരോധാത്മകമായുള്ള നിയമബോധന ക്ലാസ്സുകൾ നടത്തേണ്ടതും അതോറിറ്റിയുടെ ചുമതലയാണ്. നിയമസേവന ക്ളിനിക്കുകളും മൊബൈൽ ടെലിഫോൺ വഴിയുള്ള നിയമസേവന സംവിധാനവുമെല്ലാം ഈ അതോറിറ്റിയുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നു. ചെലവുകുറഞ്ഞ തർക്ക പരിഹാര മാർഗ്ഗമായി ലോക് അദാലത്തുകൾ നടത്തുന്നതും അതോറിറ്റിയുടെ ചുമതലയിൽപ്പെടുന്നു. സംസ്ഥാന അതോറിറ്റിയുടെ മുഖ്യ ലക്ഷ്യമായ മേൽസൂചിപ്പിച്ച വിവിധ നിയമ സേവന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അതോറിറ്റിയുടെ താലൂക്ക് ഓഫീസുകളിൽ ജീവനക്കാർക്കുള്ള ശമ്പളം കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള തുകയാണ് മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. അതോറിറ്റിയുടെ നിയമ സേവന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാൻ ഈ ശീർഷകത്തിൽ ഉൾക്കൊണ്ടിട്ടുള്ള തുക തുലോം അപര്യാപ്തമാണ്. ആകയാൽ, ഈ ശീർഷകത്തിൽ 3,00,32,000 രൂപ കൂടി അധിക വിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36, 37, 38, 39 & 40)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന നിയമ സഹായസമിതിയുടെ നിയമസേവന പ്രവർത്തനങ്ങളുടെ നടത്തിപ്പ് വർദ്ധിക്കുന്നതിന് അനുസൃതമായി അംഗീകരിക്കപ്പെട്ട മുഴുവൻ നിയമനവും നടത്തേണ്ടതിനാലും സർക്കാർ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്ന ക്ഷാമബത്ത നൽകേണ്ടതിനാലും 2014-00-114-93 എന്ന ശീർഷകത്തിൽ (01) ശമ്പള ഇനത്തിൽ അനുവദിച്ചിട്ടുള്ള 188.55 ലക്ഷം രൂപയ്ക്ക് പുറമേ 22.35 ലക്ഷം രൂപയും (04) യാത്രാ ചെലവ് ഇനത്തിൽ അനുവദിച്ചിട്ടുള്ള 3.15 ലക്ഷം രൂപയ്ക്ക് പുറമേ 5.85 ലക്ഷം രൂപയും (05) ഓഫീസ് ചെലവ് ഇനത്തിൽ അനുവദിച്ചിട്ടുള്ള 9.68 ലക്ഷം രൂപയ്ക്ക് പുറമേ 12.84 ലക്ഷം രൂപയും (21-2) മോട്ടോർ വാഹന ഇനത്തിൽ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള 1.08 ലക്ഷം രൂപയ്ക്ക് പുറമേ 0.92 ലക്ഷം രൂപയും (34) മറ്റു ചെലവുകളുടെ ഇനത്തിൽ അനുവദിച്ചിട്ടുള്ള 400.00 ലക്ഷം രൂപയ്ക്ക് പുറമേ 300.32 ലക്ഷം രൂപയും അധികമായി ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ആയതുകൊണ്ട് 2011-2012 വർഷത്തിലേക്ക് മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്ന തുക തീരുന്ന മുറയ്ക്ക് സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള തുക കൂടി ആവശ്യപ്പെട്ടുകൊണ്ട്

ധനകാര്യവകുപ്പിനെ സമീപിക്കുന്നതിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കെൽസ യുടെ ഓഫീസിൽ നിന്നും സമർപ്പിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012.)

ശുപാർശ

2014-00-114-99—ലാ ഓഫീസർമാർ

01—ശമ്പളം

ഗവൺമെന്റ് ലാ ആഫീസർമാരുടേയും ജീവനക്കാരുടേയും ശമ്പള പരിഷ്കര ണംമൂലം ഉണ്ടാകുന്ന അധിക ചെലവ് കണക്കിലെടുക്കുമ്പോൾ ഈ ഹെഡ്ഡിൽ അനുവദിച്ച തുകയിലും കൂടുതൽ തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ലാ ഓഫീസർ മാരുടെയും ജീവനക്കാരുടെയും പുതിയ നിയമനങ്ങൾകൂടി നടക്കാനുള്ള സാദ്ധ്യതയു ള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

ഈ ആഫീസിൽ ഓരോ മാസവും ഒരു കോടി അമ്പത് ലക്ഷത്തിൽ പരം രൂപ ശമ്പളയിനത്തിൽ ചെലവാകുന്നുണ്ട്. ഗവൺമെന്റ് ലാ ഓഫീസർമാരുടെയും, ജീവനക്കാരുടെയും ശമ്പള പരിഷ്കരണവും ക്ഷാമബത്തയിൽ ഉണ്ടായ വർദ്ധനവും കണക്കിലെടുക്കുമ്പോൾ ഈ ഹെഡ്ഡിൽ അനുവദിച്ച തുകയിലും കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നു. ലാ ഓഫീസർമാരുടെയും, ജീവനക്കാരുടെയും പുതിയ നിയമനങ്ങൾകൂടി നടക്കാനുള്ള സാദ്ധ്യതയുള്ളതിനാൽ കൂടുതൽ തുക അനുവദിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

02—വേതനം

ലാ ഓഫീസർമാരുടെ എണ്ണത്തിൽ വന്ന വർദ്ധനവിനനുസരിച്ച് ശിപായിമാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. ഇതുകാരണം ദിവസ വേതനാടിസ്ഥാനത്തിൽ ശിപായിമാരെ വയ്ക്കേണ്ടതായും 2011-2012 സാമ്പത്തിക വർഷത്തിൽ പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള പരിഷ്കരണവും അനുബന്ധമായി വരുന്ന ആനുകൂല്യങ്ങളും കുടിശ്ശിക വിതരണവും ചെയ്യേണ്ടതായും ഉള്ളതിനാൽ ഈ ഹെഡ്ഡിൽ അഭ്യർത്ഥിച്ച തുകയിലും കൂടുതൽ തുക ചെലവ് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ആഭ്യർത്ഥിച്ച 8,27,000 രൂപ യിൽ ബാക്കി വരുന്ന 1,05,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

ലാ ഓഫീസർമാരുടെ എണ്ണത്തിൽ വന്ന വർദ്ധനവിനനുസരിച്ച് ശിപായിമാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. അതുകൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ ശിപായിമാരെ വയ്ക്കാൻ ഈ ഓഫീസ് നിർബന്ധിതമാണ്. 2011-2012 സാമ്പത്തിക വർഷത്തിൽ പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള പരിഷ്കരണവും അനുബന്ധിതമായി വരുന്ന ആനുകൂല്യങ്ങളും കുടിശ്ശിക വിതരണവും ഉണ്ടാവുന്നതുകൊണ്ട് ഈ ഹെഡ്ഡിൽ അഭ്യർത്ഥിച്ച തുകയിലും കൂടുതൽ തുക ചെലവ് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് അഭ്യർത്ഥിച്ച തുക തന്നെ പൂർണ്ണമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

04—യാത്രാ ചെലവുകൾ

ഗവൺമെന്റ് ലാ ഓഫീസർമാർക്ക് സുപ്രീംകോടതിയിൽ നിലവിലുള്ള കേസുകളുടെ നടത്തിപ്പിനായി ധാരാളം വിമാന യാത്രകൾ നടത്തേണ്ടിവരുന്നതുകൊണ്ട് ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 87,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, ഗവൺമെന്റ് പ്ലീഡർമാർ എന്നിവർക്ക് സുപ്രീംകോടതിയിൽ നിലവിലുള്ള കേസുകളുടെ നടത്തിപ്പിനായി ധാരാളം വിമാന യാത്രകൾ വേണ്ടിവരുന്നതുകൊണ്ട് ഈ ഹെഡ്ഡിൽ വരുന്ന ചെലവ് മുൻകൂട്ടി പറയുവാൻ സാദ്ധ്യമല്ല. കൂടാതെ മന്ത്രിമാർ വകുപ്പദ്ധ്യക്ഷന്മാർ തുടങ്ങിയവരുമായുള്ള ചർച്ചയ്ക്കുള്ള യാത്രാ ചെലവും പ്രസ്തുത ഹെഡ്ഡിൽ നിന്നാണ് വിതരണം ചെയ്യുന്നത്. സ്പോർട്ട്സ് ക്വാട്ടയിൽ നിയമിതരായ ജീവനക്കാർക്ക് വിവിധ ടൂർണ്ണമെന്റുകളിൽ പങ്കെടുക്കുവാൻ വേണ്ടി വരുന്ന യാത്രാചിലവുകളും ഈ ഹെഡ്ഡിൽ നിന്നു തന്നെ ചിലവഴിക്കുന്നു. ആയതുകൊണ്ട് ഈ ഹെഡ്ഡിൽ ശുപാർശ ചെയ്ത തുക തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

05—ഓഫീസ് ചെലവുകൾ

1—വെള്ളക്കരം

ഈ ആഫീസിൽ പ്രതിമാസം വെള്ളക്കരം ഇനത്തിൽ ഏകദേശം 50,000 രൂപയോളം ചെലവുവരുന്നുണ്ട്. ഈ ആഫീസിന് അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങളിലേക്ക്

പുതിയ വാട്ടർ കണക്ഷൻ എടുക്കേണ്ടി വന്നാൽ ഉണ്ടാകുന്ന അധിക ചെലവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 1,31,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

ഈ ആഫീസിൽ പ്രതിമാസം വെള്ളക്കരം ഏകദേശം 50,000 രൂപയോളം ചെലവു വരുന്നുണ്ട്. ഈ ആഫീസിന് അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങളിലേക്ക് പുതിയ വാട്ടർ കണക്ഷൻ എടുക്കേണ്ടി വന്നാൽ ഉണ്ടാകുന്ന അധിക ചെലവും കണക്കിലെടുക്കുമ്പോൾ ഈ ഹെഡ്ഡിൽ അഭ്യർത്ഥിച്ച തുക തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

2—വൈദ്യുതി ചെലവ്

വൈദ്യുത ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1,67,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 7,70,000 രൂപ ചെലവു വന്നിട്ടുള്ളതാണ്. 2011-2012 സാമ്പത്തിക വർഷത്തിൽ വൈദ്യുതച്ചെലവ് ഇനത്തിൽ 9,00,000-ൽപ്പരം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതുകൊണ്ട് അനുവദിച്ചിരിക്കുന്ന 7,93,000 രൂപ ഈയിനത്തിൽ തീരെ അപര്യാപ്തമാണ്. ആകയാൽ അഭ്യർത്ഥിച്ച തുകയായ 9,60,000 രൂപ തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

3—ടെല്ഫോൺ ചെലവ്

പുതിയ ലാ ഓഫീസർമാരെ ഈ സാമ്പത്തിക വർഷം നിയമിക്കുന്നതിനാലും സമയബന്ധിതവും അടിയന്തിരവുമായ കേസുകൾ കൈകാര്യം ചെയ്യുന്ന ഓഫീസ് എന്ന നിലയിലും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 2,28,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

സമയബന്ധിതവും അടിയന്തിരവുമായ കേസുകൾ കൈകാര്യം ചെയ്യപ്പെടുന്ന ഈ ആഫീസിൽ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ വരുന്ന ചെലവ് നിയന്ത്രിക്കുവാൻ പറ്റുന്നതല്ല. 2011-2012-ൽ പുതിയ ലാ ഓഫീസർമാരെ നിയമിക്കുന്ന അവസരത്തിൽ ഈ ഹെഡ്ഡിൽ അധിക ചെലവ് പ്രതീക്ഷിക്കുന്നു. ഈ ഹെഡ്ഡിൽ വരുന്ന തുക മുൻകൂട്ടി പറയുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് അഭ്യർത്ഥിച്ച തുക തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

4—മറ്റിനങ്ങൾ

സ്പീഡ് പോസ്റ്റ് ചാർജ്ജ്, ഫോട്ടോ കോപ്പി ചാർജ്ജ്, ഫ്രാങ്കിംഗ് മെഷീൻ റീഫില്ലിംഗ് ചാർജ്ജ്, ഫർണീച്ചർ വാങ്ങൽ, കമ്പ്യൂട്ടർ, യു.പി.എസ്. എന്നിവയുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് പുതുക്കൽ, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നത്. ഇ-ഗവേണൻസ് പ്രോജക്ട് ഈ സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ ചെലവുകൾക്കെല്ലാംകൂടി അനുവദിച്ച തുക പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 14,37,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

സ്പീഡ് പോസ്റ്റ് ചാർജ്ജ്, ഫോട്ടോ കോപ്പി ചാർജ്ജ്, ഫ്രാങ്കിംഗ് മെഷീൻ റീഫില്ലിംഗ് ചാർജ്ജ്, കമ്പ്യൂട്ടർ യു. പി. എസ്, ടെലിഫോൺ, ഫാക്സ് എന്നിവയുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് പുതുക്കൽ, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയാണ് പ്രധാനമായും പ്രസ്തുത ഹെഡ്ഡിൽ വരുന്നത്. കൂടാതെ ഇ-ഗവേണൻസ് പ്രോജക്ട് നടപ്പിലാക്കുന്നതിന് NIC-യുടെ അംഗീകാരം കിട്ടിയിട്ടുള്ളതിനാൽ ഈ വർഷം തന്നെ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിന്റെ ചെലവും ഈ ഹെഡ്ഡിൽ നിന്നാണ് വരുന്നത്. ഈ ആഫീസിലെ പല ഫർണീച്ചറുകളും റാക്കുകളും മറ്റും കാലഹരണപ്പെട്ടതിനാൽ പുതിയ ഫർണീച്ചറുകളും റാക്കുകളും മറ്റും വാങ്ങുവാൻ ആവശ്യമുള്ള തുകയും മേൽപ്പറഞ്ഞ ഹെഡ്ഡിൽ നിന്നാണ് കണ്ടെത്തേണ്ടത്. ഈ ചെലവുകളെല്ലാം കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ അഭ്യർത്ഥിച്ച തുകതന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നം. 13866/പാർല/2012/നിയമം. തീയതി 6-7-2012)

ശുപാർശ

06—വാടക, കരം, നികുതി

നികുതി കുടിശ്ശിക അടയ്ക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ഇനത്തിൽ 2,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

ഈ ആഫീസ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി കുടിശ്ശികയിനത്തിൽ 24 ലക്ഷം രൂപയോളം അടയ്ക്കുന്നതിന് കൊച്ചി കോർപ്പറേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തെ നികുതിയും അടയ്ക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഈ ഹെഡ്ഡിൽ അഭ്യർത്ഥിച്ചതിനേക്കാൾ അധികം തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഈയിനത്തിൽ അഭ്യർത്ഥിച്ച തുക തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

21—മോട്ടോർ വാഹനങ്ങൾ

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

സ്പെയർപാർട്ട്സുകളുടേയും മറ്റ് അറ്റകുറ്റപ്പണികളുടേയും ചെലവുകൾ വർദ്ധിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, 47,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

ഈ ഓഫീസിൽ നിലവിൽ 6 വാഹനങ്ങൾ ഉപയോഗത്തിലുണ്ട്. സ്പെയർപാർട്ട്സുകളുടെയും മറ്റ് അറ്റകുറ്റപ്പണികളുടെയും വില വർദ്ധിച്ച സാഹചര്യത്തിൽ ഈ ഹെഡ്ഡിൽ ശുപാർശ തുക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

34—മറ്റ് ചെലവുകൾ

അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, ഡി.ജി.പി., അഡീഷണൽ ഡി.ജി.പി., സുപ്രീം കോടതിയിൽ കേസ് വാദിക്കുന്നതിനുവേണ്ടി ഹാജരാകുന്ന സീനിയർ അഡ്വക്കേറ്റ്സ് എന്നിവരുടെ ഫീസും സുപ്രീം കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലർമാരുടെ ഫീസും അനുബന്ധ ചെലവുകളും ലൈബ്രറിയിലേക്ക് നിയമപുസ്തകങ്ങളും ജേർണലുകളും മറ്റും വാങ്ങുന്നതിനുള്ള തുകയും കേസ് നടത്തിപ്പിനാവശ്യമായ കോർട്ട് ഫീസ് സ്റ്റാമ്പുകൾ വാങ്ങുന്ന ചെലവും മറ്റും ഈ ശീർഷകത്തിൽ നിന്നാണ് ചെലവ് വഹിക്കുന്നത്.

2010-11 സാമ്പത്തിക വർഷത്തിൽ ഈ ഹെഡ്ഡിൽ 2,10,00,000 രൂപ ചെലവാകുകയും 70,00,000 രൂപയുടെ ക്ലെയിമുകൾ ബാക്കി നിൽക്കുകയും ചെയ്യുന്നതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, സുപ്രീംകോടതിയിൽ കേസ് വാദിക്കുന്നതിനുവേണ്ടി ഹാജരാകുന്ന സീനിയർ അഡ്വക്കേറ്റ്സ് എന്നിവരുടെ ഫീസും സുപ്രീം കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലർമാരുടെ ഫീസും അനുബന്ധ ചെലവുകളും ലൈബ്രറിയിലേക്ക് നിയമ പുസ്തകങ്ങളും ജേർണലുകളും മറ്റും വാങ്ങുന്നതിനുള്ള തുകയും കേസ് നടത്തിപ്പിനാവശ്യമായ കോർട്ട് ഫീ സ്റ്റാമ്പുകൾ വാങ്ങിക്കുന്ന ചെലവും മേൽ പറഞ്ഞ ഹെഡ്ഡിൽ നിന്നാണ് ചെലവാകുന്നത്.

2010-11 സാമ്പത്തിക വർഷത്തിൽ ഈ ഹെഡ്ഡിൽ 2,10,00,000 രൂപ ചെലവായിട്ടുണ്ട്. ബാക്കി നിന്ന കഴിഞ്ഞ സാമ്പത്തിക വർഷത്തെ 70,00,000-ത്തിൽപ്പരം രൂപയുടെ ക്ലെയിമുകൾ ഈ വർഷം നൽകുകയും ചെയ്തു. ആയതിനാൽ പ്രസ്തുത ഹെഡ്ഡിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആകയാൽ ശുപാർശ തുക പൂർണ്ണമായും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13886/പാർല./2012/നിയമം തീയതി 6-7-2012)

<u>ശുപാർശ</u>

45—<u>പെട്രോൾ</u>

പ്രെട്രോളിനും ഡീസലിനും ഉണ്ടായ വിലവർദ്ധന പരിഗണിക്കുമ്പോൾ ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 2,11,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

ഈ ഓഫീസിൽ നിലവിൽ 6 വാഹനങ്ങളാണുള്ളത്. അതിൽ നാലെണ്ണം പ്രെട്രോളും, രണ്ടെണ്ണം ഡീസലുമാണ് ഉപയോഗിക്കുന്നത്. ഇവയിൽ രണ്ടെണ്ണം ഈ ഓഫീസിലെ ലാ ഓഫീസർമാരുടെ വസതികളിൽ കേസ് ഫയലുകൾ വിതരണം ചെയ്യുന്നതിനും ബാക്കിയുള്ളവ അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരുടെ ഔദ്യോഗിക വാഹനങ്ങളുമാണ്. പെട്രോളിനും ഡീസലിനും ഉണ്ടായ വിലവർദ്ധനവ് കണക്കിലെടുക്കുമ്പോൾ പ്രസ്തുത ഹെഡ്ഡിൽ കൂടുതൽ തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആകയാൽ ശുപാർശ തുക തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 13886/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

ഗവൺമെന്റ് പ്ലീഡർമാരുടെ ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഫീസും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ ഓരോ മൈനർ ഹെഡിലും താഴെപ്പറയുംപ്രകാരം തുക അധികമായി വകയിരുത്തേണ്ടതായുണ്ട്.

01—ശമ്പളം

1 - ശമ്പളം — 20,00,000 രൂപ

2 - ക്ഷാമബത്ത — 6,52,000 രൂപ

3 - വീട്ടുവാടക അലവൻസ് — 2,00,000 രൂപ

04 - യാത്രാച്ചെലവുകൾ — 79,000 രൂപ

05 - ഓഫീസ് ചെലവുകൾ

3 - ടെലിഫോൺ ചാർജ്ജ് — 2,95,000 രൂപ

4 - മറ്റിനങ്ങൾ — 7,56,000 രൂപ

06 - വാടക, കരം, നികുതി — 20,000 രൂപ

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ—1,50,00,000 രൂപ

ആയതിനാൽ 2014-00-114-98—ശീർഷകത്തിലെ മേൽപ്പറഞ്ഞ മൈനർ ഹെഡുകളിലായി ആകെ 1,90,02,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

കേരള നിയമസഭയുടെ 2011-12 സാമ്പത്തിക വർഷത്തെ സബ്ജക്റ്റ് കമ്മിറ്റി XIV (ആഭ്യന്തരകാര്യങ്ങൾ) ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട് പ്രകാരം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഫീസ് കൂടി 2011-12-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 2014-00-114-98-28 എന്ന ശീർഷകത്തിൽ Additional allotment അനുവദിക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13886/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

2014-00-116-99—കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

ട്രൈബ്യൂണലിലെ ചെയർമാനും മെമ്പർമാരും ഹൈക്കോടതി ജഡ്ജിമാരുടേതിന് സമാനമായ ആനുകൂല്യങ്ങൾക്ക് അർഹരാണ്. ഇക്കാര്യം കണക്കിലെടുക്കുമ്പോൾ ശമ്പളം, യാത്രാച്ചെലവ്, മോട്ടോർ വാഹനങ്ങൾ, പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ

അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആകയാൽ പ്രസ്തുത ശീർഷകങ്ങളിൽ താഴെക്കാണുംപ്രകാരം അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-116-99

| *ശീർഷകം* | *വിഹിതം* | *കൂടുതൽ ആവശ്യമായ തുക* |
|---|---|---|
| 01-1 — ശമ്പളം | 1,47,64,000 | 3,00,00,000 |
| 01-2 — ക്ഷാമബത്ത | 33,76,000 | 50,00,000 |
| 01-3 — വീട്ടുവാടക ബത്ത | 10,05,000 | 25,00,000 |
| 01-4 — മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 75,000 | 19,00,000 |
| 01-5 മറ്റ് അലവൻസുകൾ | 77,000 | 14,00,000 |
| 02 വേതനം | 2,17,000 | 13,00,000 |
| 04-1 യാത്രാബത്ത | 1,25,000 | 35,00,000 |
| 05-1 വെള്ളക്കരം | 1,89,000 | 1,00,000 |
| 05-2 വൈദ്യുത ചെലവ് | 75,000 | 5,00,000 |
| 05-3 ടെലിഫോൺ ചെലവ് | 25,000 | 7,00,000 |
| 05-4 മറ്റിനങ്ങൾ | 25,000 | 20,00,000 |
| 21-1 വാഹനം വാങ്ങൽ | 1,000 | 70,00,000 |
| 21-2 സംരക്ഷണവും | | |
| അറ്റകുറ്റപ്പണികളും | 25,000 | 5,00,000 |
| 45- പി.ഒ.എൽ | 3,00,000 | 3,00,000 |

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

2014-00-116-99—എന്ന ശീർഷകത്തിലെ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിൽ അധിക തുകയൊന്നും തന്നെ ലഭ്യമായിട്ടില്ല. ബഡ്ജറ്റ് വിഹിതം പ്രകാരം അനുവദിച്ച തുകയിൽ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിൽ യഥാക്രമം 33,11,605 രൂപ, 22,45,017 രൂപ 4,80,474 രൂപ, 71,401 രൂപ, 2,88,679 രൂപ നാളിതുവരെ ചെലവായിട്ടുണ്ട്. 2011-12 വർഷം ട്രൈബ്യൂണൽ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കേണ്ടിയിരുന്നതിനാലാണ് അധിക തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പുതിയ മെമ്പർമാരെ

നിയമിച്ചതു സംബന്ധിച്ച് കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നതിനാൽ നേരത്തേ ഉദ്ദേശിച്ചിരുന്നതുപോലെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞില്ല. വേതനം ഇനത്തിൽ മൂന്നുലക്ഷം രൂപ അധിക തുക ലഭിക്കുകയും നാളിതുവരെ 3,30,380 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. യാത്രാബത്ത ഇനത്തിൽ അധിക തുകയായി അനുവദിച്ച 2,00,000 രൂപയിൽ 1,00,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേന സ്ഥലംമാറ്റ ബത്തയിൽ വകയിരുത്തുകയും അപ്രകാരം യാത്രാബത്തയിന ത്തിൽ 1,27,718 രൂപയും സ്ഥലംമാറ്റ ബത്തയിനത്തിൽ 63,419 രൂപയും ചെലവഴിക്കു കയും ചെയ്തിട്ടുണ്ട്. വെള്ളക്കരം ഇനത്തിൽ ജലവിഭവ വകുപ്പിൽ നിന്നും ബില്ലുകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ തുക ചെലവഴിക്കാനായിട്ടില്ല. വൈദ്യുതി ചെലവിന്റെ വിഭാഗത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയല്ലാതെ അധിക തുക ലഭിച്ചിട്ടില്ല. ഈ ഇനത്തിൽ നാളിതുവരെ 64,152 രൂപ ചെലവഴിക്കുകയും അവസാനമായി വന്ന 20,000 രൂപയ്ക്കുമേൽവരുന്ന ബില്ല് വിഹിതത്തിന്റെ അഭാവംമൂലം അടുത്ത സാമ്പത്തിക വർഷത്തേക്ക് കൊടുക്കുവാനുള്ള സാവകാശം നൽകാൻ വൈദ്യുതി ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടെലിഫോൺ ചാർജ്ജിനത്തിൽ ബഡ്ജറ്റ് വിഹിതമായ 25,000 രൂപയ്ക്കു പുറമെ 50,000 രൂപ അധിക തുക ലഭിക്കുകയും 42,132 രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് ചെലവിലെ മറ്റിനങ്ങളിലെ വിഭാഗത്തിൽ 17,95,000 രൂപ കംപ്യൂട്ടറൈസേഷനും റാക്ക് വാങ്ങുന്നതിനും ഉൾപ്പെടെ ആയി ലഭിക്കുകയും നാളിതുവരെ 1,60,021 രൂപ ചെലവഴിക്കുകും ചെയ്തിട്ടുണ്ട്. റാക്ക് വാങ്ങിയ തുകയും കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനാവശ്യമായ തുകയും ഈ ഇനത്തിൽ മിച്ചമായുണ്ട്. വാഹനം വാങ്ങൽ ഇനത്തിൽ 31,50,000 അധിക തുക ലഭിക്കുകയും നാളിതുവരെ 29,25,186 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല. ഈ വിഭാഗത്തിൽ 24,612 രൂപ ചെലവഴിച്ചിട്ടുണ്ട്. പി.ഒ.എൽ. വിഭാഗത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച മൂന്നു ലക്ഷം രൂപയിൽ ഇതുവരെ 95,119 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3221/എ.ആർ.12(2)/2012/ഉഭപവ. തീയതി 16-5-2012)

## ശുപാർശ

04-2—സ്ഥലംമാറ്റ ബത്ത

കേരള സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ നിലവിലുള്ളതും പുതിയതുമായ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുവാനായി രൂപീകരിച്ചിട്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ജീവനക്കാരുടെ നിയമനം നടക്കുന്നത്. ഇപ്രകാരം ട്രൈബ്യൂണലിലേക്ക് ഡെപ്യൂട്ടേ ഷൻ വ്യവസ്ഥയിൽ വരുന്നവർക്ക് ട്രാൻസ്ഫർ ടി.എ. നൽകുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

യാത്രാബത്തയിനത്തിൽ ലഭിച്ച അധിക തുകയായ രണ്ടു ലക്ഷം രൂപയിൽ നിന്നും റീ-അപ്രോപ്രിയേഷൻവഴി ഒരു ലക്ഷം രൂപ സ്ഥലംമാറ്റ ബത്തയിലേക്ക് വകയിരുത്തുകയും, അതിൽ ഇതുവരെ 63,419 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3221/എ.ആർ.12(2)/2012/ഉഭപവ. തീയതി 16-5-2012)

<u>ശുപാർശ</u>

06—<u>വാടക, കരം, നികുതി</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ചെയർമാനും അതിലെ അഞ്ച് അംഗങ്ങളും ഹൈക്കോടതി ജഡ്ജിയുടേതിന് സമാനമായ വീട്ട് വാടക ലഭിക്കുന്നതിന് അർഹരാണ്. കൂടാതെ രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ (ജുഡീഷ്യൽ) എന്നിവർക്കും വീട്ടുവാടക നൽകേണ്ടതുണ്ട്. പ്രസ്തുത ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഓഫീസ് മന്ദിരത്തിന് നൽകേണ്ടതായ നികുതിത്തുകകൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ഇനത്തിൽ 12,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

വാടക, കരം, നികുതി ഇനത്തിൽ അധിക തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 3221/എ.ആർ.12(2)/2012/ഉഭപവ. തീയതി 16-5-2012)

<u>ശുപാർശ</u>

34—<u>മറ്റു ചെലവുകൾ</u>

പുതുതായി പ്രവർത്തനം ആരംഭിച്ച ട്രൈബ്യൂണലിൽ ആവശ്യമായ ഫർണിച്ചർ, ഫോട്ടോ കോപ്പിയർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി യാതൊരു തുകയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

ഓഫീസ് ചെലവുകളുടെ മറ്റു ചെലവുകൾ വിഭാഗത്തിൽ 17,95,000 അധിക തുകയായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയിൽ റാക്കു വാങ്ങിക്കുന്നതിനായി 70,000 രൂപയും കേസ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ കംപ്യൂട്ടറൈസേഷനുവേണ്ടി 15,25,000 രൂപയും ഉൾപ്പെടുന്നു. റാക്കു വാങ്ങിച്ച വകയിൽ 65,000 രൂപ സിഡ്കോയ്ക്ക് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കംപ്യൂട്ടറൈസേഷൻ

നടപ്പാക്കുന്നതിനായി എൻ.ഐ.സി.-യുമായി ചേർന്ന് തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും എൻ.ഐ.സി.-യുമായി കരാർ ഒപ്പിട്ടതിനു ശേഷം തുക നൽകുന്നതിന് അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ഒരു കേന്ദ്ര സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ കരാർ ഒപ്പിടുന്ന തിൽനിന്നും പിന്നീട് ഒഴിവാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3221/എ.ആർ.12(2)/2012/ഉഭപവ. തീയതി 16-5-2012)

ശുപാർശ

99—ഇൻഫർമേഷൻ ടെക്നോളജി

ട്രൈബ്യൂണലിൽ National Informatics Centre വഴി കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് 40 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് 15,25,000 രൂപ ഓഫീസ് ചെലവിലെ മറ്റു ചെലവുകൾ വിഭാഗത്തിൽ അനുവദിച്ചിട്ടുണ്ട്.

2012-13 വർഷത്തിൽ 2014-00-116-99 (NP) ഹെഡ്ഡിൽ ആകെ 319.38 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നത് തീരെ അപര്യാപ്തമാകയാൽ അധികമായി 572 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന ആവശ്യം 4-5-2012-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സബ്ജക്റ്റ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3221/എ.ആർ.12(2)/2012/ഉഭപവ. തീയതി 16-5-2012)

ശുപാർശ

2014-00-800-88—ഗ്രാമന്യായാലയം

പാർലമെന്റ് നിയമനിർമ്മാണം നടത്തി 1-10-2009-ൽ നടപ്പിലാക്കിയ ഗ്രാമന്യായാലയ നിയമം, 2008 പ്രകാരം സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ 152 ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ 60 ബ്ലോക്കുകളിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനായി ഗവൺമെന്റിന്റെ അനുവാദം തേടിയിരുന്നു. 1-3-2011 ലെ-G.O.(Ms.)86/2011/Home പ്രകാരം 30 ബ്ലോക്കുകളിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 152 ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് 54,62,61,000 രൂപയുടെ ബഡ്ജറ്റ് പ്രൊപ്പോസൽ നൽകിയിരുന്നു. എങ്കിലും പ്രസ്തുത ഹെഡ്ഡിൽ 1,000 രൂപ മാത്രമേ ഗവൺമെന്റ് ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുള്ളൂ. ഗ്രാമന്യായാലയങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കുവാൻ ഭരണാനുമതി ലഭിച്ച സംസ്ഥാനത്തെ 60 ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനത്തിനായി 15,29,19,000 രൂപ കൂടി ഈ ശീർഷക ത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

ഗ്രാമന്യായാലയ ചട്ടങ്ങൾക്ക് അന്തിമരൂപം നല്കുന്നതിന് വിധേയമായി സംസ്ഥാനത്ത് 60 ഗ്രാമന്യായാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി ധനാഭ്യർത്ഥനാ സൂക്ഷമപരിശോധന കമ്മിറ്റി 2011-12, അധിക ധനസഹായമായി 15,29,20,000 രൂപ ശുപാർശ ചെയ്തിട്ടുണ്ട്. ഗ്രാമന്യായാലയ ചട്ടങ്ങൾക്ക് തൻവർഷം അന്തിമരൂപം നല്കിയിട്ടില്ലാത്തതിനാൽ ഇതു പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

2014-00-800-86—നീതിന്യായ നിർവ്വഹണ പുരോഗതി

13-ാം ധനകാര്യകമ്മീഷൻ ശുപാർശകൾ

പ്രഭാത സായാഹ്ന കോടതികൾ, ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലനം, പൈതൃകമൂല്യമുള്ള കോടതി മന്ദിരങ്ങളുടെ സംരക്ഷണം, സംസ്ഥാന ജുഡീഷ്യൽ അക്കാദമി, കോടതി മാനേജർമാർ തുടങ്ങിയ ഹൈക്കോടതി നടത്തുന്നതും നിയന്ത്രിക്കുന്നതുമായ ഘടകങ്ങൾക്കായി 21,75,60,000 രൂപ ആവശ്യമായിട്ടുള്ളതിനാൽ പ്രസ്തുത തുക ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

ഹൈക്കോടതിയുടെ നിയന്ത്രണത്തിലും പ്രവർത്തനത്തിലുമുള്ള ഘടകങ്ങളായ പ്രഭാത/സായാഹ്ന കോടതികൾ, ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലനം, പൈതൃക മൂല്യമുള്ള കോടതി മന്ദിരങ്ങൾ, സംസ്ഥാന ജുഡീഷ്യൽ അക്കാഡമി, കോർട്ട് മാനേജർമാർ എന്നീ ഘടകങ്ങൾക്കായുള്ള ഹൈക്കോടതി നിർദ്ദേശങ്ങൾക്കു വേണ്ടി 21,75,60,000 രൂപ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. അംഗീകരിച്ച പ്രവർത്തന പദ്ധതി പ്രകാരമുള്ള വിവധ ഘടകങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമെന്ന പ്രതീക്ഷയിൽ 2010-11വർഷം വിട്ടുകിട്ടിയ ഫണ്ടിൽ ചിലവഴിക്കപ്പെടാതെ ബാക്കി നിന്നത് വിനിയോഗിക്കാനാണ് ഈ തുക ആവശ്യപ്പെട്ടത്. താഴെ ചേർക്കുന്ന നിയന്ത്രണാതീതമായ കാരണങ്ങളാൽ ഇവ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലനം

കേരളാ ജുഡീഷ്യൽ സർവ്വീസിൽ 45 മുൻസിഫ്—മജിസ്ട്രേറ്റ് ഒഴിവുകൾ നിലവിലുണ്ടായിരുന്നതിനാൽ, 45 പേരെ മുന്നിൽ കണ്ടുകൊണ്ടാണ് പുതിയതായി നിയമിക്കപ്പെടുന്നവർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് വിഭാവനം ചെയ്തത്. എന്നാൽ പരിശീലനത്തിനായി 18 അംഗങ്ങളെ മാത്രം തിരഞ്ഞെടുത്തതിനാൽ അംഗങ്ങളുടെ എണ്ണത്തിലുള്ള ഈ കുറവ് ചെലവ് കുറയുന്നതിനിടയാക്കി.

പൈതൃകാമൂല്യമുള്ള കോടതി മന്ദിരങ്ങൾ

ഈ പദ്ധതി പ്രകാരം ഹൈക്കോടതി തെരഞ്ഞെടുത്ത സ്വാതന്ത്ര്യലബ്ധിക്ക് 10 വർഷം മുമ്പുള്ള കോടതി മന്ദിരങ്ങൾ (പഴയ ഹൈക്കോടതി കെട്ടിടവും

9 കീഴ് കോടതി കെട്ടിടങ്ങളും) സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം എച്ച്. എൽ. എം. സി. അംഗീകരിച്ചിട്ടുണ്ട്. സാധ്യമായ എല്ലാ പരിശ്രമങ്ങളും നടത്തിയിട്ടും, ഇതുവരെ രണ്ട് കെട്ടിടങ്ങളുടെ മാത്രം പ്ലാനുകളും, എസ്റ്റിമേറ്റുമാണ് ലഭിച്ചിട്ടുള്ളത് എന്നതിനാൽ ഈ വർഷം രാം മോഹൻ പാലസിന്റെയും (പഴയ ഹൈക്കോടതി കെട്ടിടം) തിരുവനന്തപുരം ജില്ലാ കോടതിയുടേയും മാത്രം സംരക്ഷണ ജോലികളാണ് നിർവ്വഹിച്ചിട്ടുള്ളത്.

കേരളാ ജുഡീഷ്യൽ അക്കാഡമി

നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാൽ കേരളാ ജുഡീഷ്യൽ അക്കാഡമിയുടെ കെട്ടിടനിർമ്മാണം വിഭാവനം ചെയ്ത പ്രകാരം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

കോർട്ട് മാനേജർ

നിയന്ത്രണാതീതമായ കാരണങ്ങളാൽ കോർട്ട് മാനേജർമാരുടെ നിയമനവും നടത്തിയിട്ടില്ല. ഇതുമൂലം കൂടുതൽ തുക ആവശ്യമായി വന്നിട്ടില്ലാത്തതും അതുകൊണ്ട് അത്തരം അഭ്യർത്ഥനകളില്ലാത്തതുമാണ്.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

ഈ സ്കീമിന് ആവശ്യമായ മുഴുവൻ ഫണ്ടും ഇ-കോടതി പ്രോജക്ടിൻ കീഴിൽ അനുവദിക്കുന്നത് എൻ.ഐ.സി. ആണ്. എൻ.ഐ.സി. ഗവൺമെന്റിന് കൈമാറിയ ഫണ്ടുകൾ അനുയോജ്യമായ ഗവൺമെന്റ് അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച് ആയത് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അപ്രകാരം 2011-12 സാമ്പത്തിക വർഷം ആകെ 2,84,03,487 രൂപ ഈ ഹെഡ്ഡിൽ ആവശ്യമുണ്ട്. ആയതിനാൽ ടോക്കൺ പ്രോവിഷനായി അനുവദിച്ച 1,000 രൂപ കഴിച്ച് ബാക്കി തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

4-11-11-ലെ ജി. ഒ. (ആർടി.) 8096/11/ഫിൻ. പ്രകാരവും 19-7-2011 തീയതിയിലെ ജി. ഒ. (ആർടി.) 5726/11/ഫിൻ. പ്രകാരവും ഈ ഹെഡ്ഡിൽ കൂടുതലായി 2,88,50,000 രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

05—ഓഫീസ് ചെലവുകൾ 4—മറ്റ് ഇനങ്ങൾ (105-99)-ഉം 34—മറ്റ് ചെലവുകൾ

(105-99, 105-98, 108-99, 117-99-ഉം)

കീഴ്കോടതികളിൽ ഇനി വേണ്ട അടിസ്ഥാന സൗകര്യങ്ങൾ (ഫർണീച്ചർ വാങ്ങൽ, കോടതിയിടപാടുകളിൽ ഏർപ്പെടുന്ന പൊതുജനങ്ങൾക്കാവശ്യമായ കാര്യങ്ങൾ) ഏർപ്പെടുത്തുന്നതിലേക്കായി മുകളിൽപ്പറഞ്ഞ ഹെഡുകൾക്കുകീഴിൽ 5,18,88,000 രൂപയും കീഴ്ക്കോടതികളിലേക്ക് 2009-2010 വർഷത്തിൽ കൂടുതൽ വാങ്ങിയ പേഴ്സണൽ കമ്പ്യൂട്ടറുകൾക്ക് ആവശ്യമായ കമ്പ്യൂട്ടർ ഫർണിച്ചറുകൾ വാങ്ങുന്നതിലേക്കായി 105-99-34—മറ്റു ചെലവുകൾ എന്ന ഹെഡിൽ 1,29,17,000 രൂപയും കൂടുതലായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

വിഷയ നിർണ്ണയ സമിതി ശുപാർശ—6,48,05,000 രൂപ (സംസ്ഥാനത്തെ കീഴ്ക്കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 5,18,88,000 രൂപയും കമ്പ്യൂട്ടർ ഫർണീച്ചർ വാങ്ങുന്നതിന് 1,29,17,000 രൂപയും)

മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള തുക തൻവർഷം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

2009-10 വർഷത്തിൽ കീഴ്ക്കോടതികളിൽ ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി 16,84,06,000 രൂപയ്ക്കുള്ള ഹൈക്കോടതി നിർദ്ദേശം, കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും ആവശ്യമായ 4,21,80,000 രൂപ കൂടി ഉൾപ്പെടുന്നതായിരുന്നു. ഈ ആവശ്യത്തിലേക്കായി സർക്കാർ 2,11,00,000 രൂപ മാത്രമാണ് ആ വർഷം അനുവദിച്ചത്. സംസ്ഥാനത്തെ കീഴ്ക്കോടതികളിലേക്ക് ആവശ്യമായ 609 കമ്പ്യൂട്ടറുകളും, പ്രിന്ററുകളും, യു.പി.എസും. വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യുന്നതിന് 2,67,96,000 രൂപ ആവശ്യമുണ്ട്. കൂടാതെ വിൻഡോസ് 7 ഓപ്പറേറ്റിംഗ് സിസ്റ്റം പ്രീ ലോഡ് ചെയ്ത 14 കമ്പ്യൂട്ടറുകളും (14 ജില്ലാ കോടതികളിലും ഡിജിറ്റൽ ലൈബ്രറികൾ പ്രയോജനപ്പെടുത്തുന്നതിലേക്കായി) പ്രിന്ററുകളും, യു.പി.എസ്സു-കളും വാങ്ങുന്നതിനായി 7,84,000 രൂപയും ആവശ്യമായി വരുന്നുണ്ട്. ഈ ഹെഡിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. നടപ്പുവർഷം ഈ ഹെഡിൽ 2,75,79,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സ്വീകരിച്ച നടപടി</u>

ഈ ഹെഡിലെ 2,75,79,000 രൂപയുടെ നിർദ്ദേശം 2,67,96,000 രൂപ ചെലവിൽ കീഴ്ക്കോടതികൾക്കാവശ്യമായ 609 കമ്പ്യൂട്ടറുകൾ വാങ്ങി സ്ഥാപിക്കുന്നതിനും 7,84,000 ചെലവിൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന 14 കമ്പ്യൂട്ടറുകൾ വാങ്ങി സംസ്ഥാനത്തെ ജില്ലാ കോടതികളിൽ സ്ഥാപിക്കുന്നതിനു മുള്ളതായിരുന്നു. ഇതിൽ 7,84,000 രൂപ ചെലവിൽ 14 കമ്പ്യൂട്ടറുകൾ 2011-12 വർഷത്തെ നീക്കിയിരുപ്പിൽ നിന്നും റീ-അപ്രോപ്രിയേഷൻ വഴി വാങ്ങാൻ സാധിച്ചിട്ടുണ്ട്. 2,67,96,000 രൂപ ചെലവിൽ 609 കമ്പ്യൂട്ടറുകൾ വാങ്ങി കീഴ്ക്കോടതി കളിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സർക്കാർ തൻവർഷം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

<u>ശുപാർശ</u>

04—02 <u>സ്ഥലംമാറ്റ ബത്ത</u> (103-99, 105-99, 105-98, 108-99, 117-99)

സുപ്രീംകോടതി WP(C) No. 1022/89-ലെ I.A. No. 244-ൽ 4-5-2010 തീയതിയിൽ നൽകിയ ഉത്തരവിൻപ്രകാരവും ഒന്നാം ദേശീയ ജുഡീഷ്യൽ പേ കമ്മീഷൻ, ജസ്റ്റിസ് ഇ. പദ്മനാഭൻ കമ്മീഷൻ എന്നിവയുടെ ശുപാർശകൾ പ്രകാരവും ജുഡീഷ്യൽ ഓഫീസർമാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവന വ്യവസ്ഥകളും സൗകര്യങ്ങളും/ബത്തകളും നൽകേണ്ടതുണ്ട്. അപ്രകാരം ഇതുമായി ബന്ധപ്പെട്ട് 1-11-1999 മുതൽ മുൻകാല പ്രാബല്യത്തോടെ ഉത്തരവായിട്ടുള്ള ട്രാൻസ്ഫർ ഗ്രാന്റിന്റെ കുടിശ്ശിക ജുഡീഷ്യൽ ഓഫീസർമാർക്ക് നൽകുന്നതിനും ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ളവരുടെ ആവശ്യം നിറവേറ്റുന്നതിനുമായി 66,60,000 രൂപ കൂടുതൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സ്വീകരിച്ച നടപടി</u>

ജുഡീഷ്യൽ ഓഫീസർമാരുടെ സ്ഥലമാറ്റ ബത്ത കുടിശ്ശിക നൽകുന്നതിനായി മേൽപ്പറഞ്ഞ ഹെഡുകളിൽ 14-9-2011-ലെ ജി.ഒ. (ആർടി.) 6988/2011 അനുസരിച്ച് 66,60,000 രൂപ അധികമായി അനുവദിച്ചിട്ടുള്ളതാകുന്നു.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

<u>ശുപാർശ</u>

800-93-06—<u>വാടക, കരം, നികുതി</u>

ജസ്റ്റിസ് ഇ. പദ്മനാഭൻ കമ്മീഷന്റെ ശുപാർശപ്രകാരം ജുഡീഷ്യൽ ഓഫീസർമാർക്ക് വാടകരഹിത താമസസൗകര്യം ലഭ്യമാക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. അത് തുടർന്നും ലഭ്യമാക്കേണ്ടതുള്ളതിനാൽ ഈ സാമ്പത്തികവർഷം പ്രസ്തുത ചെലവുകൾക്കായി ഈ ഹെഡിൽ 30,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

ജുഡീഷ്യൽ ഓഫീസർമാരുടെ താമസസ്ഥലത്തിന്റെ വാടക നൽകുന്നതിനായി ജി. ഒ. (ആർടി.) 8703/2011/സർക്കാർ 26-11-2011 പ്രകാരം 30,00,000 രൂപ അധികമായി അനുവദിച്ചിട്ടുള്ളതാകുന്നു.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

21-1—വാഹനങ്ങൾ വാങ്ങൽ

സുപ്രീംകോടതിയുടെ ഉത്തരവിൻ പ്രകാരവും ഒന്നാം ദേശീയ ജുഡീഷ്യൽ പേ കമ്മീഷൻ, ജസ്റ്റിസ് ഇ. പദ്മനാഭൻ കമ്മീഷൻ എന്നിവയുടെ ശുപാർശകൾ പ്രകാരവും ജുഡീഷ്യൽ ഓഫീസർമാർക്ക് മതിയായ യാത്രാസൗകര്യം നൽകേണ്ടതുണ്ട്. ജുഡീഷ്യൽ ഓഫീസർമാരുടെ ഉപയോഗത്തിലേക്കായി 42 വാഹനങ്ങൾ വാങ്ങുന്നതിന് 2,52,00,000 രൂപ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ജുഡീഷ്യൽ ഓഫീസർമാർക്ക് വേണ്ടി 42 വാഹനങ്ങൾ വാങ്ങുന്നതിന് 2,52,00,000 രൂപ ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യത്തിലേക്കായി തുക അനുവദിച്ചിട്ടില്ല. നിലവിൽ വിവിധ ഹെഡുകളിൽ നീക്കിയിരിപ്പുള്ള തുകകൾ ഉപയോഗപ്പെടുത്തി വാഹനങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

800-93-34—മറ്റ് ചെലവുകൾ

സംസ്ഥാനത്തെ ജുഡീഷ്യൽ ഓഫീസർമാർക്ക് ഹോം ലൈബ്രറിയും ഫർണിഷിങ് അലവൻസും നൽകൽ.

സുപ്രീംകോടതിയുടെ WP(C) 1022/89-ലെ ഉത്തരവു പ്രകാരം ഷെട്ടി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ജുഡീഷ്യൽ ഓഫീസർമാരുടെ വസതികളിൽ ഹോം ലൈബ്രറികൾ ഒരുക്കുന്നതിനായി പ്രത്യേകം സ്ഥലവും, ആവശ്യമായ പുസ്തകങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുള്ളതും ഇതിലേക്കാവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഹൈക്കോടതിയോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. ഹൈക്കോടതി ജഡ്ജിമാരുടെ കമ്മിറ്റി ഹോം ലൈബ്രറി ഒരുക്കൽ, ജുഡീഷ്യൽ ഓഫീസർമാരുടെ ഡ്രോയിംഗ് റൂം ഫർണീഷ് ചെയ്യൽ എന്നിവ സംബന്ധിച്ച ഷെട്ടി കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിലേക്കായി, എല്ലാ ജുഡീഷ്യൽ ഓഫീസർമാർക്കും 85,000 രൂപ ഫർണീഷിംഗ് അലവൻസായും 19,242 രൂപ ലൈബ്രറി പുസ്തകങ്ങൾ,

നിയമസംബന്ധമായ സി.ഡി.കൾ എന്നിവ വാങ്ങുന്നതിലേക്കായും നൽകാൻ തീരുമാനിച്ചിരുന്നു. ഈ ആവശ്യത്തിലേക്കായി 4,48,24,000 രൂപ അധികമായി ആവശ്യം വരുമെന്ന് സമിതി മനസ്സിലാക്കുകയും അതിനായി ശുപാർശ ചെയ്യുകയും ചെയ്യുന്നു.

കീഴ്ക്കോടതികളിലേക്ക് നിയമ പുസ്തകങ്ങൾ വാങ്ങൽ

സംസ്ഥാനത്തെ കോടതികൾ സുഗമമായി പ്രവർത്തിക്കുന്നതിന് ഓരോ കോടതി കളിലും അത്യന്താപേക്ഷിതവും ആവശ്യം വേണ്ടതുമായ അംഗീകൃത നിയമ പുസ്തകങ്ങൾ ആവശ്യമാണ്. സംസ്ഥാനത്തെ കീഴ്ക്കോടതികളിലേക്ക് ഏറ്റവും കുറഞ്ഞ എണ്ണം അംഗീകൃത നിയമഗ്രന്ഥങ്ങൾ വാങ്ങുന്നതിലേക്കുള്ള എസ്റ്റിമേറ്റ് 1,01,59,000 രൂപയ്ക്കുള്ളതാണ്. ഏറ്റവും കുറഞ്ഞ എണ്ണം നിയമ പുസ്തകങ്ങൾ ഓരോ കോടതിക്കും ലഭ്യമാക്കേണ്ടതാണെന്നും ഒരു പുസ്തകത്തിന് 300 രൂപ ശരാശരി വില വരുമെന്നും കണക്കാക്കിയാൽ 1,01,59,000 രൂപയ്ക്ക് 33863 ഗ്രന്ഥങ്ങൾ വാങ്ങാവുന്നതാ ണെന്നും അപ്രകാരം ഒരു കോടതിക്ക് ശരാശരി 80 പുസ്തകങ്ങൾ ലഭ്യമാകുമെന്ന് കണക്കാക്കിയിരിക്കുന്നു. ആയതുകൊണ്ട് ഈ വർഷം ഇതിലേക്കായി 88,39,000 രൂപ അധികവിഹിതമായി ഈ ശീർഷകത്തിൽ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66, 67)

സ്വീകരിച്ച നടപടി

2011-2012-ലേക്കുള്ള ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധന ചെയ്യുന്നതി ലേക്കുള്ള കുറിപ്പിൽ, ഈ ഹെഡിൽ 5,36,63,000 രൂപ ഹൈക്കോടതി ആവശ്യപ്പെട്ടിരു ന്നു. ഇതിൽ 4,48,24,000 രൂപ സംസ്ഥാനത്തെ ജുഡീഷ്യൽ ഓഫീസർമാർക്ക് ഹോം ലൈബ്രറി ഒരുക്കൽ, ഫർണീഷിംഗ് അലവൻസ് നൽകൽ എന്നിവയ്ക്കായും 88,39,000 രൂപ സംസ്ഥാനത്തെ കീഴ്ക്കോടതികളിലേക്ക് ആവശ്യമായ നിയമ പുസ്തകങ്ങൾ വാങ്ങുന്നതിനുമായിരുന്നു. കമ്മിറ്റി ശുപാർശ ചെയ്തപ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുകയിൽ നിന്നും ജുഡീഷ്യൽ ഓഫീസർമാർക്ക് ഹോം ലൈബ്രറി ഒരുക്കുന്നതിലേക്കുള്ള ചെലവ് നേരി ടുന്നതിനുള്ള സാധ്യതകൾ വിശകലനം ചെയ്തുവരികയാണ്. കീഴ്ക്കോടതികൾക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്നതിനുള്ള അഭ്യർത്ഥന സർക്കാരിന്റെ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

2014-00-102-98—ഹൈക്കോടതി ലൈബ്രറിക്ക് പുസ്തകം വാങ്ങൽ

ഈ ഹെഡ്ഡിലുള്ള ഗ്രാന്റ് ഈ വർഷത്തെ എസ്റ്റിമേറ്റ് തുകയുടെ 31.74% മാത്രമാണ്. ഗ്രന്ഥങ്ങൾ വാങ്ങൽ, വിദേശ ഇന്ത്യൻ ആനുകാലികങ്ങൾ, ജേർണൽസ്, ഇന്ത്യാ ഗസറ്റ് എന്നിവയ്ക്കുള്ള വരിസംഖ്യ, ആനുകാലികങ്ങളുടെ ബൈൻഡിംഗ് ചാർജ്, ദിനപ്പത്ര വരിസംഖ്യ എന്നിവയ്ക്കായി 38,09,000 രൂപ കൂടുതലായി അനുവദി ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

1-10-2011-ലെ ജി.ഒ. (ആർടി.) 7327/2011/ഫിൻ. പ്രകാരം ഈ ഹെഡിൽ അധികമായി 38,00,000 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

<u>ശുപാർശ</u>

2014-00-102-99—<u>ഹൈക്കോടതി</u>—05-4—<u>മറ്റിനങ്ങൾ</u>

ആധുനിക മോഡുലാർ ഫർണീച്ചറുകളും ഫർണീഷിംഗുകളും സജ്ജീകരിച്ച് ഹൈക്കോടതിയിലെ ഭരണവിഭാഗം ആധുനീകരിക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം ഹൈക്കോടതിയിൽ അനുവദിച്ച 222 അധിക തസ്തികയിലേക്ക് നിയമിക്കപ്പെട്ടിരിക്കുന്ന പുതിയ ഓഫീസർമാരുടേയും സ്റ്റാഫിന്റേയും ഉപയോഗത്തിനായും കൂടുതൽ ഫർണീച്ചർ ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഹൈക്കോടതിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ ചെലവുകളും ഈ ഹെഡ്ഡിൽ ലഭ്യമായിട്ടുള്ള ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്. ആയതുകൊണ്ട് ഈ വർഷം 1,00,00,000 രൂപ ഈ ശീർഷകത്തിൽ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സ്വീകരിച്ച നടപടി</u>

ഹൈക്കോടതിയിലെ ഭരണസംബന്ധമായ വിഭാഗങ്ങളുടെ ആധുനികവൽക്കരണത്തിനുവേണ്ടി 1,00,00,000 രൂപ ഹൈക്കോടതി അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഹൈക്കോടതിയിലെ ഭരണസംബന്ധമായ വിഭാഗങ്ങളുടെ ആധുനികവൽക്കരണം, ചീഫ് എഞ്ചിനീയർമാരുടെ ലംപ്സം ഫണ്ടിൽ നിന്നും ആവശ്യമായ തുക ചെലവ് ചെയ്ത് നടപ്പിലാക്കാമെന്ന് സംസ്ഥാന പി.ഡബ്ല്യു.ഡി. ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്. അതിനാൽ, ഇക്കാര്യത്തിൽ അഭ്യർത്ഥനകളില്ല.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

<u>ശുപാർശ</u>

21-1—<u>വാഹനങ്ങൾ വാങ്ങൽ</u>

ഹൈക്കോടതിയിലെ ജഡ്ജിമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും ഉപയോഗത്തിനായുള്ള വാഹനങ്ങൾ വാങ്ങുന്നതിന് 83,03,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള സാഹചര്യങ്ങളിൽ ലഭ്യമായ നീക്കിയിരുപ്പിന്റെ റീ അപ്രോപ്രിയേഷൻ വഴി ആവശ്യങ്ങൾ നേരിടുവാൻ സാധിക്കും. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ 86379/സി3/11/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

05-03—ടെലഫോൺ ചെലവുകൾ

ഇ-കോടതി പദ്ധതിയിൽപ്പെടുത്തി കീഴ്ക്കോടതികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ഹോം യു.എൽ. 750 എന്ന സ്കീമിൽ ജുഡീഷ്യൽ ഓഫീസർമാരുടെ വസതികളിൽ ബ്രോഡ്ബാന്റ് കണക്ഷനുകൾ നൽകുന്നതിനും കീഴ്ക്കോടതികളിലെ കെട്ടിട സമുച്ചയങ്ങളിൽ ബി.എസ്.എൻ.എൽ.-ലെ വിവിധ പ്ലാനുകളനുസരിച്ച് ബ്രോഡ്ബാന്റ് കണക്ഷൻ നൽകുന്നതിനും ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ട്. ആയതിനാൽ ഇ-കോടതി പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി ഈ ഹെഡ്ഡിൽ 21,00,000 രൂപ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

14-9-2011-ലെ ജി.ഒ. (ആർടി.) 6998/2011/ധനകാര്യം, 14-11-2011-ലെ ജി.ഒ. (ആർടി.) 8265/2011/ധനകാര്യം, 23-12-2011-ലെ ജി.ഒ. (ആർടി.) 9572/2011/ധനകാര്യം, 11-1-2012-ലെ ജി.ഒ. (ആർടി.) 332/2012/ധനകാര്യം, 31-1-2012-ലെ ജി.ഒ. (ആർടി.) 862/2012/ധനകാര്യം, എന്നീ ഉത്തരവുകളിലൂടെ വിവിധ മൈനർ ഹെഡുകളിലെ ടെലിഫോൺ ചാർജ്ജിലേക്കായി 05-3—ടെലഫോൺ ചാർജ്ജുകൾ എന്ന ഹെഡിൽ 33,60,000 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86379/സി3/2011/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

105-98—എം.എ.സി.ടി.കൾ-21-2—റിപ്പെയർ ആന്റ് മെയിന്റനൻസ്

സംസ്ഥാനത്തെ എം.എ.സി.ടി.കളിൽ ഈ സാമ്പത്തികവർഷം വാങ്ങുന്ന വാഹനങ്ങൾക്ക് ആവശ്യമായി വന്നേക്കാവുന്ന അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമായി ഈ ഹെഡ്ഡിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1,10,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധന നടത്തുന്ന സമിതിക്കുള്ള കുറിപ്പിൽ, സംസ്ഥാനത്തെ എം.എ.സി.ടി.കൾക്കായി വാഹനങ്ങൾ വാങ്ങുന്നത് മുന്നിൽ കണ്ട് ഈ ഹെഡിൽ 1,10,000 രൂപയ്ക്കുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നു. പുതിയവാഹനങ്ങൾ വാങ്ങുന്നമുറയ്ക്ക് ഇതുൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 86379/സി3/2011/ആഭ്യന്തരം തീയതി 11-7-2012.)

ശുപാർശ

105-98—എം.എ.സി.ടി.കൾ-45—പി.ഒ.എൽ.

സംസ്ഥാനത്തെ എം.എ.സി.ടി.കളിൽ ഈ സാമ്പത്തികവർഷം വാങ്ങുന്ന വാഹനങ്ങൾക്ക് ആവശ്യമായിവന്നേക്കാവുന്ന പി.ഒ.എൽ. ചാർജ്ജ് നൽകുന്നതിനായി ഈ ഹെഡ്ഡിൽ തുക ഒന്നുംതന്നെ വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 2,75,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധന നടത്തുന്ന സമിതിക്കുള്ള കുറിപ്പിൽ, സംസ്ഥാനത്തെ എം.എ.സി.ടി.കൾക്കായി വാഹനങ്ങൾ വാങ്ങുന്നത് മുന്നിൽ കണ്ട് ഈ ഹെഡിൽ 2,75,000 രൂപയ്ക്കുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നു. 2011-12-ലെ ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള സമിതി, ഹെഡ്വയർ വാങ്ങൽ, വാർഷിക പരിപാലന കരാർ അടക്കമുള്ള പരിപാലന പ്രവൃത്തികൾ തുടങ്ങി സബോർഡിനേറ്റ് കോടതികളിലെ കമ്പ്യൂട്ടറുകളുമായി ബന്ധപ്പെട്ട ചെലവുകൾ നേരിടുന്നതിലേക്ക് ഈ ഹെഡിൽ 1,86,71,000 രൂപയ്ക്കുള്ള ശുപാർശ നൽകിയിരുന്നു. 2011-12-ലേക്കുള്ള ഉപധനാഭ്യർത്ഥനകളിലെ ആദ്യബാച്ചിൽ അതത് മൈനർ ഹെഡുകളിലെ ആവശ്യങ്ങൾക്കായി 1,90,16,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 11-1-2012-ലെ ജി.ഒ.(ആർടി.) 346/2011/ധനകാര്യം പ്രകാരം ഈ ഹെഡിൽ, അധിക ഫണ്ടായി 2,73,000 രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86379/സി3/2011/ആഭ്യന്തരം തീയതി 11-7-2012.)

ശുപാർശ

99—വിവരസാങ്കേതിക വിദ്യ

ഹാർഡ്വെയറുകൾ (കമ്പ്യൂട്ടർ സ്പെയർ പാർട്ട്സ്, പ്രിന്റർ ഹെഡ്, ടോണർ, റിബൺ, ഫ്ളോപ്പി ഡിസ്ക്സ്, സി.ഡി.കൾ എന്നിവ) വാങ്ങുന്നതിനും കീഴ്ക്കോടതികളിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകളുടെ എ.എം.സി. മുതലയാവ പുതുക്കി പരിപാലിക്കുന്നതിനും മറ്റുമുള്ള കമ്പ്യൂട്ടർ അനുബന്ധ ചെലവുകൾ നേരിടുന്നതിനായി ഈ ഹെഡ്ഡിൽ 1,86,71,000 രൂപ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

2011-12-ലെ ധനാഭ്യർത്ഥനകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള സമിതി, ഹാർഡ്വെയർ വാങ്ങൽ, വാർഷിക പരിപാലന കരാർ അടക്കമുള്ള പരിപാലന പ്രവൃത്തികൾ തുടങ്ങി സബോർഡിനേറ്റ് കോടതികളിലെ കമ്പ്യൂട്ടറുകളുമായി ബന്ധപ്പെട്ട ചെലവുകൾ നേരിടുന്നതിലേക്ക് ഈ ഹെഡിൽ 1,86,71,000 രൂപക്കുള്ള ശുപാർശ നൽകിയിരുന്നു. 2011-12-ലേക്കുള്ള ഉപധനാഭ്യർത്ഥനകളിലെ

ആദ്യബാച്ചിൽ അതത് മൈനൽ ഹെഡുകളിലെ ആവശ്യങ്ങൾക്കായി 1,90,16,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 11-1-2012-ലെ ജി.ഒ. (ആർടി.) 346/2011/ധനകാര്യം പ്രകാരം ഈ ഹെഡിൽ, അധിക ഫണ്ടായി 2,73,000 രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86379/സി3/2011/ആഭ്യന്തരം തീയതി 11-7-2012.)

ശുപാർശ

2014-00-117-99—കുടുംബ കോടതികൾ

2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഇരിങ്ങാലക്കുടയിൽ കുടുംബ കോടതി സ്ഥാപിക്കുന്നതിന് മതിയായ ഫണ്ട് ഈ ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

വിഷയനിർണ്ണയസമിതി ശുപാർശ—ഇരിങ്ങാലക്കുടയിൽ പുതിയതായി സ്ഥാപിച്ച കുടുംബ കോടതിക്ക് മതിയായ ഫണ്ട്.

ഇരിങ്ങാലക്കുടയിൽ പുതിയതായി സ്ഥാപിച്ച കുടുംബ കോടതി ഈ വർഷം പ്രവർത്തനം ആരംഭിക്കുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് കോടതിക്ക് മതിയായ ഫണ്ട് അനുവദിക്കണമെന്ന് ധനാഭ്യർത്ഥന സൂക്ഷ്മ പരിശോധന നടത്തുന്ന കമ്മിറ്റി 2011-12 ശുപാർശ ചെയ്തിട്ടുണ്ട്. ഇരിങ്ങാലക്കുടയിൽ കുടുംബ കോടതി സ്ഥാപിക്കുന്നതിനായി സർക്കാർ സ.ഉ.(എംഎസ്.) നമ്പർ 177/2011/ആഭ്യന്തരം തീയതി 9-8-2011 പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതും ആയതിലേക്കായി ടോക്കൺ പ്രൊവിഷനായി 1,000 രൂപ 2011-12-ലെ ആദ്യബാച്ച് ഉപധനാഭ്യർത്ഥനകളിൽ '117-99-01-1-ശമ്പളം' എന്ന ഹെഡിൽ വകയിരുത്തിയിട്ടുള്ളതുമാകുന്നു. എന്നാൽകോടതിതൻവർഷം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 86379/സി3/2011/ആഭ്യന്തരം തീയതി 11-7-2012;)

ശുപാർശ

2014-00-105-99—സിവിലും സെഷൻസും കോടതികൾ

ജി.ഒ. (എംഎസ്.) നമ്പർ 120/2011/ആഭ്യന്തരം തീയതി 3-6-2011 പ്രകാരം അനുവദിച്ച പുതിയ സി.ബി.ഐ. കോടതി തിരുവനന്തപുരം, സബ്കോടതി, ചാവക്കാട് എന്നിവ സ്ഥാപിക്കുന്നതിനും പുനലൂരിൽ സബ്കോടതി സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ അധികതുക ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

വിഷയനിർണ്ണയസമിതി ശുപാർശ—പുതിയതായി അനുവദിച്ച തിരുവനന്തപുരം സി.ബി.ഐ. കോടതിക്കും ചാവക്കാട്, പുനലൂർ എന്നിവടങ്ങളിലെ സബ്കോടതികൾക്കും ആവശ്യമായ ഫണ്ട്

105-99-01-1—ശമ്പളം എന്ന ഹെഡിൽ 2011-12-ലെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥന പ്രകാരം, പുതിയതായി അനുവദിച്ച ചാവക്കാട്ടെയും പുനലൂരിലെയും സബ്‌കോടതികൾക്കായി 1,000 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. മെമ്മോറാണ്ടം ഓഫ് ആൾട്ടറേഷൻസ് ടു ദ ഒറിജിനൽ ബഡ്ജറ്റ് എസ്റ്റിമേറ്റ്സ്—2011-12 പ്രകാരം 1,000 രൂപ പുതിയതായി അനുവദിച്ച തിരുവനന്തപുരം സി.ബി.ഐ. കോടതിക്കും സർക്കാർ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ സി.ബി.ഐ. കോടതി 26-9-2012-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തെ ബാക്കിയുള്ള മാസങ്ങളിലെ ഈ കോടതിയുടെ ആവശ്യങ്ങൾ 105-99-സിവിലും സെഷൻസും കോടതികൾ എന്ന ഹെഡ്ഡിൽ നിലവിലുള്ള ഗ്രാന്റിൽ നിന്നും നേരിടാവുന്നതാണ്. ചാവക്കാട്, പുനലൂർ എന്നിവിടങ്ങളിൽ സബ്‌കോടതികൾ ഇതുവരെ സ്ഥാപിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 86379/സി3/2011/ആഭ്യന്തരം തീയതി 11-7-2012.)

## ധനാഭ്യർത്ഥന നമ്പർ IV

### ശുപാർശ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

04—യാത്രാചെലവുകൾ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, കമ്മീഷനിലെ സ്റ്റാഫ്, 14 ജില്ലകളിലെ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ, ഇലക്ഷൻ ജോലികളിൽ നിയോഗിക്കപ്പെടുന്ന വരണാധികാരികൾ എന്നിവരുടെ യാത്രാചെലവുകൾ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. 15-7-2011 വരെ ഈ ഇനത്തിൽ 5,35,000 രൂപ ചെലവായിട്ടുണ്ടെന്നും പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞുവരുന്ന വർഷമായതിനാൽ മിക്ക ജില്ലകളിലും ഈ ഇനത്തിൽ ബില്ലുകൾ സെറ്റിൽ ചെയ്യേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

### സ്വീകരിച്ച നടപടി

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് 2011-12 വർഷത്തെ ബഡ്ജറ്റ് വിഹിതമായി 2015-00-101-99-04—യാത്രാചെലവുകൾ എന്ന ശീർഷകത്തിൽ 12.54 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, സ്റ്റാഫ് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ, ഇലക്ഷൻ ജോലികളിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർ തുടങ്ങിയവർക്ക് ഈ ഹെഡിൽ നിന്നാണ് യാത്രാപ്പടി അനുവദിക്കുന്നത്. നാളിതുവരെയായി (16-2-2012) ഈ ശീർഷകത്തിൽ 12,15,403 രൂപ ചെലവഴിച്ചിട്ടുണ്ട്. 2010-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കുടിശ്ശിക യാത്രാബില്ലുകൾ തീർപ്പാക്കുന്നതിനും 2011-12-ലെ ഉപതെരഞ്ഞെടുപ്പുകൾക്കും മറ്റും ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലായെന്ന് കണ്ടിട്ടാണ് അധികമായി 10 ലക്ഷം രൂപ കൂടി അനുവദിക്കാൻ സബ്ജക്ട് കമ്മിറ്റിയോട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശുപാർശ ചെയ്തത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് 2011-12 സാമ്പത്തിക

വർഷം 2015-00-101-9904—യാത്രാചെലവുകൾ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 12.54 ലക്ഷം രൂപയ്ക്കുപുറമെ 27-3-2012 തീയതിയിലെ 2661/2012/ഫിൻ. എന്ന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,00,000 (ഒരു ലക്ഷം) രൂപ റീ-അപ്രോപ്രിയേഷനിലൂടെയും ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 68055/ഇ.എം.2/11/ത.സ്വ.ഭ.വ. തീയതി 1-6-2012.)

ശുപാർശ

21—മോട്ടോർ വാഹനങ്ങൾ—2—സംരക്ഷണവും അറ്റുകുറ്റപ്പണികളും

2010-11 വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന 2,05,000 രൂപയിൽ (1,30,000 രൂപ ബഡ്ജറ്റ് വിഹിതമായും 75,000 രൂപ റീ-അപ്രോപ്രിയേഷനിലൂടെയും) 1,93,000 രൂപ ചെലവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

2011-12 വർഷത്തിൽ ഈ ശീർഷകത്തിൽ 1,45,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. 2010-11-ൽ ഈ ശീർഷകത്തിൽ 1,93,000 രൂപ ചെലവഴിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് 2011-12 വർഷത്തേയ്ക്ക് 1 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ 2011-12 വർഷത്തിൽ കർശന നിയന്ത്രണമേർപ്പെടുത്തിയതിനാൽ ചെലവ് 1,25,458 രൂപയായി ചുരുക്കാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ അധികവിഹിതം അനുവദിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 68055/ഇ.എം.2/11/ത.സ്വ.ഭ.വ. തീയതി 4-7-2012.)

ശുപാർശ

2015-00-109-34—മറ്റ് ചെലവുകൾ

2011-12 പൊതു തെരഞ്ഞെടുപ്പിനുശേഷമുള്ള വർഷമായതിനാൽ കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സ്റ്റേഷനറി, പ്രിന്റിംഗ് വകുപ്പുകളുടെ ബില്ലുകൾ ഈ വർഷം സെറ്റിൽ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട എല്ലാ കോടതി ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. അതിനാൽ 2011-12 വർഷത്തേക്ക് ഈ ശീർഷകത്തിൽ ഏകദേശം 4 കോടി രൂപയുടെ ചെലവുണ്ടാകുമെന്ന് കണക്കാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 2,80,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

2011-12-ൽ ബഡ്ജറ്റ് വിഹിതമായി ഈ ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. 2010-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്റ്റേഷനറി, പ്രിന്റിംഗ് വകുപ്പുകളുടെ ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിനും 2011-12 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉപതെരഞ്ഞെടുപ്പുകൾ നടത്തുന്നതിനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട കോടതി ചെലവുകൾ വഹിക്കുന്നതിനുമായി 4 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ അധികവിഹിതമായി 120 ലക്ഷം രൂപ മാത്രമാണ് സർക്കാർ അനുവദിച്ചത് [G.O. (Rt.) No. 4170/2011/Fin. dated 11-5-2011 & G.O. (Rt.) No. 5621/2011/Fin. dated 14-7-2011]. ഈ ശീർഷകത്തിൽ നിന്ന് 2011-12-ൽ ആകെ 1,18,74,687 രൂപ യാണ് ചെലവഴിച്ചത്. സർക്കാരിൽ നിന്ന് കൂടുതൽ തുക ലഭിക്കാതിരുന്ന സാഹചര്യത്തിൽ പ്രിന്റിംഗ് വകുപ്പിന്റെ 48.85 ലക്ഷം രൂപയുടെ ബില്ലുകൾ മാത്രമേ സെറ്റിൽ ചെയ്തിട്ടുള്ളൂ. ഈ ഇനത്തിൽ ഏകദേശം 250 ലക്ഷം രൂപയുടെ ബില്ലുകൾ ഇനിയും സെറ്റിൽ ചെയ്യേണ്ടതായിട്ടുണ്ട്. ഇവയ്ക്ക് ആവശ്യമായി വരുന്ന തുക 2012-13 വർഷത്തിൽ അനുവദിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 68055/ഇ.എം.2/12/ത.സ്വ.ഭ.വ. തീയതി 4-7-2012)

ശുപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് നടത്തുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് 2009-10 വർഷം 1060 എണ്ണം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വാങ്ങിയിട്ടുണ്ട്. കമ്മീഷൻ നടപ്പുവർഷം 1000 എണ്ണം വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി ആവശ്യമായിവരുന്ന 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിൽ മാത്രമാണ് നിലവിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നത്. ഇവയ്ക്ക് ആവശ്യമായി വരുന്ന മെഷീൻ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയിൽ നിന്നും കടമായിട്ടാണ് ഉപയോഗിച്ചുവരുന്നത്. സംസ്ഥാനത്തെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഘട്ടംഘട്ടമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2009-10 വർഷത്തിൽ 1060 എണ്ണം കമ്മീഷൻ സ്വന്തമായി വാങ്ങുകയും ചെയ്തു. 2011-12-ൽ ആവശ്യത്തിലേക്ക് 2 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 68055/ഇ.എം.2/12/തസ്വഭവ. തീയതി 4-7-2012.)

ശുപാർശ

2215-00-110-99—സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ

നിലവിലുള്ള ഡീലിമിറ്റേഷൻ കമ്മീഷന്റെ കാലാവധി 2011 മേയ് മാസം അവസാനിക്കുകയാണ്. കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭാ സമിതിയിലേക്ക് 2012-ൽ നടത്തേണ്ട പൊതു തെരഞ്ഞെടുപ്പിന്റെ മുന്നോടിയായുള്ള വാർഡ് വിഭജനം നടത്തുന്നതിനായി പുതുതായി ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ട്. പ്രസ്തുത കമ്മീഷന്റെ നടത്തിപ്പിനായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

2010-ലെ പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി രൂപീകരിച്ച സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന്റെ ശേഷിക്കുന്ന പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാരിന്റെ 9-6-2011-ലെ സ.ഉ. (ആർടി.) നമ്പർ 4848/2011/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം 3,92,000 രൂപ അധികമായി അനുവദിക്കുകയും അവയിൽ 2,44,096 രൂപ ചെലവഴിക്കുകയും ചെയ്തു. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2012-ലെ പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡ് വിഭജനം നടത്തുന്നതിന് രൂപീകരിക്കപ്പെട്ട കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് 5 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കമ്മീഷന്റെ പ്രവർത്തനങ്ങൾ 2011-12 വർഷത്തിൽ പൂർത്തിയാക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ അധികതുക അനുവദിക്കുന്നതിന് ആവശ്യപ്പെടുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 68055/ഇ.എം.2/12/ത.സ്വ.ഭ.വ. തീയതി 4-7-2012.)

## ധനാഭ്യർത്ഥന നമ്പർ XII

ശുപാർശ

2055—പോലീസ്

014—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

അപകടകരവും സാഹസികവും സമ്മർദ്ദപൂർണ്ണവുമായ പല സാഹചര്യങ്ങളിലും ജോലിയെടുക്കേണ്ടിവരുന്ന സേനാംഗങ്ങൾ പലവിധ ആരോഗ്യ പ്രശ്നങ്ങളാലും ദുരിതമനുഭവിക്കുന്നുണ്ട്. സേനാംഗങ്ങളുടെ ആരോഗ്യ സുരക്ഷ പരമപ്രധാനമായതിനാൽ 45 വയസ്സിനുമുകളിലുള്ള സേനാംഗങ്ങൾക്ക് വാർഷിക വൈദ്യപരിശോധന നടത്തുന്നതിനുള്ള പദ്ധതി നടത്തിപ്പിലേക്കായി 1,15,50,000 രൂപയും നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 38.01 ലക്ഷം രൂപയും ചേർത്ത് 153.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 5,60,35,000 രൂപയാകുന്നു. 15,52,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012.)

ശുപാർശ

02—വേതനം

വകുപ്പിലെ പാർട്ട്-ടൈം സ്വീപ്പർമാർ, ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന താൽക്കാലിക ജീവനക്കാർ മുതലായവരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 38 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 5,65,90,000 രൂപയാകുന്നു. പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 1,96,31,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012.)

ശുപാർശ

04—യാത്രാചെലവുകൾ

1—യാത്രാബത്ത

2011-12 വർഷത്തേക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. പ്രധാന വിഭാഗമായ ജില്ലാ പോലീസ്, ക്രൈം ബ്രാഞ്ച്, ബറ്റാലിയൻ എന്നിവയ്ക്ക് ആവശ്യപ്പെട്ടതിൽനിന്നും വളരെ കുറച്ച് തുകയാണ് വകയിരുത്തിയിട്ടുള്ളത്. 2011-ൽ നടന്ന കേരള നിയമസഭയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുവന്ന ചെലവെല്ലാം പോലീസ് സേനയുടെ ഫണ്ടിൽനിന്നാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ തീവ്രവാദ പ്രവർത്തനം തടയൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്ന വൻ കുറ്റകൃത്യങ്ങളുടെ അന്വേഷണം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും പുറത്തും നിരന്തരം യാത്ര ചെയ്യേണ്ടിവരുന്നതിനാൽ യാത്രാബത്ത കൂടുതൽ ചെലവാകുന്നുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 991.01 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 28,64,58,000 രൂപയാകുന്നു. 36,41,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012.)

<u>ശുപാർശ</u>

05—<u>ഓഫീസ് ചെലവുകൾ</u>

1—<u>വെള്ളക്കരം</u>

വെള്ളക്കരം യഥാസമയം കൊടുക്കാതിരിക്കുന്നത് ജലവിതരണം തടയുന്നതിനും പലിശയും പിഴപ്പലിശ കൊടുക്കുന്നതു വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിന് കാരണമാകുമെന്നതിനാൽ ഈ ശീർഷകത്തിൽ 88.02 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 1,04,65,000 രൂപയാകുന്നു. 60,47,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

2—<u>വൈദ്യുത ചെലവ്</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 195.8 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 6,59,49,000 രൂപയാകുന്നു. 57,77,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

3—<u>ടെലിഫോൺ ചാർജ്ജ്</u>

നടപ്പുവർഷം 15000 മൊബൈൽ ഫോൺ കണക്ഷൻ കൂടി സേനാംഗങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ബഡ്ജറ്റ് വിഹിതം ആവശ്യപ്പെട്ടതിൽ കുറവു വരുത്തിയിട്ടുള്ള 293.80 ലക്ഷം രൂപകൂടി അനുവദിക്കുകയാണെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുവാൻ സാധിക്കുമെന്നും

കഴിഞ്ഞവർഷം 590.19 ലക്ഷം രൂപ അനുവദിച്ചതിൽ 337.59 ലക്ഷം രൂപ മാത്ര മായിരുന്നു ചെലവ് വന്നത് എന്നും C U G പദ്ധതിയിൽ ഉൾപ്പെടുത്തി മൊബൈൽ ഫോൺ കണക്ഷൻ നൽകിയതിനാലാണ് ടെലിഫോൺ ചാർജ് ഇനത്തിലെ ചെലവ് കുറയ്ക്കാനായത് എന്നും സമിതി വിലയിരുത്തി. കൂടുതൽ മൊബൈൽ കണക്ഷൻ നൽകുന്നതിലൂടെ ടെലിഫോൺ ചാർജ്ജ് കുറയ്ക്കുവാനാകുമെന്നതിനാൽ ഈ ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 293.80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 4,61,50,000 രൂപയാകുന്നു. 1,42,13,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-07-2012)

ശുപാർശ

4—മറ്റിനങ്ങൾ

ഓഫീസ് സ്റ്റേഷനറി, ഫർണീച്ചർ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ഫാക്സ്, സിറോക്സ് മെഷീൻ എന്നിവയുടെ ഉപയോഗത്തിനുള്ള സാധനങ്ങൾ മുതലായവ വാങ്ങുന്ന ചെലവും വാഹനങ്ങളുടെ ഇൻഷ്വറൻസ് തുകയുടെ ചെലവും ഈ ശീർഷ കത്തിൽ നിന്നാണ് വഹിക്കുന്നത്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെ ഉപകരണങ്ങൾ വിലയേറിയതായതിനാലും ഇത് പരിപാലിക്കുന്നതിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് ആവശ്യമായതിനാലും 199.28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 4,69,57,000 രൂപയാകുന്നു. പ്രസ്തുത ശീർഷകത്തിൽ 33 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 73,93,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

12—സ്കോളർഷിപ്പും സ്റ്റൈപ്പന്റും

ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിനായി റിക്രൂട്ട്മെന്റ് കഴിഞ്ഞ് ട്രെയിനിംഗ് നടത്തിവരുന്നതിനാൽ ട്രെയിനികൾക്ക് സ്റ്റൈപന്റു നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കുപുറമേ 99.9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 3,00,01,000 രൂപയാകുന്നു. 2,99,25,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി

ജില്ലാ പോലീസ് യൂണിറ്റ്, ബറ്റാലിയനുകൾ എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങളും മറ്റും യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഫണ്ടിന്റെ അഭാവത്താൽ അറ്റകുറ്റപ്പണി വൈകുന്നത് കാരണം കെട്ടിടങ്ങൾ ജീർണ്ണിച്ച് നശിച്ച് സർക്കാരിന് വൻ നഷ്ടം ഉണ്ടാക്കുന്നുണ്ട്. വസ്തുവകകൾ ചുറ്റുമതിൽ/വേലികെട്ടി സംരക്ഷിക്കേണ്ടത് അവ അന്യാധീനപ്പെടുന്നത് തടയുന്നതിന് അത്യാവശ്യമാണ്. ആകയാൽ ഇതിലേക്ക് 87.7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 3,00,83,000 രൂപയാകുന്നു. പ്രസ്തുത ശീർഷകത്തിൽ അധിക തുക ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

19—യന്ത്രോപകരണങ്ങൾ

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ധാരാളം ആധുനിക ഉപകരണങ്ങൾ വാങ്ങുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടേയും കേഡറ്റുകളുടേയും പരിശീലനത്തിനായി ഏകദേശം 3 കോടി രൂപയുടെ ബുള്ളറ്റുകൾ ആവശ്യമായുണ്ട്. കൂടാതെ ഇന്ത്യാ റിസർവ് ബറ്റാലിയനിലേക്കും ഇതര ബറ്റാലിയനുകളിലെ വളരെ വർഷങ്ങളായുണ്ടായിരുന്ന ആയിരക്കണക്കിന് ഒഴുവുകളിലേക്കും റിക്രൂട്ട്മെന്റ് പൂർത്തിയാക്കി ട്രെയിനിംഗ് നൽകേണ്ടതുള്ളതിനാൽ ആയുധങ്ങൾ, വെടിക്കോപ്പുകൾ മുതലായവയ്ക്ക് വൻതുക ആവശ്യമാണ്. തീവ്രവാദ, വിധ്വംസക പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിന് ഏറ്റവും ആധുനിക ഉപകരണങ്ങൾ സേനയുടെ ഭാഗമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പോലീസ് ആശുപത്രികളിലെ ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലാബിലേക്കുള്ള ഉപകരണങ്ങൾ, രാസപദാർത്ഥങ്ങൾ കൂടാതെ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ എന്നിവയ്ക്കും വിനിയോഗിക്കേണ്ടത് ഈ ശീർഷകത്തിലെ പണമാണ്. ആധുനിക യന്ത്രോപകരണങ്ങൾ സ്വായത്തമാക്കി പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സജ്ജമാക്കേണ്ടതുണ്ട്. ആയതിനാൽ ശബരിമലയുടെ സുരക്ഷ ക്രമീകരണങ്ങൾക്കുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഉൾപ്പെടെ 2010.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 7,65,17,000 രൂപയാകുന്നു. പ്രസ്തുത ശീർഷകത്തിൽ 1,51,85,000 രൂപ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 9,63,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

21-1—<u>വാഹനം വാങ്ങൽ</u>

പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് മുൻ വർഷങ്ങളിൽ ബഡ്ജറ്റിൽ പ്രത്യേകമായി രൂപ വകയിരുത്തിവരുന്നില്ല. എം.ഒ.പി.എഫ്. ഫണ്ടിൽ നിന്ന് ഓപ്പറേഷണൽ ആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ മാത്രമാണ് വാങ്ങിയിരുന്നത്. പ്രസ്തുത വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ ഫീൽഡിലുള്ള ഓഫീസുകളുടെ ഉപയോഗത്തിനുമാത്രമായി മാറ്റിവയ്ക്കണമെന്ന് നിബന്ധനയുണ്ട്. ഈ സാഹചര്യത്തിൽ ക്രമസമാധാന പാലനത്തിൽ നേരിട്ട് ബന്ധപ്പെടാത്ത പോലീസ് യൂണിറ്റുകൾക്കും ഹെഡ്ക്വാർട്ടർ യൂണിറ്റുകൾക്കും വാഹനങ്ങൾ വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാകാതെവരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 1000 രൂപ വകയിരുത്തിയിരുന്നു. അധിക തുക ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വാഹനങ്ങളുടെ അറ്റകുറ്റപ്പണി നടത്തി ഉപയോഗക്ഷമമാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 94.83 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 4,10,09,000 രൂപയാകുന്നു. 19,91,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

34—മറ്റു ചെലവുകൾ

ചെലവുകൾ സംബന്ധിച്ച് വ്യക്തമായ ശീർഷകങ്ങൾ അനുവദിച്ചിട്ടില്ലാത്ത ആവശ്യങ്ങൾക്ക് ഈ ശീർഷകത്തിൽനിന്നാണ് തുക കണ്ടെത്തുന്നത്. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 205.46 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 1,28,80,000 രൂപയാകുന്നു. 1,50,00,000 രൂപ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 98,85,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

45—പി.ഒ.എൽ.

വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയും ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വാഹനങ്ങളുടെ ഉപയോഗം വൻതോതിൽ വർദ്ധിച്ചുവരികയാണ്. ഇതിനുപുറമേ 2011-ൽ നടന്ന കേരള നിയമസഭയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വാഹനങ്ങൾ ഉപയോഗിച്ചതിന്റെ ചെലവും വന്നിട്ടുണ്ട്. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 757.17 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം 27,61,25,000 രൂപയാകുന്നു. 2,30,00,000 രൂപ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2,42,39,000 രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

വാഹനങ്ങളുടെ വാടക

ഈ ഇനത്തിൽ ഈ വർഷം നടന്ന നിയമസഭാ ഇലക്ഷനോടനുബന്ധിച്ച് പോലീസ് ബന്ധവസ്സ് ആവശ്യത്തിനായി വാഹനങ്ങൾ വാടകയ്ക്കെടുത്ത വകയിൽ 100 ലക്ഷത്തോളം രൂപ കുടിശ്ശിക ഉണ്ട്. പ്രസ്തുത കുടിശ്ശിക തീർക്കുന്നതിനുൾപ്പെടെ ഈ ശീർഷകത്തിൽ 201 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 1,00,11,000 രൂപയാകുന്നു. പ്രസ്തുത ശീർഷകത്തിൽ 1,06,00,000 രൂപ ഉപധനാഭ്യർത്ഥന വഴി ലഭ്യമാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

<u>പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം</u>

ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പണി മുടങ്ങിക്കിടക്കുന്ന പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം ഘട്ടംഘട്ടമായി പൂർത്തീകരിക്കുന്നതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം 1000 രൂപയാകുന്നു. അധിക തുക ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

2055-00-114-98-99—<u>വിവരസാങ്കേതികവിദ്യ</u>

പോലീസ് ഡിപ്പാർട്ടുമെന്ററിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ് വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000-ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് നൽകാനുംവേണ്ടി 104 ലക്ഷം രൂപ 2055-00-114-98-99 ഇൻഫർമേഷൻ ടെക്നോളജി എന്ന ശീർഷകത്തിൽ പുതുതായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അധിക തുക ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

2055-00-115-99—<u>പോലീസ് സേന നവീകരിക്കുന്നതിന്</u>

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്രഗവൺമെന്റ് 42,45,68,480 രൂപ പോലീസ് സേനയുടെ നവീകരണത്തിനായി നൽകി. ആനുപാതികമായ സംസ്ഥാന വിഹിതമായ 4,43,48,000 രൂപ നിലവിലുള്ള വിഹിതമായ 9,71,75,000 രൂപയ്ക്ക് പുറമെ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

<u>സ്വീകരിച്ച നടപടി</u>

പോലീസ് സേനയുടെ നവീകരണത്തിന് പ്രസ്തുത ശീർഷകത്തിൽ (സംസ്ഥാന വിഹിതം) ബഡ്ജറ്റ് വിഹിതമായ 9,71,75,000 രൂപയ്ക്ക് പുറമേ അധിക തുക ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

2055-00-800-84—<u>പോലീസ് വകുപ്പിന്റെ നവീകരണം</u> (പ്ലാൻ)

ജനമൈത്രി പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 4,47,00,000 രൂപയ്ക്ക് പുറമേ അധിക തുക ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 57760/ഇ4/2012/ആഭ്യന്തരം തീയതി 17-7-2012)

<u>ശുപാർശ</u>

<u>സ്റ്റുഡന്റ് പോലീസ് സ്കീം</u>

സ്കൂൾ കുട്ടികൾക്ക് ട്രാഫിക് നിയമത്തിലുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും പ്രായോഗിക പരിശീലനത്തിനും പോലീസിനെ കുറിച്ച് കുട്ടികൾക്ക് കൂടുതൽ മനസ്സിലാക്കുന്നതിനുമായി ഉദ്ദേശിച്ച് നടപ്പിലാക്കിവരുന്ന 'സ്റ്റുഡന്റ് പോലീസ് സ്കീം' കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് 2055-109-99-34 അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

<u>സ്വീകരിച്ച നടപടി</u>

സ്റ്റുഡന്റ് പോലീസ് പദ്ധതിക്കായി 2010-11 സാമ്പത്തിക വർഷം 2055-00-800 -84-എം.പി.ഡി-പദ്ധതി എന്ന ശീർഷകത്തിൽ നിന്നും 70 ലക്ഷം രൂപയും സർവ്വ ശിക്ഷാ അഭിയാൻ ഫണ്ടിൽ നിന്നും 21 ലക്ഷം രൂപയും ചേർത്ത് ആകെ 91 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ നടത്തിപ്പിനായി "2055-Police-001-direction and administration –99 Superintendent –34 other charges" എന്ന ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നെങ്കിലും ധനകാര്യ

വകുപ്പിന്റെ അനുമതി ലഭിക്കാതിരുന്നതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിൽ സ്റ്റുഡന്റ് പോലീസ് പദ്ധതിക്കായി ജനമൈത്രി പോലീസ് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചിരുന്നു. പോലീസ്, വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നടത്തുന്ന ഈ പദ്ധതിക്ക് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സഹകരണവും ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ചെലവ് കണക്കുകൾ ക്രോഡീകരിച്ച് വരികയാണ്. ഇപ്പോൾ സ്റ്റുഡന്റ് പോലീസ് പദ്ധതിക്കായി പ്രത്യേക ശീർഷകം ഇല്ല. അതിനാൽ നടപ്പു സാമ്പത്തിക വർഷത്തിൽ 'ന്യൂ സർവ്വീസ് പ്രൊസീഡ്വർ' അനുസരിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ധനകാര്യവകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ പദ്ധതിക്കായി അനുവദിക്കുന്നതിന് ഒരു പ്രപ്പോസൽ സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശയോടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ 57811/ജി3/2012/ആഭ്യന്തരം തീയതി 16-7-2012)

## ധനാഭ്യർത്ഥന നമ്പർ XIII

### ശുപാർശ

2056-00-001—ഭരണവും നടത്തിപ്പും

99—മേൽനോട്ടം

ജയിൽ ആസ്ഥാന കാര്യാലയത്തിലെ ജീവനക്കാർക്ക് ശമ്പളം, ബത്തകൾ, യാത്രാപ്പടി, ടെലിഫോൺ, ഇലക്ട്രിസിറ്റി ചാർജ്ജുകൾ, വാഹന സംരക്ഷണ ചെലവ്, ഇന്ധന ചെലവ്, ചികിത്സാ സഹായം എന്നിവയ്ക്ക് ആവശ്യമായ വിഹിതമാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നത്. ഈ ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

### സ്വീകരിച്ച നടപടി

പദ്ധതിയേതരയിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ധനപുനർവിനിയോഗം വഴി 34,53,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86349/ബി2/2011/ആഭ്യന്തരം തീയതി 11-7-2012)

### ശുപാർശ

2056-00-102-99—ജയിൽ നിർമ്മിത സാധനങ്ങൾ (നോൺ പ്ലാൻ)

ജയിൽ നിർമ്മാണശാലകളിൽ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുന്നതിനും, അസംസ്കൃത സാധനങ്ങൾ സമാഹരിക്കുന്നതിനും മറ്റ് അനാമത്ത് ചെലവുകൾ വഹിക്കുന്നതിനും ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നു. കൂടാതെ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് പലതരം ഉല്പന്നങ്ങൾ

നിർമ്മിക്കുന്നതിനും തദ്വാര തടവുകാർക്ക് വിവിധതരം തൊഴിലുകളിൽ പരിശീലനം നൽകുന്നതിനും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഈ തുക ഉപയോഗിക്കുന്നുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

സ്വീകരിച്ച നടപടി

പദ്ധതിയേതരയിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ധനപുനർവിനിയോഗം വഴി 2,58,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86349/ബി2/2011/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

2056-00-101-99—ജയിലുകൾ (നോൺ പ്ലാൻ)

ജയിൽ ഉദ്യോഗസ്ഥരുടെ ശമ്പളം, ബത്തകൾ, തടവുകാരുടെ ഭക്ഷണം, ചികിത്സാ ചെലവ്, വേതനം, ബാറ്റ, വാഹന സംരക്ഷണ ചെലവ്, ഇന്ധന ചെലവ്, ജയിലുകളിലെ വെള്ളം, വൈദ്യുതി, ടെലിഫോൺ ചാർജ്ജ് എന്നിവയാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്ന ചെലവുകൾ. ജയിൽ വകുപ്പിന്റെ മൊത്തത്തിലുള്ള ഭരണ നിർവ്വഹണത്തിനും തടവുകാരുടെ സംരക്ഷണത്തിനുംവേണ്ടി നീക്കിവച്ചിരിക്കുന്ന ഈ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 4,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

സ്വീകരിച്ച നടപടി

പദ്ധതിയേതരയിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ധനപുനർവിനിയോഗം വഴി 4,29,72,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86349/ബി2/2011/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

2056-00-001-98—ജയിലുകൾ നവീകരിക്കുന്നതിന്

ജയിൽ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമാണ് ഈ ശീർഷകത്തിൽ നിന്നും ചെലവ് വഹിക്കുന്നത്. ചീമേനി, നെട്ടുകാൽത്തേരി ജയിലുകളുടെ വികസനം, സുരക്ഷയ്ക്കായി മെറ്റൽ ഡിറ്റക്ടർ, വാക്കിടോക്കി, ഡിജിറ്റൽ ക്യാമറ എന്നിവ സ്ഥാപിക്കൽ, ജനറേറ്റർ സ്ഥാപിക്കുക, SICA-ൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കൽ, ജയിലുകളുടെ കമ്പ്യൂട്ടർവൽക്കരണം തുടങ്ങി നിരവധി വികസന പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന ഈ തുക തികച്ചും അപര്യാപ്തമാണ്. ആകയാൽ ഈ ശീർഷകത്തിൽ 12,83,83,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

സ്വീകരിച്ച നടപടി

പദ്ധതിയേതരയിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ധനപുനർവിനിയോഗം വഴി 43,53,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86349/ബി2/2011/ആഭ്യന്തരം തീയതി 11-7-2012)

ശുപാർശ

2056-00-800-98—ദക്ഷിണ മേഖലയിൽ ജയിൽ ഉദ്യോഗസ്ഥൻമാർക്കുള്ള വിദ്യാലയം—അംശദാനം

ജയിൽ ഉദ്യോഗസ്ഥർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് തമിഴ്നാട് വെല്ലൂരിലെ ട്രെയിനിംഗ് സ്ക്കൂളിന് വേണ്ടിവരുന്ന ചെലവ് 4 ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ തുല്യമായി വീതിച്ചുനൽകുന്നു. അതിന്റെ ഭാഗമായുള്ള സംസ്ഥാന വിഹിതവും മറ്റു ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ഈ ആവശ്യങ്ങൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 20,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

സ്വീകരിച്ച നടപടി

2056-00-800-98 എന്ന ശീർഷകത്തിൽ അധികത്തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 86349/ബി2/2011/ആഭ്യന്തരം തീയതി 11-7-2012)

## ധനാഭ്യർത്ഥന നമ്പർ XIV

2058-00-001-92—കമ്പ്യൂട്ടർവൽക്കരണം/ആധുനികവൽക്കരണം (പ്ലാൻ)

കാലാനുസൃതമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വകുപ്പിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടർ സംവിധാനം നവീകരിക്കേണ്ടതുണ്ട്. ഒരേ നെറ്റ്വർക്കിംഗ് സംവിധാനത്തിനു കീഴിൽ കൊണ്ടുവരുന്നതിനായി നിലവിലുള്ള സംവിധാനം ആധുനിക സജ്ജീകരണങ്ങളോടെ പുതുക്കി സ്ഥാപിക്കേണ്ടതുമായുണ്ട്. സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ്, നെറ്റ്വർക്ക് സ്ഥാപിക്കൽ എന്നിവയുടെ തുടർപ്രവർത്തനങ്ങൾക്കും പേപ്പർ ടെസ്റ്റിംഗ് ലാബ് നവീകരണത്തിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ ഈ ആവശ്യത്തിനായി 11,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത 11 ലക്ഷം രൂപ അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012)

ശുപാർശ

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ (പ്ലാൻ)

സ്റ്റേഷനറി വകുപ്പ് സാധനസാമഗ്രികൾ കൈകാര്യം ചെയ്യുന്ന ഒരു വകുപ്പായതിനാൽ മതിയായ സ്ഥലസൗകര്യമുള്ള സ്വന്തം കെട്ടിടം ഈ കാര്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ്. സ്വന്തമായ കെട്ടിടമില്ലാത്ത വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 35 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ആവശ്യത്തിലേക്ക് വകുപ്പ് ആവശ്യപ്പെട്ട തുകയിൽ ശേഷിക്കുന്ന 15,00,000 രൂപ കൂടി ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

സ്വീകരിച്ച നടപടി

വയനാട് ജില്ലാ ഓഫീസിന് സമയബന്ധിതമായി സ്ഥലം കണ്ടെത്താൻ സാധിക്കാതെ വന്നതിനാൽ സമിതി ശുപാർശ നടപ്പിലാക്കിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

2058-00-001-99—സ്റ്റേഷനറിയും അച്ചടിയും ഭരണവും നടത്തിപ്പും

02—വേതനം

കണ്ടിജന്റ് ജീവനക്കാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത് 2,58,000 രൂപയാണ്. ഒൻപതാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ച സാഹചര്യത്തിൽ പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ സർക്കാരിന്റെ G.O. (Rt.) No. 9075/2011/Fin. തീയതി 8-12-2011 പ്രകാരം 50,000 രൂപ 2058-00-001-99-05-3 ടെലിഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ നിന്ന് റീ-അപ്രോപ്രിയേറ്റ് ചെയ്തിരുന്നു.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

04—യാത്രാചെലവുകൾ

സ്റ്റേഷനറി വകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥരിൽ രണ്ട് സീനിയർ സൂപ്രണ്ടുമാർ ഒഴികെ ബാക്കി എല്ലാവരും ടൂറിംഗ് ആഫീസർമാരാണ്. വകുപ്പധികാരിയായ സ്റ്റേഷനറി കൺട്രോളർ, രണ്ട് ഡെപ്യൂട്ടി സ്റ്റേഷനറി കൺട്രോളർമാർ എന്നിവരുടെ യാത്രാചെലവുകൾക്കും ഈ ശീർഷകത്തിൽ നിന്നുമാണ് തുക കണ്ടെത്തേണ്ടത്. കൂടാതെ, സ്റ്റേഷനറി സാധനങ്ങൾ സംസ്ഥാനത്തുടനീളം ലോറിയിൽ എത്തിക്കുന്നതിനായി പോകുന്ന ജീവനക്കാർക്കും ഈ ശീർഷകത്തിൽ നിന്നുമാണ് യാത്രാചെലവ് അനുവദിക്കുന്നത്. 2011–12 വർഷത്തേക്ക് ഈ ശീർഷകത്തിൽ 4,90,000 രൂപ യാണ് അടങ്കലായി അനുവദിച്ചിട്ടുള്ളത് (യാത്രാചെലവ് എന്ന ശീർഷകത്തിന്റെ ഉപശീർഷകങ്ങളായ 1–ടൂർ റ്റി.എ.യിൽ 4,30,000 രൂപയും 2–ട്രാൻസ്ഫർ റ്റി.എ.യിൽ 60,000 രൂപയും). ഭരണപരമായ സൗകര്യത്തിനുവേണ്ടി ഉദ്യോഗസ്ഥന്മാരെ സ്ഥലംമാറ്റി നിയമിക്കേണ്ടിവരുമ്പോൾ അവർക്ക് നിയമാനുസരണമായ യാത്രാബബത്ത അനുവദിക്കേണ്ടതുണ്ട്. ട്രാൻസ്ഫർ നിയമാനുസരണമായ യാത്രാബത്ത അനുവദിക്കേണ്ടതുണ്ട്. ട്രാൻസ്ഫർ റ്റി.എ. ഇനത്തിൽ ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത് 60,000 രൂപ മാത്രമാണ്. റിട്ടയർമെന്റ് പ്രായം ഏകീകരിച്ചതിനാൽ 2011 മാർച്ച് 31–ന് കൂടുതൽ റിട്ടയർമെന്റ് ഉണ്ടായതിനാൽ 2011–12 സാമ്പത്തിക വർഷത്തിൽ ട്രാൻസ്ഫർ റ്റി.എ. ഇനത്തിൽ ചെലവ് വർദ്ധനയുണ്ടായി. ആയതിനാൽ ട്രാൻസ്ഫർ റ്റി.എ. ഇനത്തിൽ ഇപ്പോൾ അനുവദിച്ചിരുന്ന 60,000 രൂപയ്ക്കുപുറമേ 90,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ സർക്കാരിന്റെ G.O. (Rt.) No. 9075/2011/Fin. dated 8-12-2011 പ്രകാരം 35,000 രൂപ 2058-00-001-99-04-1 ടൂർ റ്റി.എ. എന്ന ശീർഷകത്തിൽ നിന്ന് റീ-അപ്രോപ്രിയേറ്റ് ചെയ്തിരുന്നു.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

21–2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ വകുപ്പിൽ പുതുതായി ഒരു ലോറി കൂടി വാങ്ങിയിട്ടുള്ള സാഹചര്യത്തിൽ വകുപ്പ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1,38,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

1137/2012.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ സർക്കാരിന്റെ G.O. (Rt.) No. 9075/2011/Fin. dated 8-12-2011 പ്രകാരം 25,000 രൂപ 2058-00-001-99-24 Materials & Supplies എന്ന ശീർഷകത്തിൽ നിന്ന് റീ-അപ്രോപ്രിയേറ്റ് ചെയ്തിരുന്നു.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

45—പി.ഒ.എൽ.

സ്റ്റേഷനറി സാധനങ്ങൾ കാസർഗോഡുവരെയുള്ള സബ് ഓഫീസുകളിൽ എത്തിക്കുമ്പോൾ ലോറിക്ക് ഇന്ധനം നിറയ്ക്കുന്നതിനായി തന്നെ മാസം 25,000 രൂപയ്ക്കുമുകളിൽ ചെലവുവരുന്നു. ഇന്ധനവിലയിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ സർക്കാരിന്റെ G.O. (Rt.) No. 9075/2011/Fin. dated 8-12-2011 പ്രകാരം 75,000 രൂപ 2058-00-001-99-24 Materials & Supplies എന്ന ശീർഷകത്തിൽ നിന്ന് റീ-അപ്രോപ്രിയേറ്റ് ചെയ്തിരുന്നു.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

വകുപ്പിൽ മെയിൻ സ്റ്റോറിനോടനുബന്ധമായി സ്ഥാപിച്ചിട്ടുള്ള വെയ് ബ്രിഡ്ജ്, കമ്പ്യൂട്ടറുകൾ, ഇ.പി.എ.ബി.എക്സ്. പേപ്പർ ടെസ്റ്റിംഗ് ലാബ് എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണി കരാറിനായി അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 20,05,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രസ്തുത വർഷം നടപ്പിലാക്കിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

19—യന്ത്രോപകരണങ്ങൾ

വിവിധ സർക്കാർ ആഫീസുകളിലേക്കാവശ്യമായ ഡ്യൂപ്ലിക്കേറ്റർ, നമ്പറിംഗ് മെഷീൻ മുതലായ ഓഫീസ് ഉപകരണങ്ങളും അവയുടെ സ്പെയർ പാർട്ട്സുകളും വാങ്ങുന്നത് ഈ ശീർഷകത്തിൽനിന്നുള്ള തുക വിനിയോഗിച്ചാണ്. വിവിധ ആഫീസുകൾക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ വാങ്ങി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള തിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാകുകയില്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രസ്തുത വർഷം നടപ്പിലാക്കിയിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

24—സാധനസാമഗ്രികൾ

ഗവൺമെന്റ് പ്രസ്സുകൾ ഉൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ ഓഫീസുകൾക്കും ആവശ്യമുള്ള വിവിധയിനം പേപ്പറുകൾ ഈ ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ചാണ് വാങ്ങുന്നത്. കൂടാതെ പ്ലസ് ടു, എസ്.എസ്.എൽ.സി. തുടങ്ങിയ പരീക്ഷക ളുടെ നടത്തിപ്പിനാവശ്യമായ പേപ്പറുകൾ വാങ്ങി നൽകേണ്ട ചുമതലയും സ്റ്റേഷനറി വകുപ്പിനാണ്. ഇതിനെല്ലാംകൂടി ഏകദേശം 2500 ടൺ കടലാസ് വേണ്ടിവരും. ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 18.15 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. വിവരസാങ്കേതികവിദ്യയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ കടലാസിന്റേയും ഫോട്ടോ കോപ്പിയിംഗ് കടലാസിന്റേയും ഉപയോഗം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കൂടാതെ പേപ്പർ പൾപ്പ്, ബോർഡ് എന്നിവയുടെ വിലയിൽ പത്ത് ശതമാനത്തിലേറെ വർദ്ധന ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഫീസ് ആവശ്യത്തിനായുള്ള കടലാസുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തിയില്ലെങ്കിൽ സർക്കാർ ഓഫീസുകളിൽ ഇതിനായി ലോക്കൽ പർച്ചേസിനെ ആശ്രയിക്കേണ്ടിവരുകയും ഇത് സർക്കാരിന് അധിക ബാദ്ധ്യത സൃഷ്ടിക്കുകയും ചെയ്യുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സ്വീകരിച്ച നടപടി

കൂടുതലായി അനുവദിച്ച തുക പ്രസ്തുത വർഷം അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

21(1)—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

അച്ചടി വകുപ്പിലെ വിവിധ ബ്രാഞ്ച് പ്രസ്സുകളിൽ സമയാസമയങ്ങളിൽ പേപ്പർ എത്തിക്കുന്നതിനും അച്ചടിച്ച സാമഗ്രികൾ മറ്റു സ്ഥലങ്ങളിലേക്ക് നീക്കം ചെയ്യുന്നതിനും വാഹനങ്ങളുടെ ദൗർലഭ്യം വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ 5-ാമത് റിപ്പോർട്ടിൽ വകുപ്പിന് ഒരു അലൂമിനിയം കണ്ടെയ്നർ ട്രക്ക് വാങ്ങുന്നതിനായി 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ ടോക്കൻ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ വകുപ്പ് ഇപ്പോൾ ആവശ്യപ്പെട്ട രണ്ട് അലൂമിനിയം കണ്ടെയ്നർ ട്രക്കുകൾ (1 ചെറുതും 1 വലുതും) വാങ്ങുന്നതിനായി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സ്വീകരിച്ച നടപടി

10-2-2012-ലെ ജി.ഒ. (ആർടി.) നമ്പർ 295/12/ഉ.വി.വ. പ്രകാരം 6,72,022 രൂപ വിലവരുന്ന ഒരു ട്രാവൽ ഡെലിവറി വാനും 10,02,025 രൂപ വിലവരുന്ന ഒരു എയ്ചർ ട്രക്കും വാങ്ങുന്നതിന് ഭരണാനുമതി ലഭിക്കുകയും ആവശ്യമായ തുക അനുവദിച്ചതിനാൽ 2011-12 സാമ്പത്തിക വർഷത്തിൽ അവ വാങ്ങുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

34—മറ്റു ചെലവുകൾ

ആധുനികവൽക്കരണത്തിന്റെ ഭാഗമായി അച്ചടി വകുപ്പിന്റെ കീഴിലുള്ള വിവിധ ബ്രാഞ്ച് പ്രസ്സുകളിൽ നിലവിലുള്ള കാർഡ് പഞ്ചിംഗ് സംവിധാനം മാറ്റി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 65 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 13.86 ലക്ഷത്തിനുപുറമേ ഈ ആവശ്യത്തിലേക്കായി 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

സ്വീകരിച്ച നടപടി

3-1-2012-ലെ ജി.ഒ. (ആർടി.) നമ്പർ 21/12/ഉ.വി.വ. പ്രകാരം അച്ചടി വകുപ്പിലെ വിവിധ ഓഫീസുകളിൽ 66,78,072 രൂപ ചെലവിൽ ബയോമെട്രിക് ഇലക്ട്രോണിക്സ് പഞ്ചിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം

നടപ്പിൽ വരുത്തുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് തുകയുടെ 10% കെൽട്രോണിനു നൽകിയിട്ടുണ്ട്. ബാക്കി തുക നൽകുന്നതിന് നടപ്പുവർഷം അഡീഷണൽ ആതറൈസേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 40945/H2/2011/H.Edn. തീയതി 10-7-2012.)

ശുപാർശ

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ഭരണനിർവ്വഹണത്തിനായി നടപ്പുവർഷത്തിൽ പദ്ധതിയിനത്തിൽ 930.90 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. പരിശീലനം, വാഹനങ്ങൾ മാറ്റിവാങ്ങിക്കൽ, പുതിയ കോഴ്സുകളുടെ നവീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, കമ്പ്യൂട്ടറുകളും മറ്റുപകരണങ്ങളും വാങ്ങൽ എന്നിവയുടെ ചെലവുകൾ കൂടുതലായതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ആവശ്യപ്പെട്ട തുകയുടെ ബാക്കി 830.90 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയേതര ചെലവുകളായ ശമ്പളം, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, യാത്രാചെലവ്, അച്ചടി, സ്റ്റേഷനറി, വെള്ളം/വൈദ്യുതി ചാർജ്ജ് തുടങ്ങിയവയ്ക്കായി 838.60 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 327.92 ലക്ഷം രൂപ മാത്രമേ 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളൂ. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 119, 120)

സ്വീകരിച്ച നടപടി

എസ്. റ്റി. പി. ഇനത്തിൽ ഐ.എം.ജി.ക്ക് പരിശീലനപരിപാടികൾ നടത്തുന്നതിന് 547 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 18583/എ.ആർ.13(1)/11/ഉ.ഭ.പ.വ. തീയതി 9-12-2011.)

ശുപാർശ

2070-00-003-99—ഐ.എ.എസ് പ്രോബേഷണർമാരുടെ പരിശീലനം

യു.പി.എസ്.സി. ഐ.എ.എസ്സിലേക്ക് നിയമിക്കുവാൻ ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമനത്തിനുശേഷം മുസ്സൂറിയിലെ LBS National Academy of Administration-ൽ പരിശീലനത്തിനയയ്ക്കുന്നു. കേരളത്തിലേക്ക് അനുവദിക്കുന്ന ഐ.എ.എസ്. പ്രൊബേഷൻകാരുടെ ശമ്പളം, യാത്രാപ്പടി മുതലായ ഇനത്തിൽ വരുന്ന ചെലവ് സംസ്ഥാന സർക്കാർ അക്കാദമിക്ക് നൽകേണ്ടതാണ്. കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന ഐ.എ.എസ്. പ്രൊബേഷൻകാരെ മലയാളഭാഷ പഠിപ്പിക്കാനുള്ള ഏർപ്പാട് ചെയ്യുന്നത് സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലാണ്. ഈ രണ്ട് കാര്യങ്ങൾക്കുള്ള ചെലവുകൾക്കാണ് ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക വിനിയോഗിക്കുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷം ഐ.എ.എസ്. പ്രൊബേഷണർമാർക്ക് ട്രെയിനിംഗുമായി ബന്ധപ്പെട്ട് ചെലവായ 3,85,810 രൂപയ്ക്കുള്ള പ്രൊപ്പോസൽ ഈ വർഷമാണ് മുസ്സൂറി LBS അക്കാദമിയിൽ നിന്നും ലഭിച്ചത്. അതിനാൽ പ്രസ്തുത തുക ഈ വർഷം അനുവദിച്ച ഫണ്ടിൽ നിന്നാണ് നൽകിയിട്ടുളളത്. കൂടാതെ ഈ വർഷം കേരള കേഡറിൽ 5 ഐ.എ.എസ്. ഉദ്യോഗസ്ഥരെ അനുവദിച്ചിട്ടുണ്ട്. അതിനാൽ ഈ ശീർഷകത്തിൽ ശേഷിക്കുന്ന തുക ഈ വർഷത്തെ ചെലവിന് തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 5,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സ്വീകരിച്ച നടപടി

ഈ ഇനത്തിലെ ബഡ്ജറ്റ് വിഹിതം മുഴുവനും വിനിയോഗിച്ചശേഷം അധിക വിഹിതം ആവശ്യമായി വരുന്നപക്ഷം അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ് എന്ന് ബഹു. ധനകാര്യമന്ത്രി 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേൽ നിയമസഭയിൽ പ്രസ്താവിക്കുക ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പ് ശുപാർശ ചെയ്തതനുസരിച്ച്, ധനകാര്യ വകുപ്പ് സ.ഉ(സാധാ.) നമ്പർ 8215/2011/ധന. തീയതി 10-11-2011 പ്രകാരം 3,45,000 രൂപ അധികതുക വകയിരുത്തുകയും പ്രസ്തുത തുക 2010-ലെ ഐ.എ.എസ്. പ്രൊബേഷണർമാർക്ക് ട്രെയിനിംഗ് നൽകിയതുമായി ബന്ധപ്പെട്ട് ഐ.എം.ജി.ക്ക് റീ-ഇംപേഴ്സ് ചെയ്യുന്നതിന് ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഈ ശീർഷകത്തിൽ അധികവിഹിതം ആവശ്യമായി വരുകയാണെങ്കിൽ ബഹു. ധനകാര്യമന്ത്രിയുടെ മേൽ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 81767/സ്പെഷ്യൽ എ2/11/പൊ.ഭ.വ. തീയതി 13-2-2012.)

ശുപാർശ

2070-00-104-99—വിജിലൻസ്

01-3—വീട്ടുവാടക അലവൻസ്

ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച 84,00,000 രൂപ തീകച്ചും അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ചെലവ് ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതലാണ്. കൂടാതെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി വീട്ടുവാടക അലവൻസ് വർദ്ധിപ്പിച്ചതിനാലും 2011-12 വർഷത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സ്വീകരിച്ച നടപടി</u>

2009 ശമ്പള പരിഷ്ക്കരണംമൂലമുണ്ടാകുന്ന അധികചെലവുകൂടി കണക്കിലെടുത്തുകൊണ്ടാണ് നടപ്പ് സാമ്പത്തിക വർഷം ശമ്പളയിനത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. എന്നിരുന്നാലും അധികതുക ആവശ്യമായി വരുന്നപക്ഷം നിലവിലെ ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധികതുകാനുമതിക്ക് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 10827/സി1/11/വിജി. തീയതി 24-1-2012.)

<u>ശുപാർശ</u>

01-5—<u>മറ്റ് അലവൻസുകൾ</u>

ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി മറ്റ് അലവൻസുകൾ 10 മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ നടപ്പുവർഷത്തേക്ക് 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

<u>സ്വീകരിച്ച നടപടി</u>

2009 ശമ്പള പരിഷ്കരണംമൂലമുണ്ടാകുന്ന അധികചെലവുകൂടി കണക്കിലെടുത്തുകൊണ്ടാണ് നടപ്പ് സാമ്പത്തിക വർഷം ശമ്പളയിനത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. എന്നിരുന്നാലും അധികതുക ആവശ്യമായി വരുന്നപക്ഷം നിലവിലെ ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധികതുകാനുമതിക്ക് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 10827/സി1/2011/വിജി. തീയതി 24-1-2012.)

<u>ശുപാർശ</u>

05-1—<u>വെള്ളക്കരം</u>

കഴിഞ്ഞ വർഷം ഉദ്ഘാടനം ചെയ്ത എറണാകുളം വിജിലൻസ് ഓഫീസ് കെട്ടിടത്തിനും പുതിയതായി അനുവദിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 2-നും വെള്ളക്കരം ഈ വർഷം കൊടുക്കാനുള്ളതിനാൽ 30,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായി വരുന്ന ഘട്ടത്തിൽ അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 10827/സി1/2011/വിജി. തീയതി 24-1-2012.)

ശുപാർശ

05-4—മറ്റിനങ്ങൾ

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 30,00,000 രൂപ തികച്ചും അപര്യാപ്തമാണ്. വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും അധികതുക ആവശ്യമായി വരുന്നുണ്ട്. ആയതിനാൽ, ഈ ആവശ്യങ്ങൾക്കായി 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായിവരുന്ന ഘട്ടത്തിൽ അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 10827/സി1/2011/വിജി. തീയതി 24-1-2012.)

ശുപാർശ

06—വാടക, കരം, നികുതി

വാടക, കരം, നികുതി ഇനങ്ങളിൽ 2011-12 സാമ്പത്തിക വർഷത്തേക്കുള്ള വിഹിതമായ 20,00,000 രൂപ തികച്ചും അപര്യാപ്തമാണ്. സ്പെഷ്യൽ സെൽ എറണാകുളം, മദ്ധ്യമേഖല ഓഫീസ്, എറണാകുളം എന്നിവ സ്വന്തം കെട്ടിടത്തിലേക്ക് മാറിയെങ്കിലും കുടിശ്ശിക ഇനത്തിൽ 12,00,000 രൂപ നൽകാനുണ്ട്. ആയതിനാൽ, പ്രസ്തുത കുടിശ്ശിക തുക നൽകുന്നതിനും കൂടിയായി 2011-12 വർഷത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായി വരുന്ന ഘട്ടത്തിൽ അധികതുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 10827/സി1/2011/വിജി. തീയതി 24-1-2012.)

ശുപാർശ

17—ചെറുകിട മരാമത്ത് പണികൾ

2011-12 സാമ്പത്തിക വർഷത്തിൽ 17 ചെറുകിട മരാമത്തുപണികൾ എന്ന ഹെഡിൽ അനുവദിച്ചിട്ടുള്ള തുക 10,000 രൂപയാണ്. ഇത് തികച്ചും അപര്യാപ്തമാണ്. ഡയറക്ടറേറ്റ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

## സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായി വരുന്ന ഘട്ടത്തിൽ അധികതുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 10827/സി1/2011/വിജി. തീയതി 24-1-2012.)

## ശുപാർശ

45—പി. ഒ. എൽ.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 25 മോട്ടോർ സൈക്കിളുകൾ ഉൾപ്പെടെ 173 വാഹനങ്ങൾ ഉണ്ട്. ഡീസൽ വാഹനങ്ങൾക്ക് ശരാശരി 250 ലിറ്റർ ഇന്ധനവും പെട്രോൾ വാഹനങ്ങൾക്ക് ശരാശരി 200 ലിറ്റർ ഇന്ധനവും പ്രതിമാസം ചെലവാകുന്നുണ്ട്. വർദ്ധിച്ചുവരുന്ന ഇന്ധനവിലയും ഡിപ്പാർട്ട്മെന്റിൽ പുതുതായി അനുവദിച്ച വാഹനങ്ങളുടെ ആവശ്യത്തിനായി വരുന്ന ഇന്ധനച്ചെലവും കണക്കിലെടുത്ത് ഈ ഇനത്തിൽ 10,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

## സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായിവരുന്ന ഘട്ടത്തിൽ അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 10827/സി1/2011/വിജി. തീയതി 24-1-2012.)

## ശുപാർശ

2070-00-105-88—സ്പെഷ്യൽ ജഡ്ജി കൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം

05—ആഫീസ് ചെലവുകൾ

സാക്ഷിപ്പടി ഇനത്തിൽ നല്ലൊരു തുക കൊടുക്കാനുള്ളതിനാലും, ഈ ഓഫീസ് വഞ്ചിയൂരുള്ള കോടതി സമുച്ചയത്തിലേക്ക് മാറുന്നതിലേക്കുള്ള ചെലവുകൾ പ്രതീക്ഷിക്കുന്നതിനാലും, വെള്ളക്കരം, വൈദ്യുത ചാർജ്ജ് എന്നീ ഇനങ്ങളിൽ ചെലവുകൾ കൂടിയതിനാലും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 14,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 60,000 രൂപ അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

<u>ശുപാർശ</u>

99—<u>വിവരസാങ്കേതികവിദ്യ</u>

സ്പാർക്ക് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനായി കൂടുതൽ കാര്യക്ഷമതയുള്ള കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ വാങ്ങുന്നതിനും നിലവിലുള്ള കമ്പ്യൂട്ടറുകൾക്ക് വാർഷിക സംരക്ഷണ കരാർ ഏർപ്പെടുത്തുന്നതിനുമായി പ്രസ്തുത ഇനത്തിൽ 50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

<u>സ്വീകരിച്ച നടപടി</u>

കമ്പ്യൂട്ടർ വാങ്ങുന്നതിന് അഡീഷണൽ ഓതറൈസേഷൻ വഴി 3,60,000 രൂപ അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

<u>ശുപാർശ</u>

2070-00-105-37—<u>എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം</u>

04-2—സ്ഥലംമാറ്റബത്ത

സ്ഥലംമാറ്റബത്തയിനത്തിൽ വെറും 6,000 രൂപ മാത്രമാണ് നടപ്പുവർഷത്തേക്ക് വകയിരുത്തിയിരിക്കുന്നത്. ഈ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ, 69,000 രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

<u>സ്വീകരിച്ച നടപടി</u>

സ്ഥലംമാറ്റബത്തയിനത്തിൽ 80,000 രൂപ അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

<u>ശുപാർശ</u>

05-1—<u>ഓഫീസ് ചെലവുകൾ—വെള്ളക്കരം</u>

വെള്ളക്കരം ഇനത്തിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ വെള്ളക്കരം അടയ്ക്കുന്നതിനായി 15,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

സ്വീകരിച്ച നടപടി

നടപ്പുവർഷം ഉടമസ്ഥൻ വെള്ളക്കരം അടച്ച തുക നൽകണമെന്ന് കാണിച്ച് ബിൽ നൽകാത്തതിനാൽ നടപ്പുവർഷം തുക അനുവദിക്കണമെന്നില്ലാ എന്ന് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

2070-00-105-73—എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്

04-2—സ്ഥലംമാറ്റബത്ത

ജുഡീഷ്യൽ ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള ട്രാൻസ്ഫർ ഗ്രാന്റിനത്തിൽ 65,000 രൂപ ഇതിനകംതന്നെ അധികമായി വന്നിട്ടുണ്ട്. ഈ വർഷം 70,000 രൂപ അധികമായി ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,35,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

സ്വീകരിച്ച നടപടി

ട്രാൻസ്ഫർ ഗ്രാന്റ് ഇനത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി 65,000 രൂപ അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

06—വാടക, കരം, നികുതി

ഈ ഓഫീസ് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട ഉടമസ്ഥൻ വാടക പുതുക്കാൻ ആവശ്യപ്പെട്ട് നൽകിയ അപേക്ഷ സർക്കാരിന്റെ പരിഗണനയിലായതിനാലും 2008 ജൂൺ മുതൽ കുടിശ്ശിക നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 1,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

സ്വീകരിച്ച നടപടി

വാടകയിനത്തിൽ 6 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-07-2012)

ശുപാർശ

99—വിവരസാങ്കേതികവിദ്യ

രണ്ടു കമ്പ്യൂട്ടറുകളും ഒറ്റ പ്രിന്ററും വാങ്ങാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇതിനായി 73,400 രൂപയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 135)

സ്വീകരിച്ച നടപടി

കമ്പ്യൂട്ടറും മറ്റും വാങ്ങുന്നതിനായി 73,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

2070-00-105-99—വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം

05-(4)—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ഇതിനകം തന്നെ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ഓഫീസാണിത്. ശമ്പളബില്ലുകൾ സ്പാർക്ക് മുഖാന്തിരം ആണ് മാറിവരുന്നത്. അതിന് പ്രയോജനമാകുന്ന തരത്തിൽ കമ്പ്യൂട്ടർ സംവിധാനം സർക്കാർ നിർദ്ദേശപ്രകാരം കെൽട്രോണിന്റെ സഹായത്തോടെ (അപ്ഗ്രഡേഷൻ ഓഫ് കമ്പ്യൂട്ടർ സിസ്റ്റം) പുനഃക്രമീകരിക്കപ്പെട്ടു കഴിഞ്ഞു. കമ്പ്യൂട്ടറിന്റെ പ്രിന്റർ ഉപയോഗിച്ച് എടുക്കുന്ന രേഖകളുടെ ആവശ്യമായ പുനഃപതിപ്പുകൾ എടുക്കുന്നതിലേക്കായി ഒരു ഫോട്ടോ കോപ്പിയിംഗ് മെഷീൻ അത്യാവശ്യമായി വരുന്നു. ആയതിലേക്കാവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

സ്വീകരിച്ച നടപടി

ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് 43,162 രൂപ അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

കമ്പ്യൂട്ടറിന്റെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്

നിലവിൽ ഈ ഓഫീസിൽ ഉപയോഗത്തിലിരിക്കുന്ന കമ്പ്യൂട്ടറിന്റെ പ്രതിവാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കരാർ ആർക്കും നൽകിയിട്ടില്ലാത്തതാകുന്നു. ആയതിനാൽ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് നൽകുന്നതിനാവശ്യമായ നടപടിയും അനുമതിയും സർക്കാരിൽ നിന്നും ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

സ്വീകരിച്ച നടപടി

ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിനായി തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിൽ നിന്നും ശുപാർശകൾ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

2070-00-105-55—കേരള ലോകായുക്ത, 1998

01-(4)—മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്

ഈ ഹെഡിൽ 5,00,000 രൂപ ബഡ്ജറ്റ് നിർദ്ദേശം വച്ചെങ്കിലും 1,56,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ലോകായുക്ത, ഉപലോകായുക്ത എന്നിവർക്ക് മന്ത്രിമാർ, സ്പീക്കർ, പ്രതിപക്ഷ നേതാവ് തുടങ്ങിയവരുടെ അതേ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. അതോടൊപ്പം ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ക്ലെയിമുകളും കൂടുതലായി വരുന്നുണ്ട്. ആയതിനാൽ 2 ലക്ഷം രൂപ കൂടി ഇതിലേക്കായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വരാതിരുന്നതിനാൽ ലോകായുക്ത പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടില്ല. ആയതിനാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

05—ഓഫീസ് ചെലവുകൾ

2—വൈദ്യുതി ചെലവ്

വൈദ്യുതി ചാർജ്ജിനത്തിൽ 7,00,000 രൂപ ബഡ്ജറ്റ് നിർദ്ദേശം വച്ചിരുന്നു. എന്നാൽ 2,42,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ലോകായുക്ത ഓഫീസ്, ഒഫിഷ്യൽ റസിഡൻസ് ഓഫ് ലോകായുക്ത, ഉപലോകായുക്ത, ഇൻവെസ്റ്റിഗേഷൻ ഏജൻസി, ഓഫീസ് ഓഫ് സ്പെഷ്യൽ അറ്റോർണി എന്നിവിടങ്ങളിലെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏകദേശം 40,000 രൂപ പ്രതിമാസ ചെലവ് വരുന്നു. കൂടാതെ ഈ വർഷം രണ്ട് കോർട്ടുഹാളും എയർകണ്ടീഷനിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

സ്വീകരിച്ച നടപടി

50,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

05-4—മറ്റിനങ്ങൾ

ലോകായുക്ത, ഉപലോകായുക്തമാരുടെ ഓഫിഷ്യൽ റസിഡൻസ് ഫർണീഷിംഗ്, റസിഡൻഷ്യൽ ഓഫീസ് ഫർണീഷിംഗ്, കമ്പ്യൂട്ടർ, ഫാക്സ്, ഫോട്ടോ കോപ്പിയർ തുടങ്ങിയവയുടെ വാർഷിക മെയിന്റനൻസിനാവശ്യമായ തുക, ഓഫീസ് വാഹനങ്ങളുടെ ഇൻഷ്വറൻസ് എന്നിവയ്ക്ക് ആവശ്യമായ തുക ഈ ഹെഡിൽ നിന്നും കണ്ടെത്തേണ്ടതായിട്ടുണ്ട്. ഓഫീസ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്ന 5 വാഹനങ്ങളുടെ കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് ഇനത്തിൽ ഒരു വലിയ തുക ഈ വർഷത്തിൽ തന്നെ ഇനിയും അടയ്ക്കേണ്ടതായിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ നിലവിൽ വന്നിട്ട് 5 വർഷം കഴിഞ്ഞതിനാൽ ഓരോ വർഷവും ഏകദേശം 1,50,000 രൂപ ഇതിലേക്കായി ചെലവ് വരുന്നു. ഈ സാഹചര്യത്തിൽ 2011-12 വർഷത്തിൽ ഏകദേശം 7 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷക ത്തിൽ 3 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 140)

സ്വീകരിച്ച നടപടി

50,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ലോകായുക്ത ഓഫീസിൽ നിലവിൽ 8 വാഹനങ്ങൾ ഉപയോഗത്തിലുണ്ട്. വാഹനങ്ങളിൽ പലതും പഴക്കം ചെന്നതിനാൽ നിരന്തരമായ റിപ്പയറിംഗും സർവ്വീസിംഗും ആവശ്യമായി വരുന്നു. ഈ ഇനത്തിന് അനുവദിച്ച 1,48,000 രൂപ യിൽ ഏകദേശം 67,000 രൂപ മാത്രമേ നിലവിൽ ബാക്കിയുള്ളൂ. ആയതിനാൽ ഈ ഇനത്തിൽ 3,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 141)

സ്വീകരിച്ച നടപടി

2,50,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

34—മറ്റ് ചെലവുകൾ

ഹൈക്കോടതിയിൽ ലോകായുക്തയ്ക്കുവേണ്ടി ഒരു സ്റ്റാന്റിംഗ് കൗൺസിലിനെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആയതിനാൽ 83,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

സ്വീകരിച്ച നടപടി

സ്റ്റാന്റിംഗ് കൗൺസിലിനെ നിയമിക്കാത്തതിനാൽ ഈ ഇനത്തിൽ തുക ആവശ്യം വന്നില്ല.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

45—പി.ഒ.എൽ

ലോകായുക്ത ഓഫീസിൽ നിന്നും കണ്ണൂർ, കോഴിക്കോട്, എറണാകുളം എന്നി വിടങ്ങളിലേക്ക് എല്ലാ മാസവും ക്യാമ്പ് സിറ്റിംഗ് ആവശ്യമായി വരുന്നു. ഇന്ധനവില യിൽ നിരന്തരമായി വർദ്ധനവ് വരുന്ന ഈ സാഹചര്യത്തിൽ ലോകായുക്ത, ഉപലോകായുക്തമാരുടെ വാഹനങ്ങളുടെ ഇന്ധനചെലവിനായി ഈ ശീർഷകത്തിൽ 1,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യം വരാത്തതിനാൽ ലോകായുക്ത പ്രൊപ്പോസൽ സമർപ്പി ച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 11205/സി3/2011/വിജി. തീയതി 17-7-2012)

ശുപാർശ

2070-00-108-94—അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം

പഴക്കംചെന്ന വാഹനങ്ങളും, അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗി ക്കുന്ന ഉപകരണങ്ങളും മാറ്റി പുതിയവ വാങ്ങുന്നതിനും Sky Lifts ഉൾപ്പെടെ അത്യാധുനികമായ അഗ്നിശമന രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനുമായി ചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ ആവശ്യ മായ തുക വകയിരുത്തേണ്ടതാണെന്ന് സമിതി കരുതുന്നു. ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ അടിയന്തിരമായി 6,50,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

സ്വീകരിച്ച നടപടി

6,50,00,000 രൂപ 2070-108-94 അഗ്നിശമനസേന വകുപ്പിന്റെ നവീകരണം (പ്ലാൻ) എന്ന ശീർഷകത്തിൽ 2011-12 വർഷ കാലയളവിൽ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നൃനലഏ 86406/എഫ് 2/2011/ആഭ്യന്തരം തീയതി 17-5-2012)

ശുപാർശ

2070-00-108—അഗ്നി പ്രതിരോധവും നിയന്ത്രണവും

99—ഭരണവും നടത്തിപ്പും

05-4—മറ്റിനങ്ങൾ

സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനും വേണ്ട സാധനങ്ങൾ വാങ്ങുന്നതിനായി അതതുവർഷങ്ങളിൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല. കൂടാതെ രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങി നൽകുന്നതിനുവേണ്ടിയും തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇത് സേനയുടെ മനോവീര്യത്തെ തന്നെ ബാധിക്കുന്ന പ്രശ്നമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 82,10,000 രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 145)

സ്വീകരിച്ച നടപടി

സർക്കാർ പരിശോധിച്ചുവരികയാണ്.

(സർക്കാർ കത്ത് നമ്പർ 86406/എഫ് 2/2011/ആഭ്യന്തരം തീയതി 17-5-2012)

ശുപാർശ

21-1—വാഹനം വാങ്ങൽ

ഈ ശീർഷകത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി തുക ആവശ്യപ്പെട്ടു വരുന്നുണ്ടെങ്കിലും വെറും 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിക്കുന്നത്. മാത്രമല്ല പുതിയ ഫയർ സ്റ്റേഷനുകൾ കഴിഞ്ഞ വർഷങ്ങളിലൊക്കെ തുറന്നുവെങ്കിലും അതിനുവേണ്ട പുതിയ വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുവാനായി യാതൊരു ഫണ്ടും വകയിരുത്തിയിരുന്നില്ല. ഇക്കാരണത്താൽ കഴിഞ്ഞ കുറെ വർഷങ്ങളായി പുതിയ സ്റ്റേഷനുകൾ അനുവദിക്കേണ്ടുവരുമ്പോൾ നിലവിലുള്ള സ്റ്റേഷനുകളിൽ നിന്നും വാഹനങ്ങളും യന്ത്രസാമഗ്രികളും വായ്പയായി നൽകിവരുന്നതിനാലും പഴക്കം ചെന്ന വാഹനങ്ങളും യന്ത്രസാമഗ്രികളും ലേലം ചെയ്തുവിൽക്കുന്നതിനാലും ഈ സേവനമേഖലയുടെ പ്രവർത്തനശേഷി അനുദിനം കുറഞ്ഞുവരികയാണ്. വാഹനങ്ങളുടെയും യന്ത്രസാമഗ്രികളുടെയും അഭാവത്തിൽ രക്ഷാപ്രവർത്തനങ്ങൾ നിർവ്വീര്യമാകുന്നത് നൂറുക്കണക്കിന് കോടി രൂപയുടെ നഷ്ടം സംസ്ഥാനത്തിന് വരുത്തുവാൻ ഇടവരുത്തുന്നതുമാണ്. ആകയാൽ ഈ ഇനത്തിൽ 5 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

സ്വീകരിച്ച നടപടി

ഫയർസ്റ്റേഷനുകളിൽ വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ലഭിച്ച 3.16 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം, ഒറ്റത്തവണ കേന്ദ്രസഹായ ഫണ്ടിൽ നിന്ന് 17.73 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86406/എഫ്2/2011/ആഭ്യന്തരം തീയതി 17-5-2012)

ശുപാർശ

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

05-1—ഓഫീസ് ചെലവുകൾ

വെള്ളക്കരം

05-ഓഫീസ് ചെലവുകൾ-വെള്ളക്കരം ഇനത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി കുടിശ്ശികയുണ്ട്. അഗ്നിശമന രക്ഷാപ്രവർത്തനത്തിനുപയോഗിക്കുന്ന വെള്ളത്തിനുള്ള കരം അടയ്ക്കാനുള്ളതിനാൽ പല സ്റ്റേഷനുകളിലും വാട്ടർ കണക്ഷൻ കട്ട് ചെയ്യുവാനുള്ള നീക്കത്തിലാണ് വാട്ടർ അതോറിറ്റി. ഇതിനായി 10 ലക്ഷം രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 147)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86406/എഫ്2/2011/ആഭ്യന്തരം തീയതി 6-7-2012)

ശുപാർശ

04—യാത്രാചെലവുകൾ

04-യാത്രാചെലവുകൾ എന്ന ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ശബരിമല തീർത്ഥാടന കാലയളവിൽ ജീവനക്കാരെ അഗ്നി സുരക്ഷാ പ്രവർത്തനത്തിനായി നിയോഗിക്കുമ്പോൾ അവർക്ക് യാത്രാചെലവുകൾ നൽകേണ്ടതുണ്ട്. ശബരിമല തീർത്ഥാടനം അവസാനിക്കുന്നതുവരെ ജീവനക്കാരുടെ സേവനം ഉണ്ടായിരിക്കുന്നതാണ്. 04-യാത്രാച്ചെലവുകൾ എന്ന ഇനത്തിൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 148)

സ്വീകരിച്ച നടപടി

ഇത് സംബന്ധിച്ചുള്ള വിശദമായ പ്രൊപ്പോസൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറൽ തയ്യാറാക്കിവരികയാണ്. അത് ലഭിച്ചാലുടൻ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 86406/എഫ്2/2011/ആഭ്യന്തരം തീയതി 17-7-2012)

1137/2012.

ശുപാർശ

2070-00-108-97—അഗ്നി പ്രതിരോധവും നിയന്ത്രണവും—പരിശീലനം

പുതുതായി സർവ്വീസിൽ പ്രവേശിച്ച മിനിസ്റ്റീരിയൽ വിഭാഗക്കാർ ഒഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലനം, സർവ്വീസിലുള്ള ജീവനക്കാർക്കായുള്ള ഇൻ-സർവ്വീസ് പരിശീലനം, ഉദ്യോഗക്കയറ്റത്തിനായുള്ള യോഗ്യതാ പരീക്ഷകളുടെ നടത്തിപ്പ് എന്നിവയ്ക്കുള്ള വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ ചെലവാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള 3000 ഹോം ഗാർഡുകൾക്ക് വേണ്ട ട്രെയിനിംഗും നൽകേണ്ടത് അക്കാഡമിയിലാണ്. ഹോം ഗാർഡുകളുടെ എണ്ണം 5000 ആക്കി ഉയർത്താനും സർക്കാരിന് ആലോചനയുള്ളതിനാൽ അക്കാദമിക്ക് ഇപ്പോൾ അനുവദിച്ച തുക തികച്ചും അപര്യാപ്തമാണ്. ബാക്കി തുക അഡീഷണൽ ആതറൈസേഷനായി അനുവദിച്ചാൽ മാത്രമേ അക്കാദമിയിൽ നിലവിലുള്ള സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ഇതിനാവശ്യമായിവരുന്ന തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 149)

സ്വീകരിച്ച നടപടി

പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 86406/എഫ്2/2011/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

04-യാത്രാചെലവുകൾ 05-ഓഫീസ് ചെലവുകൾ (1) വെള്ളക്കരം, (2) വൈദ്യുതി ചെലവ്, (3) ടെലിഫോൺ ചാർജ്, (4) മറ്റിനങ്ങൾ, (21) മോട്ടോർ വാഹനങ്ങൾ-34-മറ്റ് ചെലവുകൾ-45-പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആദ്യ ബഡ്ജറ്റിൽമേലുള്ള ഭേദഗതി പത്രികയിൽ അധികം ഫണ്ട് അനുവദിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ട്രെയിനിംഗ് അക്കാഡമിയുടെ സുഗമമായ പ്രവർത്തനത്തിനായി (04) യാത്രാചെലവുകൾ 35,000 രൂപ, 05 (1) വെള്ളക്കരം 10,000 രൂപ, (2) വൈദ്യുതി ചാർജ് 2,00,000 രൂപ, (3) ടെലിഫോൺ ചാർജ്ജ് 30,000, (4) മറ്റിനങ്ങൾ 5,00,000 രൂപ, (21) മോട്ടോർ വാഹനങ്ങൾ (2) അറ്റകുറ്റപ്പണികളും സംരക്ഷണവും 50,000 രൂപ, (35) മറ്റ് ചെലവുകൾ 60,000 രൂപ, (45) പി.ഒ.എൽ. 50,000 രൂപ എന്ന ക്രമത്തിൽ അധിക ഫണ്ട് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 8214/2011/ഫിൻ. തീയതി 10-10-2011 പ്രകാരം 02-വേജസ് 33,000 04-യാത്രാചെലവുകൾ 20,000 05-ഓഫീസ് ചെലവുകൾ (2) വൈദ്യുതി ചാർജ്ജ് 1,50,000 (3) ടെലിഫോൺ ചാർജ് 10,000 (4) മറ്റിനങ്ങൾ

25,000 (21) മോട്ടോർ വാഹനങ്ങൾ (2) അറ്റകുറ്റപ്പണികളും സംരക്ഷണവും 30,000 രൂപ (34) മറ്റ് ചെലവുകൾ 50,000 (45) പി.ഒ.എൽ. 35,000 തുടങ്ങിയ ശീർഷകങ്ങളിൽ അധികഫണ്ടായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86406/എഫ്2/2011/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

2070-00-108-96—അഗ്നിപ്രതിരോധവും നിയന്ത്രണവും—മറ്റ് ചെലവുകൾ

അഗ്നിശമന സേനയിലെ അംഗങ്ങൾക്ക് ഗവൺമെന്റ് പാരിതോഷികം നൽകുന്നതിന് 1,60,000 രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 25,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമാണ്. മികച്ച രീതിയിൽ രക്ഷാപ്രവർത്തനം നടത്തുന്ന ജീവനക്കാർക്ക് പാരിതോഷികം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 151)

സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 7324/2011/ഫിൻ. തീയതി 1-10-2011 പ്രകാരം 50,000 രൂപ ഈ ശീർഷകത്തിൽ അഡീഷണൽ ഫണ്ടായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 86406/എഫ്2/2011/ആഭ്യന്തരം തീയതി 17-7-2012)

ശുപാർശ

2070-00-119-98—ഔദ്യോഗിക ഭാഷാ കമ്മീഷൻ

കേന്ദ്ര നിയമങ്ങളുടെ മലയാള പരിഭാഷ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി ആധികാരിക പാഠമായി പ്രസിദ്ധീകരിക്കാൻ ചുമതലപ്പെട്ട ഏക സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ.

2011-12 സാമ്പത്തിക വർഷത്തിൽ 1,45,13,000 രൂപ ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ ശമ്പളപരിഷ്ക്കരണവുമായി ബന്ധപ്പെട്ട് അധിക ചെലവ് വരുന്നതിനാലും കമ്മീഷന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ഓരോ ശീർഷകത്തിലുള്ള ചെലവുമായി താരതമ്യം ചെയ്തതിലും നടപ്പുവർഷത്തിലേക്ക് അനുവദിക്കപ്പെട്ട തുക അപര്യാപ്തമാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ വിവിധ ഹെഡുകളിലായി 70,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 152)

സ്വീകരിച്ച നടപടി

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 14,51,300 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ തുക അപര്യാപ്തമാണ് എന്ന് സബ്ജക്റ്റ് കമ്മിറ്റി XIV

(ആഭ്യന്തരകാര്യങ്ങൾ) സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 70,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കമ്മീഷന്റെ പ്രവർത്തന ആവശ്യത്തിലേക്കായി, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേജസ്, ഓഫീസ് ചെലവുകൾ, ബയോമെട്രിക് പഞ്ചിംഗ് (ഓഫീസ് ചെലവുകൾ) എന്നീ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 60,000 രൂപ, രണ്ട് ലക്ഷം രൂപ, ഒരു ലക്ഷം രൂപ, ഒരു ലക്ഷത്തി എൺപത്തി ആറായിരം രൂപ എന്നിവ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 13866/പാർല./2012/നിയമം തീയതി 6-7-2012)

ശുപാർശ

2070-00-119-99—മലയാളം ഔദ്യോഗിക ഭാഷയാക്കാനുള്ള കമ്മിറ്റി

04—യാത്രാച്ചെലവുകൾ

വിദഗ്ദ്ധാംഗങ്ങൾ ഓഫീസ് പരിശോധനകൾക്കായി സംസ്ഥാനമാകെ യാത്ര ചെയ്യാനുദ്ദേശിക്കുന്നതിനാൽ യാത്രാപ്പടി ഇനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ 25,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 153)

സ്വീകരിച്ച നടപടി

23-9-2011-ലെ 16291/ഔ.ഭാ.1./11/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള അനൗദ്യോഗിക കുറിപ്പുപ്രകാരം 2011-2012-ലെ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിന്റെ ആദ്യ ബാച്ചിൽപ്പെടുത്തി 25,000 രൂപ അധികമായി അനുവദിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ ഇനം 31-8-2011 ലെ 56/11/ധന. നമ്പർ ഉപധനാഭ്യർത്ഥനാ സർക്കുലറിന്റെ പരിധിയിൽ വരാത്തതിനാൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താനാകില്ല എന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. 4-11-2011-ലെ ധനകാര്യ (ബജറ്റ്-എഫ്) വകുപ്പിന്റെ 75565/ബ.വി.എം.3/2011/ധന. എന്ന നമ്പർ അനൗദ്യോഗികക്കുറിപ്പ് ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികതുക അഡീഷണൽ ഓതറൈസേഷനായി അനുവദിക്കാൻ ധനവകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 18614/ഔ.ഭാ.1/2011/ഉ.ഭ.പ.വ. തീയതി 1-12-11)

ശുപാർശ

2070-00-119-97-34—മറ്റു ചെലവുകൾ

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ക്ലാസ്സ്-3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഭരണഭാഷാസേവന പുരസ്ക്കാരവും ഭരണഭാഷാഗ്രന്ഥരചനാ പുരസ്ക്കാരവും നൽകാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 154)

സ്വീകരിച്ച നടപടി

23-9-2011-ലെ 16291/ഔ.ഭാ.1/11/ഉഭപവ. എന്ന നമ്പരിലുള്ള അനൗദ്യോഗിക കുറിപ്പുപ്രകാരം 2011-2012-ലെ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിന്റെ ആദ്യ ബാച്ചിൽപ്പെടുത്തി 3,00,000 രൂപ അധികമായി അനുവദിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ ഇനം 31-8-2011-ലെ 56/11/ധന. നമ്പർ ഉപധനാഭ്യർത്ഥനാ സർക്കുലറിന്റെ പരിധിയിൽ വരാത്തതിനാൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താനാകില്ല എന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. [4-11-11-ലെ ധനകാര്യ (ബജറ്റ്-എഫ്) വകുപ്പിന്റെ 75565/ ബ.വി.എം.3/2011/ധന. എന്ന നമ്പർ അനൗദ്യോഗികക്കുറിപ്പ്] ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനു ശേഷം അധികതുക അഡീഷണൽ ഓതറൈസേഷനായി അനുവദിക്കാൻ ധനവകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 18614/ഔ.ഭാ.1/11/ഉ.ഭ.പ.വ. തീയതി 1-12-2011)

ശുപാർശ

2070-00-119-96—മലയാളം മിഷൻ

മലയാളഭാഷയും സംസ്കാരവും വിദേശ മലയാളികളുടെ കുട്ടികൾക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് മലയാള മിഷന് രൂപം നൽകിയത്. ഇതിനുള്ള ചെലവുകൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം രണ്ടുകോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ 2011-2012 സാമ്പത്തിക വർഷത്തിൽ ആയിരം രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ശില്പശാലകൾ സംഘടിപ്പിക്കൽ, പാഠപുസ്തകങ്ങളുടെയും കൈപ്പുസ്തകങ്ങളുടെയും പ്രിന്റിംഗ്, വിതരണം, അദ്ധ്യാപക പരിശീലനം, ഓഡിയോ വീഡിയോ മെറ്റീരിയൽസ് തയ്യാറാക്കൽ, സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, പഠിതാക്കൾക്കുള്ള ക്യാമ്പുകൾ, പഠനയാത്രകൾ, പുതിയ പഠനകേന്ദ്രങ്ങൾ, മാഗസിൻ, ബ്രോഷർ, വെബ്സൈറ്റ്, ഡൽഹിയിൽ റഫറൻസ് ലൈബ്രറി, മാർഗ്ഗരേഖ തയ്യാറാക്കൽ, വിതരണം തുടങ്ങിയ മിഷന്റെ വിവിധ പ്രവർത്തനങ്ങൾക്കും ഇതിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാപ്പടി, മറ്റു ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി 1,87,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 155)

സ്വീകരിച്ച നടപടി

23-9-2011-ലെ 16291/ഔ.ഭാ.1/11/ഉഭപവ എന്ന നമ്പരിലുള്ള അനൗദ്യോഗികക്കുറിപ്പു പ്രകാരം 2011-2012-ലെ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിന്റെ ആദ്യ ബാച്ചിൽപ്പെടുത്തി 1,87,00,000 രൂപ അധികമായി അനുവദിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ ഇനം 31-8-2011-ലെ 56/11/ധന. നമ്പർ ഉപധനാഭ്യർത്ഥനാ സർക്കുലറിന്റെ പരിധിയിൽ വരാത്തതിനാൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താനാകില്ല എന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. [4-11-2011-ലെ ധനകാര്യ (ബജറ്റ്-എഫ്) വകുപ്പിന്റെ

75565/ബ.വി.എം.3/2011/ധന. എന്ന നമ്പർ അനൗദ്യോഗികക്കുറിപ്പ്] ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനു ശേഷം അധികതുക അഡീഷണൽ ഓതറൈസേഷനായി അനുവദിക്കാൻ ധനവകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 18614/ഔ.ഭാ.1/11/ഉ.ഭ.പ.വ. തീയതി 1-12-2011)

## ധനാഭ്യർത്ഥന XXIII

### ശുപാർശ

2220-60-106-98—പ്രദർശനം (പ്ലാൻ)

ജില്ലകളിലും തലസ്ഥാനത്തും വികസന സംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം, ന്യൂഡൽഹിയിൽ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിൽ ടാബ്ലോ അവതരണം, സംഗീതാവതരണം എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്നത് ഒരു കോടി രൂപയാണ്. അത്യാധുനിക ഡിജിറ്റൽ ഡിസ്പ്ലേ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള എക്സിബിഷൻ സംവിധാനങ്ങൾ ഒരുക്കുന്നതിനായി 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 156)

### സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയ്ക്ക് പുറമെ 43,00,000 രൂപകൂടി ധന പുനഃവിനിയോഗത്തിലൂടെ കണ്ടെത്തി ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

### ശുപാർശ

2220-60-109-98—വീഡിയോ പ്രചരണം (പ്ലാൻ)

ഇലക്ട്രോണിക് മീഡിയ ഡിവിഷൻ രൂപീകൃതമായതോടെ പൂർണ്ണതോതിലുള്ള വാർത്താവിതരണം ഇപ്പോൾ സാദ്ധ്യമായിട്ടുണ്ട്. ഇലക്ട്രോണിക് വാർത്താവിതരണ സംവിധാനം പരിപൂർണ്ണമായാൽ ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന 30 ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. പുതിയ എഡിറ്റ്സ്യൂട്ട് വരുന്നതോടെ അതിന്റെ പരിപാലനത്തിനും ജില്ലകളിലെ സാങ്കേതിക സംവിധാനങ്ങളുടെ പരിപാലനത്തിനും കൂടുതൽ പണം ആവശ്യമായിവരും. ഇതിനുപുറമെ ഇലക്ട്രോണിക് മീഡിയ ഡിവിഷനുവേണ്ട അടിസ്ഥാനസൗകര്യവും ഒരുക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 157)

### സ്വീകരിച്ച നടപടി

ജില്ലാതല സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും സ്ഥിരം ജീവനക്കാർ ആവശ്യമായി വരും. നടപ്പുവർഷം പുതിയ സ്ഥിര

നിയമനങ്ങൾ നടത്താനാവില്ല എന്നറിഞ്ഞതിനാൽ പദ്ധതി വീഡിയോ സ്ട്രിംഗേഴ്സിനെ ഉപയോഗിച്ചുതന്നെ നടത്തേണ്ടിവന്നു. ആയതിനാൽ ജില്ലാതല സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല സ്ട്രിംഗേഴ്സ് സമയബന്ധിതമായി ബില്ലുകൾ സമർപ്പിച്ചതുമില്ല. ഇക്കാരണത്താൽ അധിക തുക ആവശ്യമായി വന്നില്ല. ബജറ്റ് വിഹിതം മുഴുവനായും ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-800-77—സുതാര്യകേരളം—ദൂരദർശനിലും ആശാകവാണിയിലും ഉള്ള ഫോൺ-ഇൻ-പ്രോഗ്രാം

സർക്കാരിന്റെ പ്രവർത്തനം സംബന്ധിച്ച സുതാര്യത വരുത്തുന്നതിനും പൊതുജനങ്ങളും സർക്കാരും തമ്മിലുള്ള വിടവ് ഇല്ലാതാക്കുന്നതിനുമുള്ള ഒരു പരിപാടിയാണ് സുതാര്യകേരളം. ഇ-ഗവേണൻസ് രംഗത്ത് രാജ്യത്ത് നിലവിലുള്ള ഏറ്റവും നൂതനമായ പൊതുജന പരാതി പരിഹാര സംവിധാനമാണിത്. ഭരണ സംവിധാനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിനൊപ്പംതന്നെ ഭരണകാര്യങ്ങളിൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ഈ പരിപാടി സൗകര്യമൊരുക്കുന്നു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ദൃശ്യാവിഷ്ക്കാരമാണ് ഈ പരിപാടിയുടെ പ്രധാനഭാഗം. വികസന വാർത്തകൾ/ബോധവൽക്കരണ ചിത്രങ്ങൾ/പരിഹരിച്ച പരാതികളുടെ ദൃശ്യങ്ങൾ എന്നിവയാണ് മറ്റു ഭാഗങ്ങൾ.ദൂരദർശനുപുറമേ ആശാകവാണിയിലും പരിപാടി ആരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ വെബ്സൈറ്റ് ഇതിന്റെ ഭാഗമായാണ് നിർമ്മിച്ചിട്ടുള്ളത്. സുതാര്യകേരളം, നവകേരളം എന്നീ പരിപാടികൾക്കും ഇതര പ്രചാരണ സാമഗ്രികളുടെ നിർമ്മാണത്തിനും വകുപ്പിൽ ഒരു വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ് സ്റ്റുഡിയോ അടക്കം ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സുതാര്യകേരളം ജില്ലാതല മോണിറ്ററിംഗ് സമിതികൾ വിപുലീകരിക്കുന്നതിനുമായി നടപ്പുവർഷം അനുവദിച്ച 115 ലക്ഷം രൂപയ്ക്ക് പുറമേ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 158)

സ്വീകരിച്ച നടപടി

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലനിന്നതിനാലും പുതിയ സർക്കാർ നിലവിൽ വന്നശേഷം റീകോർഡിനേഷനു വേണ്ടി സമയമെടുത്തതിനാലും പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടു. ഇക്കാരണങ്ങളാൽ ശുപാർശ ചെയ്തിരുന്ന അധിക തുക ആവശ്യമായി വന്നില്ല. ബജറ്റ് വിഹിതം മുഴുവനായും ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-01-001-98—ജില്ലാ പ്രചരണ ഓഫീസുകൾ

45—പി.ഒ.എൽ.

ഇൻഫർമേഷൻ ഓഫീസുകളുടേയും മേഖലാ ഓഫീസുകളുടേയും ഉപയോഗ ത്തിനുള്ള വാഹനങ്ങളുടെ ഇന്ധന ചെലവിനായി 4,50,000 രൂപയാണ് നടപ്പുവർഷം വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം 12 പുതിയ വാഹനങ്ങൾകൂടി വാങ്ങിയിട്ടുള്ള സാഹചര്യത്തിൽ ഇന്ധനച്ചെലവിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്ത മാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 159)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതമായി ലഭിച്ച 4,50,000 രൂപയ്ക്ക് പുറമെ 3,77,000 രൂപ കൂടി ധനപുനഃവിനിയോഗത്തിലൂടെ കണ്ടെത്തി ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടേയും വിജ്ഞാപനങ്ങളുടേയും പരസ്യക്കൂലി ഈ ശീർഷക ത്തിൽ നിന്നാണ് നൽകുന്നത്. വികസന പദ്ധതികൾക്ക് പ്രചാരം നൽകുന്നതിന് വർദ്ധിച്ച തോതിൽ പരസ്യങ്ങളെ ആശ്രയിക്കുന്നതുകൊണ്ട് ഈ ശീർഷകത്തിലുള്ള ചെലവ് വർദ്ധിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വർദ്ധിച്ചു വരുന്ന ചെലവ് നേരിടുന്നതിനായി നടപ്പുവർഷം 2 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 160)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ പ്രതീക്ഷിച്ചതിലും വളരെയധികം ചെലവാണ് നടപ്പുവർഷം ഉണ്ടായിട്ടുള്ളത്. ബജറ്റിൽ അനുവദിച്ച 2 കോടി രൂപയ്ക്ക് പുറമേ 8 കോടി രൂപ കൂടി സപ്ളിമെന്ററി ഗ്രാന്റായി ലഭിക്കുകയുണ്ടായി. അതിൽ 71,06,076 രൂപ സറണ്ടർ ചെയ്തു.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-800-98—പ്രസ്സ് അക്കാഡമി

ഗ്രാന്റ്-ഇൻ-എയ്ഡ് (നോൺ-പ്ലാൻ)

കേരള പ്രസ്സ് അക്കാഡമിയിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ ആവർത്തന ചെലവുകളാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നത്. 2010-2011 വർഷങ്ങളിൽ വിരമിച്ച 3 ജീവനക്കാരുടെ കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവയ്ക്കു മാത്രം 20 ലക്ഷം രൂപയോളം വേണ്ടിവരും. കൂടാതെ ജീവനക്കാരുടെ ശമ്പളത്തിന് തന്നെ പ്രതിവർഷം 36 ലക്ഷം രൂപ ആവശ്യമാണെന്നിരിക്കെ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ സാമ്പത്തിക വർഷം തന്നെ ഈ ഇനത്തിൽ 40 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 161)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിച്ച 23,76,000 രൂപയ്ക്ക് പുറമേ 10,00,000 രൂപ കൂടി അധിക തുക ലഭ്യമാക്കി ചെലവഴിച്ചിട്ടുണ്ട്. 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 10,00,000 രൂപ മാത്രമാണ് അനുവദിച്ചു കിട്ടിയത്.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-800-97—പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന

അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് സർക്കാരിന്റെ വിഹിതം നൽകാനാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. ഇപ്പോൾ പ്രതിമാസം 85 അവശ പത്രപ്രവർത്തകർക്ക് 1500 രൂപ വീതവും 116 ആശ്രിതർക്ക് 500 രൂപ വീതവും സഹായം നൽകേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നതിനാൽ ഈ ശീർഷകത്തിൽ 4,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 162)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ 7,82,000 രൂപ കൂടി അധിക തുകയായി ലഭ്യമാക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം-1993

കേരള സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ വർക്കിംഗ് ജേർണലിസ്റ്റുകളായി സേവനമനുഷ്ഠിച്ചശേഷം ജോലിയിൽനിന്നും വിരമിക്കുന്നവരുടേയും അവരുടെ കുടുംബങ്ങളുടേയും ക്ഷേമം ലക്ഷ്യമാക്കിയാണ് ഈ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളത്. പത്രപ്രവർത്തക പെൻഷൻ ഇനത്തിൽ പ്രതിമാസം 4,000 രൂപ നിരക്കിൽ 294 പേർക്കും ആശ്രിത പെൻഷൻ ഇനത്തിൽ 2,000 രൂപ നിരക്കിൽ 76 പേർക്കും പെൻഷൻ നൽകേണ്ടതുള്ളതിനാൽ ഇതിനായി അനുവദിച്ച തുക പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 95,00,000 രൂപ കൂടി അധികമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 163)

സ്വീകരിച്ച നടപടി

നടപ്പുവർഷം അനുവദിച്ച 65,00,000 രൂപയ്ക്ക് പുറമേ 1,05,47,000 രൂപ കൂടി അധിക തുകയായി അനുവദിക്കുകയും ഉപധനാഭ്യർത്ഥനയിലൂടെ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. തുക മുഴുവനും ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതി

കേരളത്തിലെ 27 പ്രഗത്ഭരായ പത്രപ്രവർത്തകർക്ക് പ്രതിമാസം 2,500 രൂപ വീതവും 21 ആശ്രിതർക്ക് 1,250 രൂപ വീതവും ഈ ശീർഷകത്തിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ട്. ഈ ഇനത്തിൽ അധികമായി 4,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 164)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതത്തിന് പുറമെ 48,800 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ലഭ്യമാക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

ശുപാർശ

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം—1999

സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്രപ്രവർത്തകർ ഒഴികെയുള്ള തസ്തികകളിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കുള്ള ക്ഷേമ പദ്ധതിയാണിത്. പ്രതിമാസം 2,500 രൂപ നിരക്കിൽ 367 പേർക്ക് പെൻഷനും 1,250 രൂപ നിരക്കിൽ 27 പേർക്ക് ആശ്രിത പെൻഷനും നൽകേണ്ടതുണ്ട്. അതിനായി അനുവദിക്കപ്പെട്ടിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് അധികമായി 93,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 165)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലേക്ക് അധികമായി വേണ്ട തുക ബന്ധപ്പെട്ട പെൻഷൻ ഫണ്ടിൽ നിന്ന് ലഭ്യമാക്കാൻ കഴിഞ്ഞതിനാൽ അധിക തുക ലഭ്യമാക്കുന്നതിന് നടപടി ഒന്നും സ്വീകരിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 21559/ബി2/2011/ഐ.പി.ആർ. തീയതി 16-7-2012)

## ധനാഭ്യർത്ഥന XXIV

ശുപാർശ

4250-00-201-94—നോർക്ക സെന്റർ കെട്ടിടം-കംപ്യൂട്ടറൈസേഷൻ (പ്ലാൻ)

നോർക്ക വകുപ്പിന്റെ കീഴിലുള്ള മറ്റ് ഓഫീസുകൾ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി നോർക്ക സെന്റർ എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2009-ൽ ആരംഭിച്ച നോർക്ക സെന്ററിന്റെ കെട്ടിട നിർമ്മാണം ഇപ്പോൾ അന്തിമഘട്ടത്തിലാണ്. 2011-2012 വർഷത്തേക്ക് അനുവദിച്ച 300 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ പണി പൂർത്തീകരിക്കുന്നതിനായി നടപ്പുവർഷം 221 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 166)

സ്വീകരിച്ച നടപടി

സ. ഉ. (സാധാ.) 1676/12/ഫിൻ. തീയതി 24-2-2012 പ്രകാരം 1,35,00,000 രൂപ അധികമായി അനുവദിച്ചിരുന്നു. കൂടാതെ 2012-2013 സാമ്പത്തിക വർഷം 1 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2289/ബി3/2012/നോർക്ക തീയതി 23-6-2012)

ശുപാർശ

2230-01-103-39—സാന്ത്വന പദ്ധതി

സാന്ത്വന പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ തുക 1 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 167)

സ്വീകരിച്ച നടപടി

2011-2012 വർഷം സാന്ത്വന പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം ലഭിക്കാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല. നടപ്പു സാമ്പത്തിക വർഷം (2012-2013) 2,70,00,000 രൂപ സാന്ത്വന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2289/ബി3/2012/നോർക്ക തീയതി 23-6-2012)

ശുപാർശ

2230-01-103-47—വിസ തട്ടിപ്പിനെതിരായ ബോധവൽക്കരണം

കേരളത്തിൽ നിന്ന് വളരെയധികം വ്യക്തികൾ വിസ തട്ടിപ്പിനിരയായി ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിഞ്ഞുവരുന്ന സാഹചര്യത്തിൽ വ്യാജ റിക്രൂട്ട്മെന്റ്, വിസതട്ടിപ്പ് എന്നിവയ്ക്കെതിരെ ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ നടത്തേണ്ടത് അത്യാവശ്യമാണ്. ഇതിലേക്കായി അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 25,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 168)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷം പദ്ധതിക്കായി അനുവദിച്ച 25 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ മാത്രമേ പദ്ധതിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയ നോർക്ക റൂട്ട്സ് ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ അധികതുക അനുവദിച്ചിട്ടില്ല. നടപ്പു സാമ്പത്തിക വർഷം (2012-2013) 40 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തി യിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2289/ബി3/2012/നോർക്ക തീയതി 23-6-2012)

ശുപാർശ

2230-01-103-54–പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡേറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ (നോൺ-പ്ലാൻ)

10-സംഭാവന

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് 1998, 2003, 2007, 2008 വർഷങ്ങളിൽ കേരള മൈഗ്രേഷൻ സർവ്വേ സ്റ്റഡി നടത്തുകയും ശാസ്ത്രീയമായി തയ്യാറാക്കിയ സ്ഥിതിവിവരക്കണക്കുകൾ അടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഗവേഷണാർത്ഥവും, സ്ഥിതിവിവരക്കണക്കുകളുടെ പൂർണ്ണതയ്ക്കും, കൂടാതെ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന 2009-ലെ കേരള മൈഗ്രേഷൻ സർവ്വേക്ക് അതീവ പ്രാധാന്യമുണ്ട്. ഇതിനായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് 30 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സർവ്വേ ഇപ്പോൾ അന്തിമഘട്ടത്തിലായതിനാൽ ബാക്കി നൽകാനുള്ള 15 ലക്ഷം രൂപ കൂടി അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഈ വർഷം ടോക്കൻ പ്രൊവിഷനായി വകയിരുത്തിയിട്ടുള്ള 1000 രൂപയ്ക്ക് പുറമേ ഈ ശീർഷകത്തിൽ 14,99,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 169)

<u>സ്വീകരിച്ച നടപടി</u>

പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡേറ്റാബേസ് തയ്യാറാക്കുന്നതിന് 2011-2012 സാമ്പത്തിക വർഷം സ. ഉ (സാധാ.) നമ്പർ 1288/12/ഫിൻ. തീയതി പ്രകാരം 15 ലക്ഷം അനുവദിച്ചിരുന്നു. പ്രസ്തുത തുക സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2289/ബി3/2012/നോർക്ക തീയതി 23-6-2012)

<u>ശുപാർശ</u>

2230-01-103-67—<u>പ്രവാസി മലയാളിക്ഷേമ വകുപ്പ്</u>

02—<u>വേതനം</u>

നോർക്ക വകുപ്പ് സെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർ തസ്തിക ദിവസവേതനാടിസ്ഥാനത്തിലാണ്. ഇപ്പോൾ ദിവസവേതന ഡ്രൈവർമാരുടെ വേതനം ദിവസം 350 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ നടപ്പുവർഷം ഈ ഇനത്തിൽ അനുവദിച്ച 79,000 രൂപ അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ അധികമായി വേണ്ടിവരുന്ന 57,000 രൂപ കൂടി നടപ്പുവർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 170)

<u>സ്വീകരിച്ച നടപടി</u>

2011-2012 സാമ്പത്തിക വർഷം സ. ഉ (സാധാ.) നമ്പർ 8432/12/ഫിൻ. തീയതി 18-11-2011 പ്രകാരം 63,000 രൂപ നോർക്ക വകുപ്പ് സെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവറുടെ വേതനം ദിവസവേതന അടിസ്ഥാനത്തിൽ വേതനം നൽകുന്നതിനായി അധികമായി അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ 1,42,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2289/ബി3/2012/നോർക്ക തീയതി 23-6-2012)

<u>ശുപാർശ</u>

2230-01-103-67-21-2—<u>മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ</u>

നോർക്ക വകുപ്പു സെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ഇപ്പോൾ നൽകിയിരിക്കുന്ന 17,000 രൂപ അപര്യാപ്തമാണ്. ഇതിലേക്ക് 15,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 171)

<u>സ്വീകരിച്ച നടപടി</u>

2011-2012 സാമ്പത്തിക വർഷം നോർക്ക വകുപ്പു സെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി സ.ഉ(സാധാ) നമ്പർ 709/12/ഫിൻ. തീയതി 25-1-2012 പ്രകാരം 15,000 രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 19,000 രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2289/ബി3/2012/നോർക്ക തീയതി 23-6-2012)

ശുപാർശ

2230-01-103-67-45—പി.ഒ.എൽ.

നോർക്ക വകുപ്പു സെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധനച്ചെലവിലേക്ക് അനുവദിച്ചിട്ടുള്ള തുക ഇന്ധന വിലയിൽ അടിക്കടി ഉണ്ടാകുന്ന വർദ്ധനവ് കാരണം അപര്യാപ്തമാണ്. ഈയിനത്തിൽ നടപ്പു സാമ്പത്തിക വർഷം 15,000 രൂപയുടെ അധികച്ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 15,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 172)

സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷം സെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന് ഇന്ധനച്ചെലവിനായി അനുവദിച്ച തുകയിൽ 42,906 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ അധിക തുക അനുവദിച്ചിട്ടില്ല. നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ 84,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2289/ബി3/2012/നോർക്ക തീയതി 23-6-2012)

ശുപാർശ

2230-01-103-38—തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം

2008, 2009 വർഷങ്ങളിൽ നിലനിന്നിരുന്ന ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങേണ്ടിവരുന്ന പ്രവാസികൾ സംസ്ഥാനത്തിനുണ്ടാക്കാവുന്ന സാമ്പത്തികവും സാമൂഹ്യവുമായ പ്രത്യാഘാതത്തെപ്പറ്റി സമഗ്രമായ ഒരു പഠനം നടത്തുന്നതിനായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ സർക്കാർ ചുമതലപ്പെടുത്തി. ഇതിനായി 28,25,000 രൂപയുടെ ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത പഠനത്തിനായി 2009-10 സാമ്പത്തിക വർഷത്തിൽ തന്നെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് 16 ലക്ഷം രൂപ നൽകുകയും ചെയ്തു. പഠനറിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് ചെലവായ 28,35,000 രൂപയിൽ 12,35,000 രൂപ നൽകാൻ ഇനിയും ബാക്കിയുണ്ട്. ഈ ബാദ്ധ്യത തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 12,34,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 173)

സ്വീകരിച്ച നടപടി

ഈയിനത്തിൽ 2011-2012 സാമ്പത്തിക വർഷം അധിക തുക അനുവദിച്ചിട്ടില്ല. സി.ഡി.എസിന് നൽകാനുള്ള തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി 2012-2013 വർഷത്തെ ബഡ്ജറ്റിൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 2289/ബി3/2012/നോർക്ക തീയതി 23-6-2012)

## ധനാഭ്യർത്ഥന നമ്പർ XXV

ശുപാർശ

2225-03-800-93—ജസ്റ്റീസ് സച്ചാർ കമ്മിറ്റി ശുപാർശ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള കമ്മിറ്റി

02—വേതനം

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക വകുപ്പിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തികയാത്തതിനാൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 174)

സ്വീകരിച്ച നടപടി

സ.ഉ. (സാധാ) നമ്പർ 9110/11/ധന. തീയതി 9-12-2011 പ്രകാരം റീഅപ്രോപ്രിയേഷൻ മുഖാന്തിരം തുക അനുവദിക്കപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യൂ1/11/പൊ.ഭ.വ. തീയതി 4-7-2012)

ശുപാർശ

05-2—വൈദ്യുതചെലവ്

വൈദ്യുതി ചെലവിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 175)

സ്വീകരിച്ച നടപടി

സ.ഉ. (സാധാ) നമ്പർ 9110/11/ധന. തീയതി 9-12-2011 പ്രകാരം റീഅപ്രോപ്രിയേഷൻ മുഖാന്തിരം തുക അനുവദിക്കപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യൂ.1/11/പൊ.ഭ.വ. തീയതി 4-7-2012)

ശുപാർശ

05-3—ടെലിഫോൺ ചാർജ്ജ്

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ 1,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 176)

സ്വീകരിച്ച നടപടി

സ.ഉ. (സാധാ) നമ്പർ 9110/11/ധന. തീയതി 9-12-2011 പ്രകാരം റീഅപ്രോപ്രിയേഷൻ മുഖാന്തിരം തുക അനുവദിക്കപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യൂ1/11/പൊ.ഭ.വ. തീയതി 4-7-2012)

ശുപാർശ

06—വാടക, കരം, നികുതി

ഈ ശീർഷകത്തിൽ 2,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 177)

സ്വീകരിച്ച നടപടി

22-6-2011-ലെ സ.ഉ. (സാധാ) നമ്പർ 5163/11/ധന. പ്രകാരം 1,00,000 രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യൂ1/11/പൊ.ഭ.വ. തീയതി 4-7-2012)

ശുപാർശ

17—മൈനർ വർക്സ്

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1,100,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 178)

സ്വീകരിച്ച നടപടി

സ.ഉ. (സാധാ) നമ്പർ 292/12/ഫിൻ. തീയതി 10-1-2012 പ്രകാരം റീഅപ്രോപ്രിയേഷൻ മുഖാന്തിരം 10,17,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യൂ1/11/പൊ.ഭ.വ. തീയതി 4-7-2012)

ശുപാർശ

34—മറ്റ് ചെലവുകൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ 5,00,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 179)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്യപ്പെട്ട വിഹിതം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യൂ1/11/പൊ.ഭ.വ. തീയതി 4-7-2012)

ശുപാർശ

2225-03-800-91—സ്കൂൾ ക്ലാസ് മുറികളുടെ നിർമ്മാണവും ലാബ് സൗകര്യങ്ങളും

65:35 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ധനസഹായമുള്ള ടി പ്രോജക്ടിന് ഒന്നാം ഗഡു കേന്ദ്ര ധനസഹായമായി 113.74 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ്

അനുവദിച്ചിട്ടുണ്ട്. ഒന്നാം ഗഡു ധനസഹായത്തിന്റെ സംസ്ഥാന വിഹിതം 61.25 ലക്ഷം രൂപയാണ്. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ 174.99 ലക്ഷം രൂപ വയനാട് ജില്ലാ കളക്ടർക്ക് ഒന്നാം ഗഡു ധനസഹായമായി അനുവദിച്ചു നൽകേണ്ട തുണ്ട്. ആയതിനാൽ ഇതിലേക്കായി 1,74,98,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 180)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത വിഹിതം സ.ഉ. (സാധാ) നം. 6234/11/ധന. തീയതി 10-8-2011, സ.ഉ. (സാധാ) നം. 9689/11/ധന. തീയതി 28/12/2011 എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യു.1/11/പൊ.ഭ.വ. തീയതി 4-7-2012)

ശുപാർശ

2225-03-800-89—മേപ്പാടി പോളിടെക്നിക് ലാബ് നവീകരണം

100% കേന്ദ്രസഹായമുള്ളതാണ് ഈ പ്രോജക്ട്. 2011-12 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. കേന്ദ്ര ധനസഹായം 1-ാം ഗഡുവായി 37.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച് നൽകേണ്ടതുണ്ട്. ആയതിനാൽ ഈ പ്രോജക്ടിനായി 37,49,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 181)

സ്വീകരിച്ച നടപടി

സ.ഉ. (സാധാ) നമ്പർ 8218/11/ധന. തീയതി 10-11-2011, സ.ഉ. (സാധാ) നമ്പർ 9198/11/ധന. തീയതി 13-12-2011 എന്നീ ഉത്തരവുകൾ പ്രകാരം 37,93,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യു.1/11/പൊ.ഭ.വ. തീയതി 4-7-2012)

ശുപാർശ

2225-03-800-90

(1) പാടിച്ചിറ കുടിവെള്ള പദ്ധതി

(2) നടവയൽ വില്ലേജ് കുടിവെള്ള പദ്ധതി

(3) പടിഞ്ഞാറെത്തറ കപ്പാടി വില്ലേജ് കുടിവെള്ള പദ്ധതി

ഈ കുടിവെള്ള പദ്ധതികൾ 75:25 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സഹായമുള്ള പദ്ധതികളാണ്. ഈ മൂന്ന് വില്ലേജുകളിലെ കുടിവെള്ള പദ്ധതി കൾക്കായി 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതികൾക്ക് അനുവദിച്ച ഒന്നാം ഗഡുവിനോടൊപ്പം സംസ്ഥാന വിഹിതം അനുവദിക്കേണ്ട ആവശ്യത്തിലേക്കായി 6,89,99,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 182)

<u>സ്വീകരിച്ച നടപടി</u>

സ.ഉ. (സാധാ) നമ്പർ 6034/11/ധന. തീയതി 3-8-2011, സ.ഉ. (സാധാ) നമ്പർ 6234/11/ധന. തീയതി 10-8-2011 സ.ഉ. (സാധാ) നമ്പർ 9689/11/ധന. തീയതി 28-12-2011 എന്നീ ഉത്തരവുകൾ പ്രകാരം 6,90,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യൂ.1/11/പൊ.ഭ.വ. തീയതി 4-7-2012.)

<u>ശുപാർശ</u>

2225-03-800-88—<u>ഐ.ടി. എനേബിൾഡ് ഡെഡിക്കേറ്റഡ് സെൽ</u>

എം.എസ്.ഡി.പി. പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നതിന് സംസ്ഥാന തലത്തിലും വയനാട് ജില്ലാ കേന്ദ്രത്തിലും ഐ.ടി. എനേബിൾഡ് ഡെഡിക്കേറ്റഡ് സെല്ലുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 10,37,800 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 183)

<u>സ്വീകരിച്ച നടപടി</u>

സ.ഉ. (സാധാ) നമ്പർ 6234/11/ധന. തീയതി 10-8-2011 പ്രകാരം 10,38,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 77559/എം.ഡബ്ല്യൂ.1/11/പൊ.ഭ.വ. തീയതി 4-7-2012.)

**ഭാഗം II**

<u>2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ഒന്നാമത് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നതിൽ ഗവൺമെന്റിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാത്ത ശുപാർശ</u>

<u>ശുപാർശ</u>

<u>ശ്രീപത്മനാഭ സ്വാമി ക്ഷേത്ര സുരക്ഷ</u>

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ ഇപ്പോൾ കണ്ടെടുത്തിട്ടുള്ള സ്വത്ത് ശേഖരം സംരക്ഷിക്കുന്നതിന് ആവശ്യമായ സുരക്ഷ ഏർപ്പെടുത്തേണ്ടതുണ്ട്. ആധുനിക സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ചെലവുകൾക്കായി 30 കോടി രൂപ പോലീസിനായി അനുവദിച്ചിട്ടുള്ള മേജർ ഹെഡിന് കീഴിൽ പ്രത്യേകമായി ശീർഷകം തുടർന്ന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

തിരുവനന്തപുരം,
2012 ജൂലൈ 23.

**ഉമ്മൻ ചാണ്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*